# Trichur Archdiocesan Bulletin TAB

ജനുവവരി
2018
വാല്യം: 85 ലക്കം: 01
ESTD:1934



മാർക്കോസ് : 1 : 9-11 (യേശുവിന്റെ ജ്ഞാനസ്നാനം)

ARCHDIOCESE OF TRICHUR




## ഫാ. ജോൺ കൊള്ളന്നൂർ

ജനനം : 15.12.1945
തിരുപ്പട്ടം: 05.01.1972
മരണം : 19.11.2017



Trichur Archdiocesan Bulletin TAB

ESTD:1934


**ജനുവരി 2018**

ലക്കം : 1 വാല്യം : 85

Imprimature
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203,
2333542 Fax : 2338205
*Email:* curiatcr@yahoo.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| കൃതജ്ഞതയും കടപ്പാടും | 04 |
| സർക്കുലർ | 08 |
| Prayer for CBCI Meeting | 09 |
| ഇടവക സ്ഥാപനഡിക്രി | 10 |
| ആദരാഞ്ജലികൾ | 15 |
| കച്ചേരികാര്യം | 17 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 22 |
| സഹായമെത്രാന്റെ പരിപാടികൾ | 24 |
| നാളാഗമം | 27 |
| നാമകരണ നടപടികൾ | 38 |
| സാമ്പത്തിക കാര്യാലയം | 32 |
| വൈദികർ | 33 |
| സന്യസ്തർ | 36 |
| പാസ്റ്ററൽ കൗൺസിൽ | 40 |
| നാമകരണനടപടികൾ | 43 |
| അതിരൂപത തീർത്ഥകേന്ദ്രം | 45 |
| മതബോധനം | 48 |
| സ്ഥാപനങ്ങൾ | 54 |
| സംഘടനകൾ | 83 |



# കൃതജ്ഞതയും കടപ്പാടും: മാർ റാഫേൽ തട്ടിൽ

സ്നേഹമുള്ള സഹോദരവൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ, നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹാശംസകൾ!

പുതുതായി രൂപീകരിച്ച ഷംഷാബാദ് (ഹൈദ്രാബാദ്) രൂപതയുടെ മെത്രാനായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ എന്നെ നിയമിച്ചതുവഴി തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ എന്റെ ശുശ്രൂഷ പര്യവസാനിക്കുകയാണ്. ഈ കത്ത് എഴുതുന്നത് നിങ്ങളോടെല്ലാവരോടും എനിക്കുള്ള കൃതജ്ഞതയും കടപ്പാടും അറിയിക്കുവാനാണ്. തൃശ്ശൂർ അതിരൂപതയിൽ വൈദികനായിട്ട് 36 വർഷങ്ങൾ പൂർത്തിയാക്കി. എന്റെ പൗരോഹിത്യ ജീവിതത്തിൽ തൃശ്ശൂർ അതിരൂപതയോടുള്ള എന്റെ ഇഷ്ടവും അടുപ്പവും മറച്ചു വയ്ക്കുന്നില്ല. ഞാൻ ഇന്ന് എന്തായി തീർന്നിട്ടുണ്ടോ അതെല്ലാം തൃശ്ശൂർ

**Mar Raphael Thattil**
Bishop Designate of
Shamshabad

അതിരൂപതയുടെ തണലിൽ നേടിയിട്ടു ള്ളതാണ്.

അഭിവന്ദ്യ കുണ്ടുകുളം പിതാവാണ് എന്നെ സെമിനാരിയിൽ എടുത്തതും എനിക്ക് കൈവയ്പിലൂടെ പൗരോഹിത്യ ത്തിന്റെ തിരുപ്പട്ടം നൽകിയതും. അദ്ദേഹത്തോടുള്ള എന്റെ അടുപ്പവും അദ്ദേഹത്തിന് എന്നോടുള്ള പിതൃ തുല്യമായ സ്നേഹവും നന്ദിയോടെ ഓർമ്മിക്കുന്നു. മേരിമാതാ മേജർ സെമിനാരി അഭിവന്ദ്യ തൂങ്കുഴിപിതാവിന്റെ വലിയ സ്വപ്നമായിരുന്നു. പിതാവ് എന്നെ വിശ്വസിച്ച് അതിന്റെ നേതൃത്വം ഏൽപ്പിച്ചത് എന്റെ വളർച്ചയുടെ വലിയ വഴിത്തിരിവാ യിരുന്നു. പിതാവിന്റെ സ്നേഹത്തിന്റെ വ്യക്തിപരതയും പെരുമാറ്റത്തിന്റെ കുലീനതയും എന്നും എന്നെ ആകർഷിച്ചിട്ടുണ്ട്. അഭിവന്ദ്യ താഴത്ത് പിതാവ് എന്നെ സംബന്ധിച്ചിടത്തോളം എന്നും ജ്യേഷ്ഠസഹോദരനായിരുന്നു. അതിരൂപതാ കച്ചേരിയിൽ ഞങ്ങൾ ദീർഘകാലം സഹപ്രവർത്തകരാ യിരുന്നു. എല്ലാ കാര്യങ്ങളിലും അദ്ദേഹം എനിക്ക് എന്നും വഴികാട്ടിയായിരുന്നു. സഹായമെത്രാനെന്ന നിലയിലും അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിലും അദ്ദേഹം എനിക്ക് നൽകിയിട്ടുള്ള പ്രോത്സാഹനം വളരെ വലുതാണ്. ഏത് കാര്യങ്ങളെ കുറിച്ചും കൃത്യമായ കാഴ്ച്ചപ്പാടും വ്യക്തമായ തീരുമാനങ്ങളും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. അദ്ദേഹത്തോട് എനിക്ക് അവസാനിക്കാത്ത കടപ്പാടുണ്ട്.

തൃശ്ശൂർ അതിരൂപതയുടെ ഏറ്റവും വലിയ ശക്തി വൈദികരുടെ ആഴമായ ആത്മാർഥതയും അവസാനിക്കാത്ത ആത്മസമർപ്പണവുമാണ്. അതിരൂപത യുടെ വളർച്ച നമ്മുടെ വൈദികരുടെ ത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തി ന്റെയും ഫലമാണ്. മാത്രമല്ല, അവരുടെ നന്മയും പെരുമാറ്റത്തിലെ ഔദാര്യവും എന്നും എന്നെ ആകർഷിച്ചിട്ടുണ്ട്. വൈദികൻ, സഹായമെത്രാൻ എന്നീ നിലകളിൽ സഹോദരവൈദികർ എനിക്ക് നൽകിയിട്ടുള്ള കരുതലും കരുത്തും ഹൃദയത്തിൽ എന്നും സൂക്ഷിക്കുന്നതാണ്. നമ്മുടെ അതി രൂപതയിൽ നിന്ന് പുതിയ മിഷനിൽ പ്രവർത്തിക്കാൻ ആഗ്രഹവും സന്മന സ്സുമുള്ള വൈദികരെ ഞാൻ സ്നേഹ പൂർവ്വം ക്ഷണിക്കുന്നു. പുതിയ ദൈവവിളികൾ കണ്ടെടുക്കുമ്പോൾ ഷംഷാബാദ് രൂപതയുടെ ആവശ്യം കൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൃശ്ശൂർ അതിരൂപതയിലെ സന്യസ്ത രുടെ കൂട്ടായ്മയും അതിരൂപതാ ശുശ്രൂഷകളിലുള്ള കൂട്ടുത്തരവാദി ത്വവും എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. അതിരൂപതയുടെ എല്ലാ ശുശ്രൂഷക ളിലും ഇവരുടെ സാന്നിദ്ധ്യവും

സഹകരണവും അനുഭവിക്കാൻ എനിക്കിടവന്നിട്ടുണ്ട്. ഇവരുടെ പ്രാർത്ഥനയും പരിത്യാഗവും എന്നും അതിരൂപതക്ക് ബലമുള്ള കോട്ടയാണ്. പുതിയ മിഷനിൽ സന്യാസഭവനങ്ങൾ ആരംഭിക്കാൻ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

പരിശീലനത്തിലിരിക്കുന്ന വൈദികവിദ്യാർത്ഥികളെയും സന്യാസിനീ–സന്യാസി അർത്ഥികളെയും അവരുടെ നിഷ്കളങ്കമായ പ്രാർത്ഥനയെയും ഓർത്ത് ഞാൻ നന്ദി പറയുന്നു. വൈദികവിദ്യാർത്ഥികൾ പുതിയ മിഷനിൽ ചേരാൻ ആഗ്രഹിക്കുന്നെങ്കിൽ അഭിവന്ദ്യ പിതാവിന്റെ അനുമതിയോടുകൂടെ നിങ്ങൾക്ക് അതിന് അവസരമുണ്ടാകും.

നമ്മുടെ അതിരൂപതയിലെ പള്ളികളും, സ്ഥാപനങ്ങളും, സംഘടനകളും, പ്രസ്ഥാനങ്ങളും എല്ലാം എനിക്ക് നൽകിയിട്ടുള്ള പിന്തുണയും പ്രോത്സാഹനവും നന്ദിനിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. എല്ലാവരോടും എന്റെ കടപ്പാടും കൃതജ്ഞതയും സ്നേഹപൂർവ്വം അറിയിക്കുന്നു. നമ്മുടെ കുടുംബങ്ങളുടെയും അത്മായരുടെയും വിശ്വാസത്തിന്റ ആഴവും സഭയോടുള്ള ആത്മാർത്ഥതയും എത്രയോ ശ്രേഷ്ഠമാണ്. അവർ എനിക്ക് വ്യക്തിപരമായി നൽകിയിട്ടുള്ള സഹായങ്ങൾ വാക്കുകൾക്കൊണ്ട് വിവരിക്കാൻ കഴിയാത്തതാണ്. എല്ലാവരോടും എനിക്ക് നന്ദിയുണ്ട്.

ഞാൻ പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് 2018 ജനുവരി 7–ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 ന് ഷംഷാബാദിൽ വച്ചാണ്. നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പാണ് മുഖ്യകാർമ്മികൻ. നമ്മുടെ എല്ലാ പിതാക്കൻമാരും തദവസരത്തിൽ സന്നിഹിതരാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിങ്ങളെ ഓരോരുത്തരെയും വ്യക്തിപരമായി ക്ഷണിക്കുന്നതായി ഇതിനാൽ നിങ്ങൾ കരുതണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റ് അസൗകര്യങ്ങൾ ഇല്ലങ്കിൽ കഴിയുന്ന എല്ലാവരും തന്നെ അന്നേ ദിവസം എന്നോടൊപ്പം ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം.

എന്റെ പുതിയ ഉത്തരവാദിത്വത്തെ കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർ സഭക്ക് ഇന്ത്യയിൽ 31 രൂപതകളാണുള്ളത്. ഷംഷാബാദ് രൂപതയുടെ അതിർത്തി സീറോ–മലബാർ സഭയുടെ നിലവിലുള്ള 30 രൂപതകളിലും പെടാത്ത ഇന്ത്യയിലെ എല്ലാ ഭൂപ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. പുതിയ രൂപതയുടെ വെല്ലുവിളി സീറോ–മലബാർ പ്രവാസികളുടെ അജപാലനശുശ്രൂഷകളോടൊപ്പം

ഭാരതത്തിന്റെ സുവിശേഷവൽക്കരണവുമാണ്. ഇന്ത്യയുടെ 23 സംസ്ഥാനങ്ങളിലായി ചിതറിക്കിടക്കുന്ന ഒരുലക്ഷത്തിഇരുപതി നായിരത്തോളം വരുന്ന സീറോ–മലബാർ സഭാമക്കളുടെ അജപാലനശുശ്രൂഷ ഇപ്പോഴും പ്രാരംഭദശയിലാണ്. ഒന്നുമില്ലായ്മയിൽനിന്ന് ഇവർക്ക് ആവശ്യമായ എല്ലാ അജപാലന സൗകര്യങ്ങളും സജ്ജമാക്കേണ്ടതുണ്ട്. നമ്മുടെ വിശ്വാസികളെ അന്വേഷിച്ച് കണ്ടെത്തുക, ആവശ്യമുള്ളിടത്ത് പള്ളികൾക്ക് സ്ഥലം വാങ്ങിക്കുക, പള്ളികൾ പണിയുക, അനുബന്ധ അജപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുക എല്ലാം ഏറെ വെല്ലുവിളികൾ നിറഞ്ഞ ദൗത്യമാണ്. അതുപോലെ തന്നെ സീറോ മലബാർ സഭക്ക് പരിശുദ്ധ പിതാവ് നൽകിയിരിക്കുന്ന ഭാരതത്തിലെ സുവിശേഷവൽകരണത്തിനുള്ള തുല്യാവകാശം ക്രിയാത്മകമായും കാര്യക്ഷമമായും ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നുള്ളതും ഭാരിച്ച ഉത്തരവാദിത്ത്വ മാണ്. എന്റെ പുതിയ ശുശ്രൂഷ ആരംഭിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ മനോഭാവം എന്നെ ബലപ്പെടുത്താൻ നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം, 'ദൈവത്തിന് ഒന്നും അസാധ്യമല്ല' (ലൂക്ക 1:37). പൗലോസ്ശ്ലീഹായ്ക്ക് ഈശോ നൽകിയ വാഗ്ദാനത്തിൽ ഞാനുറച്ച് വിശ്വസിക്കുന്നു 'നിനക്ക് എന്റെ കൃപ മതി' (2കോറി 12:9). 'എന്നെ ശക്തനാക്കുന്നവനിൽ എല്ലാം എനിക്ക് സാധിക്കും' (ഫിലി 4:13).

തൃശ്ശൂർ അതിരൂപതയുടെ പരിധി കൂടാതെയുള്ള വാത്സല്യവും ഔദാര്യവും എത്രയാണ് ഞാൻ അനുഭവിച്ചത് എന്ന് വിവരിക്കാൻ വാക്കുകളില്ല. നിങ്ങളുടെ പ്രാർത്ഥനകളും പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും എനിക്ക് ഏറെ ലഭിച്ചിട്ടുണ്ട്. തുടർന്നും നിങ്ങളുടെ കരുതലുള്ള കരം എനിക്ക് ശക്തി പകരാൻ കാരണമാകട്ടെ!

എന്നെ സംബന്ധിച്ചിടത്തോളം തൃശ്ശൂർ എനിക്കൊരിക്കലും മറക്കാൻ കഴിയാത്ത മാതൃത്വത്തിന്റെ വികാരമാണ്. നിങ്ങളും എന്നെ മറക്കില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! ഏറെ കടപ്പാടോടെ, കൃതജ്ഞതയോടെ, സ്നേഹവായ്പോടെ,

നിങ്ങളുടെ സ്വന്തം

**തട്ടിൽപിതാവ്**,

**തിരുക്കർമ്മങ്ങൾ നടക്കുന്ന സ്ഥലവും തിയതിയും**

Sunday, 7th January 2018,
9.00am

Santhom Nagar
CKP & KTR Convention Hall
Balaji Nagar, Bandangpet
Post office to Balapur Road
500 058 Telengana

Prot. No : 3763/2017/S / 08/Dec/2017

2464/2017 / 08.12.2017 C-11

# സർക്കുലർ

പ്രിയ ബഹു. വൈദീകരേ, സമർപ്പിതരേ, സഹോദരീസഹോദരൻമാരേ,

ഈ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ഓഖി ചുഴലിക്കാറ്റ് ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ച് കടലോരങ്ങളിലും ചുരുക്കം ചില ഹൈറേഞ്ച് മേഖലകളിലും, വിതച്ച ദുരന്തങ്ങളെക്കുറിച്ച് ഇതിനകം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. തിരുവനന്തപുരം, കന്യാകുമാരി തുടങ്ങിയ കടലോര പ്രദേശങ്ങളിലെ ദുരന്തകഥകൾ അനുഭവസ്ഥർ പറഞ്ഞുകേട്ടപ്പോൾ പത്ര മാധ്യമങ്ങളിൽ നിന്ന് കേട്ടറിഞ്ഞതിനേക്കാൾ വളരെ ഭയാനകമാണ് സത്യാവസ്ഥ എന്ന് മനസ്സിലായി. മത്സ്യതൊഴിലാളികളിൽ വളരെയേറെപ്പേർ മരിക്കുകയോ കാണാതാകുകയോ ചെയ്തിട്ടുണ്ട്. ഉപജീവന മാർഗ്ഗമായ ബോട്ടുകളും വള്ളങ്ങളും നഷ്ടപ്പെട്ടവരും, വീടുകൾ തകർന്നില്ലാതായവരും വളരെയേറെയാണ്. വലിയ ക്ലേശങ്ങൾ അനുഭവിക്കുന്ന അവിടുത്തെ ജനങ്ങളെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനാൽ കെ. സി. ബി. സി. ആഹ്വാനം ചെയ്തതുപ്പോലെ അടുത്ത ഞായറാഴ്ച്ച (10/12/2017) കുർബാനയോടുക്കൂടി ദുരന്തബാധിതർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും അതോടൊപ്പം അവർക്കു വേണ്ടി പ്രതേക പിരിവ് ജനങ്ങളെ അറിയിച്ച് നടത്തേണ്ടതുമാണ്. ഈ സംഖ്യ ഡിസംബർ 25ന് മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഈ സംഖ്യ ദുരന്തം അനുഭവിക്കുന്നവർക്ക് വേണ്ടി കെ. സി. ബി. സി. സാമൂഹ്യ ക്ഷേമ വിഭാഗം വഴി അയച്ചു കൊടുക്കുന്നതാണ്. ഈ സദുദ്യമത്തിൽ സഹകരിക്കുന്ന ഏവരെയും കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

NB.(ഈ സർക്കുലർ 2017 ഡിസംബർ 10 ഞായറാഴ്ച്ച ജനങ്ങളെ അറിയിക്കേണ്ടതാണ്.)

Prayer for the Success of
# General Body Meeting of Catholic Bishops of India
February 2018

God our loving Father, you have gifted your beloved Son Jesus Christ to all humans for their salvation. We believe that you are with us always, even to the end of the age through you Son Jesus. We ask you to continue to inspire the hearts and minds of your faithful through your Holy Spirit to reveal your love, mercy and peace to all people everywhere and thus to renew your creation according to your Holy Will.

May our Bishops, the shepherds of your flock in India who will be gathering for their General Body Meeting in February 2018 in Bangalore experience once again experience the mighty outpouring of the Holy Spirit in their discussions and deliberations on the chosen theme "United in Diversity for a Mission of Mercy and Witness". Assist and guide the Church in India, dear Lord through the prompting of your Holy Spirit that she may ever remain faithful to her prophetic calling to preach, witness and promote the values of Your Kingdom in our country in the midst of manifold challenges.

Mary, the Mother of the Church, we entrust the upcoming General Body Meeting of our Bishops in India to your powerful maternal protection and guidance. May this gathering be a spring time of abundant blessings of your beloved Son Jesus for a more committed, vibrant, evangelizing and participatory Church in India and for the people of our beloved country. Walk with us our dear Mother in the pilgrim journey of the Church in India towards deeper faith and courageous witness to the Gospel of your Son Jesus our Lord. Amen.

**+ Baselios Cardinal Cleemis Catholicos**
Major Archbishop of Trivandrum & President,
Catholic Bishops' Conference of India (CBCI)

Prot. No : 3380/2017/S/ABP R
11/Nov/2017
കൽപന നമ്പർ : 2314/2017 (DL 3/2017), XnbXn 11/11/2017

# ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവക സ്ഥാപനഡിക്രി

**ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് പള്ളിയുടെ**
**ബഹു. പ്രോ – വികാരിക്കും കൈക്കാരന്മാർക്കും**
**ദൈവജനത്തിനും ആശീർവാദം**

**സൂചന:**

1. ചെമ്പുക്കാവ് സ്വതന്ത്ര ഇടവകയാക്കുന്നതിനുള്ള പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ 20–11–2016 ലെ അപേക്ഷ
2. അതിരൂപതാ വൈദിക സമിതിയുടെ 13–12–2016 ലെ ശുപാർശ.
3. ചെമ്പുക്കാവ് ഇടവകാതിർത്തി മാപ്പും പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ റിപ്പോർട്ടും (03.08.2017)
4. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് 13–09–2017 ലെ പരസ്യപ്പെടുത്തൽ.
5. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് അതതു ഇടവകകളിൽ പരസ്യപ്പെടുത്തിയതിനുശേഷം ലൂർദ്ദ് ഇടവക (25.09.2017), വിയ്യൂർ (20.09.2017), തൃശ്ശൂർ ബസിലിക്ക (22.09.2017), വില്ലടം (20.09.2017 പുങ്കുന്നം (22.09.2017), നെല്ലങ്കര (27.09.2017), ചേറൂർ–വിജയപുരം (27.10.2017) എന്നീ ഇടവകകളുടെ വികാരിമാരുടെ റിപ്പോർട്ടുകൾ.
6. ചെമ്പുക്കാവ് പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ 17–10–2017ലെ റിപ്പോർട്ട്.
7. അതിരൂപതാ ആലോചനസമിതിയുടെ 03–11–2017 ശിപാർശ (76/2017).
8. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് അതിർത്തിനിർണ്ണയകമ്മറ്റിയുടെ 02–11–2017 ലെ ശുപാർശ.
9. അതിരൂപതാകാര്യലയത്തിൽ അതിരൂപതാദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ 09–11–2017നു തൃശ്ശൂർ ലൂർദ്ദ് വികാരി, ചേറൂർ–വിജയപുരം വികാരി, ചെമ്പുക്കാവ് പ്രീസ്റ്റ്–ഇൻ–ചാർജ്ജ് എന്നിവർ നടത്തിയ ചർച്ച.

മേൽസൂചനകളുടെ വെളിച്ചത്തിൽ, ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് കുരിശുപള്ളിയെ കേന്ദ്രീകരിച്ച് താഴെ പറയുന്ന അതിർത്തിയിലുള്ള (ലൂർദ്ദ് കത്തീഡ്രൽ ഇടവകയുടെ ഭാഗമായിരുന്ന ജറുസലെം മേഖല, ചേറൂർ–വിജയപുരം ഇടവകയുടെ ഭാഗമായിരുന്ന സെന്റ് തോമസ്, സേക്രഡ് ഹാർട്ട്, സെന്റ് ജൂഡ് എന്നീ മൂന്ന് കുടുംബകൂട്ടായ്മ യൂണിറ്റുകൾ) സീറോ മലബാർ കത്തോലിക്കാസമൂഹത്തെ 2017 നവംബർ മാസം 13–ാം തീയതി, ഒരു ക്വാസി ഇടവകയായും, ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് കുരിശുപള്ളിയെ ഈ ക്വാസി ഇടവകയുടെ ഇടവകപ്പള്ളിയായും പ്രഖ്യാപിക്കുന്നു. ഈ ക്വാസി ഇടവകയുടെ പേര് ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവക എന്നായിരിക്കും.

**ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവകയുടെ അതിർത്തികൾ താഴെ പറയുന്നവയാണ്.**

**വടക്ക് :** പൂങ്കുന്നത്തു നിന്ന് വിയ്യൂർക്കുള്ള വഴിയും, അശ്വനി ജംഗ്ഷനിൽ നിന്ന് വിയ്യൂർക്കുള്ള വഴിയും സന്ധിക്കുന്ന പെരിങ്ങാവ് ജംഗ്ഷനിൽ (ഹോട്ടൽ മധുര) നിന്ന് കിഴക്കോട്ട് പോകുന്ന റോഡിന്റെ ഇരുവശവും (ഈ റോഡിന്റെ നടുവിൽ വടക്കേ അറ്റത്തുള്ള തോട് അതിർത്തിയാക്കി മരപ്പാലം വരെയും – താണിക്കുടം തോടിന്റെ തെക്കുഭാഗത്തെ വീടുകൾ ഇതിൽ ഉൾപ്പെടുന്ന വിധത്തിൽ) പെരിങ്ങാവ് സെന്ററിൽ എത്തിച്ചേരുന്നു. തുടർന്ന് വരുന്ന താണിക്കുടം വലിയ തോട് അതിർത്തിയാക്കി, താണിക്കുടം തോടിന്റെ തെക്കുഭാഗം മാത്രം എടുത്ത് അരിവാൾപ്പാലം തോട് ചേർന്ന് (ഇതിന്റെ വടക്കുഭാഗം ചേറൂർ ഇടവക) പാറത്തോട് വരെ എത്തിച്ചേരുന്നു. അല്പം മുന്നോട്ടു നീങ്ങി കല്ലടിമൂലയിൽ വന്ന് അവസാനിക്കുന്നിടത്ത്, കുണ്ടുവാറ റോഡ് ആരംഭിക്കുന്ന സ്ഥലത്തുള്ള ട്രാൻസ്ഫോമർ വരെ ചെമ്പുക്കാവിന്റെ വടക്ക് അതിർത്തി. (തുരുത്ത് റോഡിന്റെ ഇരുഭാഗവും ചേർത്ത് ചീപ്പ് പാലം വരെ ചേറൂരിന്റെ അതിർത്തിയും തുടർന്ന് വില്ലടം ഇടവകയുമാണ്. ഇരിക്കാവ് പാടം ചീപ്പ് പാലത്തിൽ സന്ധിക്കുന്ന കൊക്രച്ചാലു വരെ പടിഞ്ഞാറേ ഭാഗം ചെമ്പുക്കാവിന്റേതും കിഴക്കേ ഭാഗം നെല്ലങ്കര ഇടവകയുടേതുമാണ്).

**കിഴക്ക് :** കല്ലടിമൂലയിൽ നിന്ന് കുണ്ടുവാറ റോഡ് ആരംഭിക്കുന്ന സ്ഥലത്തുള്ള ട്രാൻസ്ഫോമർ തുടങ്ങി ചെമ്പുക്കാവിലേക്കുള്ള വഴിയുടെ ഇരുഭാഗവും ചെമ്പുക്കാവ് ഇടവകാതിർത്തിയിൽ പെടുന്നതാണ്. മേൽപ്പറഞ്ഞ തുരുത്ത്/ഇരിക്കാവ് പാടം മൂലയിൽ നിന്ന് തെക്കോട്ട് നീങ്ങി ഇലക്ട്രിക് പോസ്റ്റ് നമ്പർ RVP/MKM/54/R-18ൽ നിന്നും പോസ്റ്റ് നമ്പർ RVP/KAV/39/R-15, 16, 17 എത്തുന്ന എയർഡിസ്റ്റൻസ്. ഇരിക്കാവ് പാടത്തിന്റെ ഓരം കൂടി കുറുപ്പാൽ തോട് സന്ധിക്കുന്ന കുണ്ടുവാറ തോടിന്റെ പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെ

ടുത്തി (മറുവശം നെല്ലങ്കര ഇടവക) മുന്നോട്ടു നീങ്ങി കുണ്ടുവാറ പാലം വരെ എത്തി നില്ക്കുന്നു. കുണ്ടുവാറ പാലം മുതൽ പെൻഷൻമൂല വരെ റോഡിന്റെ ഇരുഭാഗവും ചെമ്പുക്കാവിന്റെ കിഴക്കേ അതിർത്തിയിൽപ്പെടുന്നു. ഈ പാടത്ത് റോഡ് വരികയാണെങ്കിൽ പുതിയതായി നിർമ്മിക്കപ്പെടുന്ന വീടുകൾ നെല്ലങ്കര ഇടവകയിലായിരിക്കും ഉൾപ്പെടുക.

**തെക്ക് :** കിഴക്കേ കോട്ടയിൽ നിന്ന് വടക്കോട്ടു മാറി ബിഷപ്സ് ഹൗസ് കൂടി കടന്നു വരുന്ന റോഡ് എത്തിനിൽക്കുന്ന പെൻഷൻമൂല മുതൽ ചെമ്പുക്കാവ് തെക്കെ അതിർത്തി ആരംഭിക്കുന്നു. മൃഗശാല റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി ചെമ്പുക്കാവ് സെന്ററിൽ ടൗൺ ഹാളിന്റെ വടക്കേവശം കൂടി പാലസ് മൂലയിൽ എത്തുന്ന ചെമ്പുക്കാവ് പള്ളിയുടെ തെക്ക് ഭാഗം.

**പടിഞ്ഞാറ് :** പടിഞ്ഞാറ് പാലസ് റോഡ് ജംഗ്ഷൻ – സംഗീത നാടക അക്കാദമി – കെ. ടി. ഡി. സി. വഴി അശ്വനി ജംഗ്ഷനിലേക്കുള്ള വഴിയിൽ (വടക്കേ സ്റ്റാന്റിലേക്ക് ഇറങ്ങുന്ന വഴിയിലെ വീടുകൾ തൃശ്ശൂർ പുത്തൻപള്ളിയുടേതാണ്). പടിഞ്ഞാറോട്ട് പാലസ് റോഡ് എത്തിചേരുന്ന ജംഗ്ഷൻ കടന്ന് രാമനിലയവും മുൻസിപ്പൽ സ്റ്റേഡിയവും പിന്നിടുന്ന വഴി (നിലവിൽ ഇവിടെ ഇരുവശവും കത്തോലിക്കാ കുടുംബങ്ങൾ ഇല്ല) ചെറുമുക്ക് സെന്റർ (ഗാന്ധിമന്ദിരം) കൂടി അശ്വനി സെന്ററിൽ എത്തിചേരുന്ന വഴിയുടെ ഇരുവശവും ചെമ്പുക്കാവ് പള്ളിയുടെ കീഴിലുള്ള അതിർത്തികളായിരിക്കും. തുടർന്ന് കോലോത്തുംപാടം വഴി വടക്കോട്ടു നീങ്ങി ദൃശ്യം ഐകെയർ – കല്യാൺ സാരീസ് – തൃശ്ശൂർ ജില്ലാ സഹകരണ സൊസൈറ്റി റോഡ് എന്നിവയുടെ കിഴക്കേഭാഗം മാത്രം ഉൾപ്പെടുത്തി പെരിങ്ങാവ് ജംഗ്ഷനിൽ എത്തിചേരുന്നതും, പൂങ്കുന്നം റോഡ് വന്ന് മുട്ടി നില്ക്കുന്നതുമായ പടിഞ്ഞാറ് ഭാഗം (ടി. റോഡിന്റെ പടിഞ്ഞാറ് ഭാഗം പൂങ്കുന്നം ഇടവകാതിർത്തി).

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ക്വാസി ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ക്വാസി ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഉണ്ടാക്കി ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു നല്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

കല്പനയായി നല്കുന്നു. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2017 നവംബർ 13–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭ യുടെ ചൈതന്യത്തിൽ (അപ്പ. 2–4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രിസ്തുവിശ്വാ സികളുടെ സ്നേഹസമൂഹമാക്കി ക്വാസി ഇടവകയെ പരിപോഷിപ്പിക്കു വാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2017 നവംബർ മാസം 11–ാം തീയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത*

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
*ചാൻസലർ*

കോപ്പി:
1. ഫൊറോനവികാരി, ലൂർദ്ദ് കത്തീഡ്രൽ
2. വികാരി, ബസിലിക്ക ഇടവക
3. വികാരി, പൂങ്കുന്നം ഇടവക
4. വികാരി, ചേറൂർ– വിജയപുരം ഇടവക
5. വികാരി, നെല്ലങ്കര ഇടവക
6. വികാരി, വില്ലടം ഇടവക
7. വികാരി, വിയ്യൂർ ഇടവക

*N.B. ഈ കല്പന 2017 നവംബർ 13നോ, അടുത്തവരുന്ന ഞായറാഴ്ച്ചയോ ചെമ്പുക്കാവ്, തൃശ്ശൂർ ലൂർദ്ദ്, ചേറൂർ(വിജയപുരം) പള്ളികളിൽ വായിക്കേണ്ട താണ്*

## ചെമ്പുക്കാവ് ക്വാസി ഇടവക, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ–വിജയപുരം ഇടവകകളുടെ ബഹു. വികാരിയ ച്ചന്മാർക്കും കൈക്കാരന്മാർക്കും ദൈവജനത്തിനും ആശീർവാദം

ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് പള്ളിയെ കേന്ദ്രീകരിച്ചുള്ള സീറോ മല ബാർ കത്തോലിക്കസമൂഹത്തെ 2017 നവംബർ മാസം 13–ാം തീയതി മുതൽ ക്വാസി ഇടവകയായി ഉയർത്തുന്നതോടനുബന്ധിച്ച് താഴെ പറ യുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവക ലൂർദ്ദ് ഫൊറോന യുടെ ഭാഗമായിരിക്കും.
2. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേ രിയുണ്ടാകുന്നതുവരെ ചെമ്പുക്കാവ് ഇടവകാംഗങ്ങളുടെ മൃതസം സ്കാരത്തിന് മാതൃഇടവകകളായ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ

(വിജയപുരം) ഇടവകകളുടെ സെമിത്തേരികൾ ഉപയോഗിക്കാൻ അവകാശം ഉണ്ടായിരിക്കും. ടി. സെമിത്തേരികളിൽ സ്ഥിരം കല്ലറ, കുടുംബ കല്ലറ എന്നിവയുള്ള ചെമ്പുക്കാവ് ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവകാംഗങ്ങളുടെ മൃതസംസ്കാരം ലൂർദ്ദ് കത്തീഡ്രൽ ചേറൂർ എന്നീ പള്ളികളുടെ സെമിത്തേരികളിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം ചെമ്പുക്കാവ് പള്ളിയിലോ, മാതൃ ഇടവകപ്പള്ളിയിലോ നടത്താവുന്നതാണ് (ചെമ്പുക്കാവ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം)


3. ചെമ്പുക്കാവ് ക്വാസി ഇടവക തിരിയുമ്പോൾ മാതൃ ഇടവകകളായ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ എന്നീ ഇടവകകളിൽ നിന്നും നൽകേണ്ട വിഹിതത്തെ സംബന്ധിച്ച് ബഹു. ലൂർദ്ദ് വികാരിയും ചേറൂർ വികാരിയും ടി. ഇടവകകളിലെ കൈക്കാരന്മാരും ചേർന്ന് അതിരൂപത കാര്യാലയത്തിൽ രണ്ടു മാസത്തിനുള്ളിൽ യോഗം ചേർന്ന് തീരുമാനമെടുക്കേണ്ടതാണ്.
4. പുതിയ ക്വാസി ഇടവകയുടെ പ്രഥമ പ്രോ–വികാരിയായി ഇഞ്ചോടിക്കാരൻ ബഹു. ജെയിംസ് അച്ചനെ നിയമിച്ചിരിക്കുന്നു. പ്രോ–വികാരി എന്ന നിലയിൽ തനിക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അധികാര പരിധിക്കുള്ളിൽ വികാരിക്കടുത്ത അധികാരങ്ങളും ആനുകൂല്യങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.
5. നിലവിൽ മാതൃഇടവകകളിൽ കൈക്കാരൻ, കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ തുടങ്ങിയ പ്രധാന ഭാരവാഹിത്വം വഹിക്കുന്ന വ്യക്തികൾ ഉണ്ടെങ്കിൽ അവർക്ക് മൂന്ന് മാസം വരെ (മറിച്ചു നിശ്ചയിക്കുന്നില്ലെങ്കിൽ) തുടരാവുന്നതാണ്.
6. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2017 നവംബർ മാസം 13–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2017 നവംബർ മാസം 11–ാം തീയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത*

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
*ചാൻസലർ*

ആദരാഞ്ജലികൾ!!!



## റവ. ഫാ. ജോൺ കൊള്ളന്നൂർ (72)

15.12.1945 – 19.11.2017

തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജോൺ കൊള്ളന്നൂർ (72) 2017 നവംബർ 19ന് ഞായർ രാത്രി 8.20ന് നിര്യാതനായി.

അരിമ്പൂർ ഇടവകയിലെ കൊള്ളന്നൂർ ലാസർ + മറിയം ദമ്പതികളുടെ മകനായി 1945 ഡിസംബർ 15ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പസ്റ്റോലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1972 ജനുവരി 5ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

മുണ്ടൂർ ഇടവകയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം അന്തിക്കാട്, പാലക്കൽ, അയ്യന്തോൾ, ഏങ്ങണ്ടിയൂർ, ചേർപ്പ്, പോന്നോർ, എടക്കളത്തൂർ, നിർമ്മലപുരം, പനമുക്ക്, കടങ്ങോട്, പാത്രമംഗലം, വേലൂപ്പാടം, നെല്ലിക്കുന്ന്, കോട്ടപ്പടി,

കുട്ടംകുളം, കിഴക്കേ കല്ലൂർ, മരത്താക്കര എന്നീ പള്ളികളിൽ വികാരിയായും എരുമപ്പെട്ടി, വേലൂർ എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും എറവ്, കണ്ണംകുളങ്ങര, എരനെല്ലൂർ, പല്ലിശ്ശേരി, പൊന്നൂക്കര എന്നീ പള്ളികളിൽ നടത്തുവികാരിയായും സേവനം ചെയ്തു. എരുമപ്പെട്ടി, വേലൂർ, കോട്ടപ്പടി, കിഴക്കേ കല്ലൂർ, ഏങ്ങണ്ടിയൂർ, വേലൂപ്പാടം, പോന്നോർ, മരത്താക്കര, പല്ലിശ്ശേരി എന്നിവിടങ്ങളിൽ സ്ക്കൂൾ മാനേജരായും സി.എൽ.സി., കെ.സി.എസ്.എൽ. എന്നീ സംഘടനകളുടെ അതിരൂപതാ ഡയറക്ടറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയിട്ടുള്ള അദ്ദേഹം നല്ലൊരു അദ്ധ്യാപകനും ഗായകനും സംഘാടകനുമായിരുന്നു. 2010 മുതൽ അദ്ദേഹം അമേരിക്കയിൽ അജപാലന ശുശ്രൂഷ നടത്തുകയായിരുന്നു.

മൃതദേഹം 2017 നവംബർ 20ന് ഉച്ചകഴിഞ്ഞ് 5 മണിക്ക് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ പ്രാർത്ഥനക്കുശേഷം അരിമ്പൂരിലെ സഹോദരവസതിയിലേക്കു കൊണ്ടുപോയി പൊതുദർശനത്തിന് വച്ചു. 2017 നവംബർ 21ന് ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം അരിമ്പൂരിലെ സഹോദരവസതിയിൽ നിന്ന് ആരംഭിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവായിരുന്നു മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന്റെ മുഖ്യകാർമ്മികൻ. തുടർന്ന് മൃതദേഹം ദൈവാലയത്തിലേക്കു കൊണ്ടുപോയി. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികനായിരുന്നു. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് അനുസ്മരണസന്ദേശം നൽകി. മൃതസംസ്കാരശുശ്രൂഷയുടെ നാലാം ഭാഗത്തിന് മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

**കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അധ്വാനിച്ച്**
**നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട**
**കൊള്ളന്നൂർ ബഹു. ജോണച്ചന്**
**തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ**
**ആദരാഞ്ജലികൾ!!!**

# കച്ചേരി

## വാർത്തകൾ

### ഓർമിക്കേണ്ട ദിവസങ്ങൾ

ജനുവരി 2018

1 വർഷാരംഭം
നമ്മുടെ കർത്താവിന്റെ നാമകരണം
3 വി. ചാവറ കുരിയാക്കോസ് ഏലീയാസ്
5 ആദ്യവെള്ളി
ദൈവമാതൃത്വതിരുനാൾ
6 **ന. കർത്താവിന്റെ പ്രത്യക്ഷവത്കരണതിരുനാൾ (ദനഹാതിരുനാൾ)**
7 **ദനഹാ ഒന്നാം ഞായർ**
12 വി. യോഹന്നാൻ മാംദ്ദാന
14 **ദനഹാ രണ്ടാം ഞായർ**
18 സഭൈക്യവാരം ആരംഭം
20 വി.സെബസ്ത്യാനോസ്
21 **ദനഹാ മൂന്നാം ഞായർ**
22 മൂന്നു നോമ്പ് ആരംഭം
24 വി. ഫ്രാൻസിസ് സാലസ്
25 വി.പൗലോസിന്റെ മാനസാന്തരം
26 വി. തിമോത്തിയും തീത്തൂസും
വി. സുവിശേഷകന്മാർ
28 വി.തോമസ് അക്വീനാസ്
29 **ദനഹാ നാലാം ഞായർ**
31 വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

05 : 07:30 pm സാമ്പത്തിക സമിതിയോഗം
15–17 : നവവൈദികർക്കുള്ള ക്ലാസ്സ്
25 : 10:30 am ആലോചനസമിതിയോഗം
26 : റിപ്പബ്ലിക് ദിനം, മതബോധന സർവ്വീസ് അവാർഡ്
31 : വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും

**3. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3 :7).

ജനുവരി 6–ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി'പെരുനാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുനാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുനാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക–ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്.

**4. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെ കുറിച്ചുള്ള അഭിവന്ദ്യപിതാവിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2017ലെ സംഭാവന കവറുകളും എല്ലാ വീടുകളിലും കത്തോലിക്കാസഭപത്രത്തോടൊപ്പം എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2018 ജനുവരി 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**5. സമർപ്പിതരുടെ ജൂബിലി :**

2017 നവംബറിൽ നടത്തേണ്ടിയിരുന്ന അതിരൂപതയിലെ സമർപ്പിതരുടെ ജൂബിലിയാഘോഷം 2018 ജനുവരി 27 നടത്തപ്പെടുന്നു.

**6. വലിയ നോമ്പ് :**

2018 ഫെബ്രുവരി 11 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

| | |
|---|---|
| 12.02.2018 : | വിഭൂതി തിങ്കൾ : ഉപവാസദിനം |
| 13.02.2018 : | വൈദിക മാസധ്യാനം |
| 18.03.2018 : | പാലയൂർ മഹാതീർത്ഥാടനം |
| 25.03.2018 : | ഓശാന ഞായർ |
| 26.03.2018 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 29.03.2018 : | പെസഹാവ്യാഴം |
| 30.03.2018 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 01.04.2018 : | ഉയിർപ്പ് തിരുനാൾ |

**7. വിവാഹാഘോഷം മുടക്ക് :**

2018 ഫെബ്രുവരി 11 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**8. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2018 ജനുവരി 31ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2018നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 7-ാം തീയതിയായിരിക്കും സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**9. പാലയൂർ മഹാതീർത്ഥാടനം :**

2018 മാർച്ച് 18-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ

ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**10. വൈദികരുടെ നിയമനം :**

1. ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ : പഠനാവധി രണ്ടുവർഷം; വികാരി വടക്കൻ പുതുക്കാട് & കപ്ലോൻ സി. എസ്. സി. മുല്ലശ്ശേരി ഒഴിവായി; സാധുത 2017 നവംബർ 6 മുതൽ.
2. ഫാ. റിജോ വിതയത്തിൽ : നടത്തുവികാരി വടക്കൻ പുതുക്കാട് & കപ്ലോൻ സി. എസ്. സി. മുല്ലശ്ശേരി; സാധുത 2017 നവംബർ 6 മുതൽ.
3. ഫാ. ഡിജോ ഒലക്കേങ്കിൽ : സഹായി അതിരൂപത അസംബ്ലി സെക്രട്ടേറിയറ്റ്; സാധുത 2017 നവംബർ 13 മുതൽ.
4. ഫാ. ജിമ്മി കൂട്ടിയാനിക്കൽ MSJ : സഹായി അരിമ്പൂർ ഒഴിവായി; സാധുത 2017 നവംബർ 17 മുതൽ.
5. ഫാ. ജോബിൻസ് തൈപറമ്പിൽ MSJ : സഹായി അരിമ്പൂർ; സാധുത 2017 നവംബർ 17 മുതൽ.
6. ഫാ. വിൽസൺ കണ്ണനായ്ക്കൽ : കപ്ലോൻ ഒല്ലൂക്കര ഒ. പി.; സാധുത 2017 നവംബർ 13 മുതൽ.
7. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ : ആലോചനസമിതിയംഗംകൂടി; സാധുത 2017 നവംബർ 29 മുതൽ.

**13. പ്രത്യേക നിയമനങ്ങൾ :**

**1. കൈക്കാരന്മാർ** :

| | |
|---|---|
| കണ്ടാണശ്ശേരി | വാഴപ്പിള്ളി ലൂവീസ് സുനിൽ |
| | ചൊവ്വല്ലൂർ ലൂവീസ് ഫ്രാൻസിസ് |
| | പുലിക്കോട്ടിൽ അന്തോണി സണ്ണി |
| മറ്റം | കാക്കശ്ശേരി കൊച്ചുമാത്തു ജോസ് മാത്യു |
| | കണ്ണനായ്ക്കൽ തോമ ഇനാശു |
| | കെ. എ. തോമസ് |
| | മുളക്കൽ കുഞ്ഞുവറീത് വർഗ്ഗീസ് |
| നമ്പഴിക്കാട് (മറ്റം) | ചിറമ്മേൽ ലോനപ്പൻ ഫ്രാൻസിസ് |
| | ചിറമ്മേൽ തോമ ജെയിംസ് |
| തണ്ടിലം | കുറ്റിക്കാട്ട് ലാസർ അന്തോണി |
| | ചിരിയങ്കണ്ടത്ത് വർഗ്ഗീസ് റെന്നി |
| | മണലിൽ ബാബു അഖിൽ |
| കുറുവന്നൂർ (തണ്ടിലം) | അന്തിക്കാട്ട് ഫ്രാൻസിസ് ജീനു |
| | അന്തിക്കാട്ട് ജോസ് സിജോ |

**2. ഹെൽത്ത് കെയർ സൊസൈറ്റി - നോമിനേറ്റഡ് അംഗങ്ങൾ**

1. ഫാ. പോൾ പേരാമംഗലത്ത്
2. വി. എം. സെബാസ്റ്റ്യൻ
3. സി. ജെ. മാത്യു

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ-സിഞ്ചെല്ലൂസ്

## ഇടവക ദൈവവിളി ക്യാമ്പുകൾ

മൈനർ സെമിനാരിയുടെ നേതൃത്വത്തിൽ ഡിഗ്രി പഠിക്കുന്ന വൈദീകവിദ്യാർത്ഥികളെ ഉൾപ്പെടുത്തി 8 മുതൽ 12 ക്ലാസ്സു വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ ദൈവവിളികളെ വ്യതിരിക്തതയോടെ വിവേചിച്ചറിയുവാനും, വളർത്തുവാനും സഹായകരമാകുന്ന രീതിയിൽ നിങ്ങളുടെ ഇടവകകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ടീമുകളെ ഒരുക്കിയിട്ടുണ്ട്. സമയം 2 മണിക്കൂർ (10 മുതൽ – 12 മണിവരെ അല്ലെങ്കിൽ 2 മുതൽ – 4 മണിവരെ) ഞായറാഴ്ച ദിവസങ്ങളാണ് അഭികാമ്യം, വീഡിയോ ഓഡിയോ സഹായത്തോടെയാണ് ക്ലാസ്സുകൾ ഒരുക്കിയിരിക്കുന്നത്, അതിന് സഹായകരമാകുന്ന തരത്തിൽ സാഹചര്യങ്ങൾ ഒരുക്കുമല്ലോ! കൂടുതൽ വിവരങ്ങൾക്ക് മൈനർ സെമിനാരിയുമായി ബന്ധപ്പെടുക.

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | | |
| 02 | Tue | Morning | Curia Meeting; Priestly Ordination at Nadndipulam (N) - Dn Tinu Nadumbakkaran |
| | | Noon | Thrissur Teacher's Guild |
| 03 | Wed | | Engaged |
| 04 | Thu | Morning | For Priests and Religious Vestition- SLMI at Karumathra |
| 05 | Fri | Morning | Curia Meeting ; For the People |
| | | Afternoon | CHF Convent Blessing at Mannuthy |
| 06 | Sat | | To Hyderabad |
| **07** | **Sun** | | Installation of Mar Raphael Thattil as First Bishop of Samshabad |
| 08-13 | | | Syro-Malabar Bishops' Synod |
| **14** | **Sun** | Morning | KCYM- Rev. Fr. Thomas Thalachira Memorial Meeting at Cherumkuzhi |
| 15 | Mon | Morning | 5th Child Baptism and Holy Mass at Parannur; New priests' Live & Learn Programme |
| | | Evening | JMMC Trust Meeting |

| | | | |
|---|---|---|---|
| 16 | Tue | Morning | Curia Meeting, New priests' Live & Learn Programme; Holy Mass & Meeting with New Priests at DBCLC |
| 17 | Wed | Morning | New priests' Live & Learn Programme, Asakiranam Thrissur Cluster Volunteers' Meet at DBCLC |
| 18 | Thu | Morning | Engaged |
| | | Evening | Holy Mass at SDV Convent, Mannuthy |
| 19 | Fri | Morning | Curia Meeting; For the People |
| | | | Holy Mass at Navajyothi provincial House |
| 20 | Sat | Morning | Jubilee Celebration-Assisi prov. &Holy Mass at Guruvayur LF Collage |
| | | Evening | AKCC meeting at DBCLC |
| **21** | **Sun** | | |
| 22 | Mon | Morning | For Priests and Religious; Preshitharam Convent Blessing at Marathakkara |
| | | Evening | Buon Natale – Donating a House at Puthur |
| 23 | Tue | Morning | Curia Meeting; Engaged |
| 24 | Wed | | |
| 25 | Thu | Morning | Consulters' Meet; 5$^{th}$ Child Baptism at Mandoor |
| 26 | Fri | Morning | Curia Meeting; Catechism Service Award at DBCLC; Regenal Abayam & Santibhavan palliative car Inaguration |
| 27 | Sat | Morning | Religious Jubilee |
| | | Evening | St. Anne's Institute Anniversary |
| **28** | **Sun** | Evening | Programme at Parempadam Jubilee Holy Mass at Kundukad |
| 29 | Mon | | |
| 30 | Tue | | Curia Meeting |
| 31 | Wed | | Priests' Conference & New Priests's Day |
| | | Evening | To Bangalore |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2018

| | | | |
|---|---|---|---|
| 1 | Mon | Morning | St Ann's Church, *Pathira* Qurbana, Eyyal, *Thirunnal* Qurbana |
| | | Evening | Mapranam, Ordination *Anumodanam* |
| 2 | Tue | Morning | Curia Meeting |
| | | Evening | Nanthipulam, Ordination *Anumodanam, Idavakadinaghosham* |
| 3 | Wed | Morning | Kuriachira, Marriage Blessing |
| | | Evening | Kallur East, *Thirunnal Kodiyettam* Qurbana |
| 4 | Thu | Morning | Pazhayannoor, Qurbana Grotto Blessing, Mayannur School-Annual day |
| | | Evening | Kokkala St.Augustine School Annual day |
| 5 | Fri | Morning | Alagappa Holy Mass , Curia Meeting, Velupadam School Annual day |
| | | Evening | Thirunal Qurbana, Eravu |
| 6 | Sat | Morning | Pravattani, *Novena* Qurbana |
| **7** | **Sun** | | Installation Bp . Raphael Thattil at Shamshabad |
| 8-13 | | | Synod of Bishops |
| **14** | **Sun** | Morning | Mullakkara, *Ettamidam* Qurbana, Marathamkode, Holy Mass |
| | | Evening | Kannara, Parish Jubilee Qurbana |

| | | | |
|---|---|---|---|
| 15 | Mon | Morning | Class for New Priests, |
| | | | Kadangode, *Thirunal* Qurbana |
| 16 | Tue | Morning | Curia Meeting |
| | | Afternoon | St. Clare's, Annual Day Celebration |
| | | Evening | Mannuthi Vocationist Sisters, Qurbana |
| 17 | Wed | Morning | Mass, Class to New Priests, Class in Seminary, Thope, Higher SecondarySchool, Annual Day |
| | | Evening | Pongannamkad, St. Elizabeth CBSE School Annual Day |
| 18 | Thu | Morning | Thruvilwamala Gurukulam, Mass, Mullurkkara - Mass |
| | | Afternoon | Mannuthy, Samaritans Sisters |
| | | Evening | Vijayapuram, Qurbana |
| 19 | Fri | Morning | Minor Seminary, Qurbana, Engaged |
| | | | Prayer, Curia Meeting |
| | | Afternoon | Holy Angels' School Ollur, Anniversary |
| | | Evening | Arthat, Holy Cross CBSE School 19th Annual Day Presidential Address |
| 20 | Sat | Morning | Vaka, *Thirunaal* Qurbana |
| | | | Arimpur, Qurbana |
| | | Afternoon | Kachery, Jubilee College of Nursing |
| | | Evening | Kuriachira, St. Paul's English Medium School- Solar Unit Blessing |
| **21** | **Sun** | Morning | Ayyanthole, Qurbana, |
| | | | Puthur, *Thirunal* Qurbana |
| | | Evening | Ellanad, St . Ann's Qurbana *Idavakadinam*, *Mathabodhanadinam* |
| 22 | Mon | Morning | Class in Seminary |
| | | Evening | Aloor, Silver Jubilee Beginning- Meeting Inauguration |
| 23 | Tue | Morning | Curia Meeting, Engaged- Prayer |
| | | Evening | Vailathur, Sacred Heart Convent LP School , MMB Kalasandhya |

| | | | |
|---|---|---|---|
| 24 | Wed | Morning | Class in Seminary |
| | | Evening | Cheroor, St. Joseph Special School Anniversary, St . Ann's ICSE School, Kuttur , Ladies Centre, Golden Jubilee |
| 25 | Thu | Morning | Marottichal, *Thirunal* Qurbana, Class in Seminary, Consultor Meeting |
| | | Afternoon | Thiroor, St . Thomas School, Retirement, Anniversary |
| | | Evening | Thiruthiparambu, Auxilium School Annual Day |
| 26 | Fri | Morning | Curia Meeting, Koonamuchi, Mass |
| | | Afternoon | Mathabodhana Service Award, Missionaries meet –POC |
| | | Evening | Thrikkoor *Kapela Blessing*, Qurbana |
| 27 | Sat | Morning | Children's Ministry Prize Distribution, DBCLC |
| | | Afternoon | LF College Mammiyoor, College Day |
| | | Evening | Anjoor, Qurbana, *Idavakadinam*, Mukkattukkara, School, Anniversary |
| **28** | **Sun** | Morning | Bharatha, *Thirunal* Qurbana, *(Prasudentivazhcha)*, Mala, St . Slaus Church, *Thirunaal* Qurbana |
| | | Evening | Kundukad, Golden jubilee Qurbana |
| 29 | Mon | Morning | Class in Seminary |
| | | Evening | Thrppunithara St . Mary;s *Kodiyettam* |
| 30 | Tue | Morning | Curia Meeting, Class in Seminary |
| 31 | Wed | Morning | Vaideeka Samelanam, Reception to New Priests |
| | | Evening | Ollur, St. Raphael L. P. School, Retirement and Annual Day |



# നാളാഗമം

## നവംബർ 2017

01. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ പട്ടണത്തിൽ ബ്ലഡ് ഡൊണേഷൻ ക്യാപ് ഉദ്ഘാടനം ചെയ്തു. പുത്തൻപീടിക ഇടവകയിൽ സകല വിശുദ്ധരുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് വരടിയം ഇടവകപള്ളി സെമിത്തേരിയുടെ ആശീർവാദകർമ്മം നടത്തി.

02. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ സകല മരിച്ചവിശ്വാസികളുടെയും ഓർമ്മയാചരിച്ച് വി.ബലിയർപ്പിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് സാമ്പത്തികസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് രാവിലെ മഡോണ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

04. അഭിവന്ദ്യ പിതാക്കന്മാർ മണ്ണംപേട്ടയിൽ സുവർണ്ണ ജൂബിലി യാഘോഷിച്ച ബഹു. ജോർജ്ജ് തേറാട്ടിൽ അച്ചന് ആശംസകൾ നേർന്നു. തുടർന്ന് ഉച്ചക്ക് മേരി മാത മേജർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത്

പിതാവ് ഡി.ബി.സി.എൽ.സി. യിൽ നടന്ന കൈക്കാരന്മാരുടെ യോഗം ഉദ്ഘാടനം ചെയ്തു. വൈകിട്ട് സെന്റ് തോമസ് കോളേജിലെ സ്റ്റാഫ് കൊയ് നോനിയ മീറ്റിംഗിൽ പങ്കെടുത്തു.

05. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ച കഴിഞ്ഞ് 2:30ന് പറപ്പൂർ ഇടവക ദൈവാലയത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. വൈകിട്ട് സി. ബി. സി. ഐ. മീറ്റിംഗിനു ഡൽഹിയിലേക്കു പോയി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വലക്കാവ് ഇടവക അസംബ്ലിയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് മെഡ്‌ലിക്കോട്ട് ഹാളിൽ വെരിത്താസ് ക്വിസ് ഫൈനൽ സമ്മാനദാനം നിർവഹിച്ചു. വൈകിട്ട് പുതുശ്ശേരി പള്ളിയിലും പടവരാട് പള്ളിയിലും ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു.

06–16. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് മെത്രാഭിഷേകത്തിനൊരുക്കമായി ധ്യാനത്തിൽ പങ്കെടുത്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് തലശ്ശേരി അതിരൂപതയിലെ പുതിയ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേകത്തിൽ സഹകാർമ്മികനായി.

09. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ഇടവക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അളഗപ്പനഗർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. ബഹു. സി. ജോൺ ബ്രിട്ടോ SABSന്റെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്തു. വൈകിട്ട് മാർ ജോസഫ് കുണ്ടുകുളം ഫൗണ്ടേഷന്റെ വിലയിരുത്തൽ യോഗത്തിലും ബൊൻ നത്താലെയുടെ യോഗത്തിലും പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് സാഹിത്യ അക്കാദമി ഹാളിൽ വച്ച് നടന്ന മേരിവിജയം മാസികയുടെ അറുപതാം വാർഷിക സമ്മേളനത്തിലും മണ്ണുത്തി ഡോൺ ബോസ്കോ ഭവനിൽ ജൂബിലിയാഘോഷിക്കുന്ന വൈദികർക്കും ആശംസകൾ നേർന്നു. തുടർന്ന് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഹോം ഡേയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപത പാസ്റ്ററൽ കൗൺസിൽ അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് കാഞ്ഞിരപ്പിള്ളിയിൽ മാർ സെബാസ്റ്റ്യൻ വാണിയപുരക്കലിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമ്മികനായി.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചെമ്പുക്കാവ് തിരുഹൃദയ ദൈവാലയത്തിൽ വച്ച് ചെമ്പുക്കാവ് ക്വാസി ഇടവകപ്രഖ്യാപനം നടത്തി. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ

ഫൊറോന വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് ഒല്ലൂക്കരയിൽ ആരം ഭിച്ച ഒ. പി. സന്യാസിനീസമൂ ഹത്തിന്റെ ഭവനത്തിന്റെ ആശീർവാദകർമ്മം നിർവഹി ച്ചു. വൈകിട്ട് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കോടന്നൂർ ഇടവക യിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വെങ്ങിണി ശ്ശേരി പള്ളി സന്ദർശിച്ച് നിർമ്മാ ണപ്രവർത്തനങ്ങൾ വിലയിരു ത്തി. തുടർന്ന് പട്ടം സ്വീകരിക്കാ നൊരുങ്ങുന്ന ഡീക്കന്മാരെയും മാതാപിതാക്കളെയും കണ്ട് സംസാരിച്ചു. ഉച്ചകഴിഞ്ഞ് ബഹു.സി.നിർമ്മല സി.എം.സി. യുടെ മൃതസംസ്കാരകർമ്മ ത്തിൽ കാർമ്മികനായി. ശേഷം ലൂർദ്ദ് കത്തീഡ്രലിൽ നടന്ന മാർ ടോണി പിതാവിന്റെ മെത്രാ ഭിഷേക കമ്മറ്റി കൺവീനർമാ രുടെ യോഗത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ നടന്ന കെ. സി. ബി. സി. ദൈവവിളി പ്രൊമോട്ടർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരി ച്ചു. ഉച്ചയ്ക്ക് ദൈവശബ്ദം കൺവെൻഷൻ ശക്തൻ നഗ റിൽ ഉദ്ഘാടനം ചെയ്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ സാധു സംരക്ഷണ സമിതി പ്ലാറ്റിനം ജൂബിലിയാ ഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് മേരിമാത സെമിനാരിയിൽ പൗരോഹിത്യ ജൂബിലിയാഘോഷിക്കുന്ന ഫാ. മൈക്കിൾ കാരിമറ്റം, ഫാ. തോമസ് ഇ. ജെ., ഫാ. തോമസ് സ്രാമ്പിക്കൽ എന്നിവർക്ക് ആശംസകൾ നേർന്നു. ഉച്ചക ഴിഞ്ഞ് വൈദികസമിതിയോഗ ത്തിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് മാർ ടോണി നീലങ്കാവിൽ പിതാ വിന്റെ മെത്രാഭിഷേക കർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികനായി. തുടർന്നു നടന്ന പൊതുസമ്മേ ളനത്തിലും പങ്കെടുത്തു. അഭി വന്ദ്യ നീലങ്കാവിൽ പിതാവ് അഭിഷിക്തനായി.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കണ്ണംകുളങ്ങര ഇടവ കയിൽ വി. ബലിയർപ്പിച്ചു. അഭി വന്ദ്യപിതാക്കന്മാർ ഡി. ബി. സി. എൽ. സി. യിൽ അതിരൂപതാ യുവജന അസംബ്ലിയിലും വൈകിട്ട് തൈക്കാട്ടുശ്ശേരിയിൽ ബഹു. ജോയ് മൂക്കനച്ചന്റെ സിൽവർ ജൂബിലിയാഘോഷ ങ്ങളിലും പങ്കെടുത്തു. അഭി വന്ദ്യ നീലങ്കാവിൽ പിതാവ് രാവിലെ കോലഴി ഇടവകയിൽ തിരുനാൾ കൊടികയറ്റത്തോട നുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് മരിയാപുരം ഇട വകയിൽ മതബോധനദിനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് മഞ്ഞക്കുന്ന് ഇടവകയിൽ വി. ബലിയർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് മണലൂർ കിഴക്കേ പള്ളിയിൽ അഞ്ചാമത്തെ കുഞ്ഞിന്

മാമ്മോദീസ നൽകി. തുടർന്ന് ബഹു. സി. ക്ലോഡിയസ് എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. ഉച്ചക്കുശേഷം ശക്തൻ നഗറിൽ അതിരൂപത മാതൃവേദിയുടെ വജ്രജൂബിലിയാഘോഷങ്ങളോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ബഹു. സി. ലിയോൺ സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് ശക്തൻ നഗറിലെ മാതൃവേദി വജ്രജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതിയ മെത്രാന്മാർക്കുള്ള സ്വീകരണത്തിൽ പങ്കെടുത്തു.

21. അഭിവന്ദ്യ പിതാക്കന്മാർ എം. എം.ബി. സന്യാസസമൂഹത്തിന്റെ സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻസ് ഡേയിലും ജൂബിലിയാഘോഷങ്ങളിലും പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് അരിമ്പൂരിൽ കൊള്ളന്നൂർ ബഹു. ജോണച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് മേരിമാത സെമിനാരി നൽകിയ സ്വീകരണചടങ്ങിൽ പങ്കെടുത്തു.

22. അഭിവന്ദ്യ പിതാക്കന്മാർ ഹൊസൂർ രൂപതയുടെ പുതിയ മെത്രാനായ മാർ ജോബി പൊഴലിപറമ്പിലിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സേക്രഡ് ഹാർട്ട് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പുതുക്കാട് മേരിമാത ഐ. സി. എസ്. ഇ. സ്കൂളിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. ശേഷം കുറ്റൂർ ഇടവകയിലെ ധ്യാനത്തിന് പ്രാരംഭസന്ദേശം നൽകി.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുതൽ ഉച്ചവരെ തിരുവില്ല്വാമല ഗുരുകുലത്തിൽ വി. ബലിയർപ്പിയ്ക്കുകയും വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകിട്ട് തൃശ്ശൂർ സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ തൃശ്ശൂർ പൗരാവലി അഭിവന്ദ്യ തട്ടിൽ പിതാവിനു നൽകിയ യാത്രയയ്പ്പ് സമ്മേളനത്തിൽ പങ്കെടുത്തു. രാത്രിയിൽ ഫാമിലി അപ്പസ്തോലേറ്റിൽ ജീസസ്സ് യൂത്ത് ഫാമിലി സർവ്വീസ് ടീമിന് ക്ലാസ്സെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കെ. സി. ബി. സി. യുടെ നേതൃത്വത്തിൽ ഡി. ബി. സി. എൽ. സി. യിൽ നടന്ന റീജണൽ പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. വൈകിട്ട് എരുമപ്പെട്ടിയിൽ

തേറാട്ടിൽ ബഹു. ജോർജ്ജച്ചന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പറപ്പൂർ ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിനും കൂടുതുറക്കൽ കുർബാനക്കും മുഖ്യ കാർമ്മികത്വം വഹിച്ചു. ശേഷം തോപ്പ് സെന്റ് തോമസ് സ്കൂളിൽ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്കയിൽ പ്രതിഷ്ഠ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് ചിറ്റിശ്ശേരിയിൽ പനംകുളം ബഹു. ഡേവിസ് അച്ചന്റെയും തട്ടിൽ ബഹു. പോൾസൺ അച്ചന്റെയും സിൽവർ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് സാവിയോ ഹോമിന്റെ ഹോം ഡേയിൽ സംബന്ധിച്ചു. വൈകിട്ട് പാവറട്ടി തീരദേശ കൺവെൻഷനിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് കാത്തലിക് നേഴ്സസ് ഗിൽഡിന്റെ വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പുല്ലഴി മെന്റൽ ഹെൽത്ത് കെയർ ഹോമിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് അസംബ്ലി റിസോഴ്സ് ടീം മീറ്റിംഗിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് തലശ്ശേരി അതിരൂപത അസംബ്ലിയിൽ വിഷയാവതരണം നടത്തി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് പുതുരുത്തി ഇടവക തിരുനാളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് സന്യസ്ത അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് വാടാനപ്പിള്ളി കൺവെൻഷനിൽ സന്ദേശം നൽകി. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് പുത്തൂരിൽ ഗാർഡിയൻ ഏയ്ഞ്ചൽസ് സ്കൂൾ വാർഷികാഘോഷത്തിൽ അധ്യക്ഷത വഹിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാളാഘോഷങ്ങളിലും വൈദികമാസധ്യാനത്തിലും വൈദിക ഏകദിനസമ്മേളനത്തിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് വൈകിട്ട് അഞ്ചേരി സൗത്ത് പള്ളിയിൽ വി. ബലിയർപ്പിച്ചു.

# സാമ്പത്തിക കാര്യാലയം



**1. തെരട്ട് സമർപ്പണം**

2017–2018 സാമ്പത്തിക വർഷത്തെ തെരട്ട് സമർപ്പണം അനുബന്ധിച്ചുള്ള ഫോമുകൾ അതാത് പള്ളികൾക്ക് 2018 ഫെബ്രുവരി മാസത്തെ കത്തോലിക്ക സഭ പത്രത്തോടൊപ്പം വിതരണം ചെയ്യുന്നതായിരിക്കും. തെരട്ട് സമർപ്പണത്തെ കുറിച്ചുള്ള മറ്റ് അറിയിപ്പുകൾ അതാത് സമയത്ത് അറിയിക്കുന്നതായിരിക്കും.

**3. കുർബ്ബാന വീഞ്ഞ്**

2018 ജനുവരി ഒന്ന് മുതൽ കുർബ്ബാന വീഞ്ഞ് ഒരു ബോട്ടിലിന് (1ലിറ്റർ) 200 രൂപയാക്കി വർദ്ധിപ്പിച്ച വിവരം അറിയിച്ചുകൊള്ളുന്നു. ജനുവരി (01/01/2018) മുതൽ കുർബ്ബാന വീഞ്ഞ് വാങ്ങിക്കുവാൻ വരുമ്പോൾ ഈ കാര്യം ശ്രദ്ധിക്കുമല്ലോ. കുർബ്ബാന വീഞ്ഞ് 1/2 ലിറ്റർ ബോട്ടിലുകളും തയ്യാറാക്കിയിട്ടുണ്ട് . ഇതിന്റെ വില 100 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കുർബ്ബാന വീഞ്ഞിന്റെ ക്രമീകരണത്തി

നായി എല്ലാ ഇടവകകൾക്കും,സ്ഥാപനങ്ങൾക്കും, സന്ന്യാസ ഭവന ങ്ങൾക്കും കാർഡുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. കുർബ്ബാന വീഞ്ഞിനായി വരുമ്പോൾ ഈ കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**4. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം – 3500, 2. ചികിത്സ – 62850
3. വിവാഹം – 60500, 4. വിദ്യാഭ്യാസം – 5000

**5. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. ആളൂർ (സ്കൂൾ) – 50000

**6. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം – 10000


**7. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. വാടാനപ്പിള്ളി – 5000, 2. പുത്തൻപീടിക–5000, 3. നെടുപുഴ – 5000

ഏവർക്കും പുതുവത്സര ആശംസകൾ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ





# വൈദീകർ

## ജന്മദിനങ്ങൾ – ജനുവരി

| | |
|---|---|
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 01 |
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ലിന്റോ തട്ടിൽ | 15 |
| ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത്ത് | 19 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |

| | | | |
|---|---|---|---|
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 20 | ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 | ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 | ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 | ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 | ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. മേജോ കോരെത് | 20 | ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 | ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 | ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 | ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 | ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 | ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 | ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 | ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 | ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ദാവീദ് വിതയത്തിൽ | 20 | ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 | ഫാ. രാജു അക്കര | 31 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 | ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

## ചരമദിനങ്ങൾ

| | | | |
|---|---|---|---|
| ഔസേപ്പ് മേച്ചേരി | 06.01.1916 | ജേക്കബ് മഞ്ഞളി | 30.01.1984 |
| ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 | ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| പൊറിഞ്ചു തേറാട്ടിൽ | 31.01.1941 | മാത്യു കിടങ്ങൻ | 04.01.1989 |
| ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 | ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ജോസഫ് മണവാളൻ | 18.01.1950 | ആന്റണി തരകൻ | 07.01.1992 |
| ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 | സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| ജേക്കബ് പോട്ടോക്കാരൻ | 02.01.1968 | പോൾ ആലപ്പാട്ട് | 08.01.2005 |
| മാത്യു പാലയൂർ | 10.01.1972 | ലാസർ പൊറത്തൂർ | 08.01.2006 |
| സിറിയക് മേനാച്ചേരി | 04.01.1975 | ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| പീറ്റർ കുണ്ടുകുളം | 23.01.1976 | ആന്റണി ചാലക്കൽ | 06.01.2009 |
| പോൾ ആളൂർ | 21.01.1982 | ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 | മോൺ. തോമസ് തലച്ചിറ | 11.01.2014 |
| | | അന്തിക്കാട്ട് നിക്കോളാസ് | 17.01.2016 |





# സി.ആർ. ഐ വാർത്തകൾ

## സമർപ്പിത അസംബ്ലി 2017

തൃശൂർ അതിരൂപതയുടെ ചരിത്രത്തിൽ നാഴികക്കല്ലായിത്തീർന്ന സമർപ്പിത അസംബ്ലി 2017 ഡിസംബർ 1, 2 തിയ്യതികളിൽ ഡി.ബി.സി. എൽ.സി. യിൽ വെച്ച് നടന്നു. സമർപ്പിതജീവിതവും, സാക്ഷ്യജീവിതവും, സമർപ്പിതരും കുടുംബപ്രേഷിതത്വവും, സമർപ്പിതരും ഇടവകയും, സമർപ്പിതരും അതിരൂപതയും തമ്മിലുള്ള ബന്ധം, സമർപ്പിതരുടെ ദൈവവിളിയും രൂപീകരണവും തുടർപരിശീലനവും, സമർപ്പിതരുടെ പ്രേഷിതരംഗങ്ങൾ, സമർപ്പിതരും യുവജനങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണവും ചർച്ചയും നടത്തിയത്.

അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മാർ ടോണി നീലങ്കാവിൽ പിതാവ്, വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന സമാപനസമ്മേളനത്തിൽ അസംബ്ലി ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും നവീനാശയങ്ങളും സമന്വയിപ്പിച്ച് സമർപ്പിതസമൂഹം നടപ്പിലാക്കാനാഗ്രഹിക്കുന്ന കാര്യങ്ങൾ പ്രസ്താവനയായി അസംബ്ലി കൺവീനർ റവ. ഫാ. ഡേവീസ് പേരാമംഗലത്ത് OFM. Cap അവതരിപ്പിച്ചു. സി.ആർ.ഐ. പ്രസിഡന്റ് സി. റോസ് അനിത ആമുഖപ്രഭാഷണം നടത്തി. തൃശൂർ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന 78 സമർപ്പിത സമൂഹങ്ങളിലുള്ള എല്ലാ ഭവനങ്ങളിൽനിന്നുള്ള പ്രതിനിധികളും തെരഞ്ഞെടുത്ത അംഗങ്ങളും മേജർ സുപ്പീരിയേഴ്സും ചേർന്ന് 410 പേർ അസംബ്ലിയിൽ സജീവമായി പങ്കുകൊണ്ടു.

## പുതിയ സി.ആർ.ഐ. നേതൃത്വം

കഴിഞ്ഞകാലയളവിൽ നിസ്വാർത്ഥമായ സ്നേഹസേവനങ്ങളിലൂടെ സിആർഐ കുടുംബത്തിനു ശുശ്രൂഷ ചെയ്ത പ്രസിഡന്റ് – റവ. ഫാ. വാൾട്ടർ തേലപ്പിള്ളി CMI, വൈസ് പ്രസിഡന്റ് – റവ. സി. മെറിൻ

ആന്റോ CSM, സെക്രട്ടറി – സി. ജോസഫിൻ പാലത്തിങ്കൽ SABS, ട്രഷറർ – സി. ഗ്രെയ്സി വർഗ്ഗീസ് SKD, എക്സിക്യൂട്ടീവ് അംഗങ്ങൾ: റവ. ബ്രദർ ജോസ് ചുങ്കത്ത് MMB, റവ. ഫാ. നോബിൾ മാനാരത്ത് CMI, റവ. സി. ഫിലോമിന SLMI, റവ. സി. മോളി മാത്യു CHF, റവ. സി. സാൻക്ട CMC എന്നിവർക്ക് കൃതജ്ഞതയർപ്പിക്കുന്നു

**പുതിയ ഭാരവാഹികൾ:** പ്രസിഡന്റ് – റവ.സി. റോസ് അനിത FCC, വൈസ് പ്രസിഡന്റ് – റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm, സെക്രട്ടറി – സി. നമിത റോസ് CMC, ട്രഷറർ – സി. രശ്മി CSC, എക്സിക്യൂട്ടീവ് അംഗങ്ങൾ: റവ. ബ്രദർ ഫ്രാങ്കോ കണ്ണമ്പുഴ MMB, റവ. ഫാ. വാൾട്ടർ തേലപ്പിള്ളി CMI, റവ. സി. ജിജി തെരേസ് LSHS, റവ. സി. ഷെറിൻ CHF, റവ. സി. ലെറ്റീഷ്യ SMC

**1/11/17 –സി.എച്ച്.എഫ്.**ഷംഷാബാദ് രൂപതയിലെ ഹൈദ്രാബാദിൽ നവ ജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സ്, സി.മെറിൻ പോൾ, സി.സ്മിത മരിയ എന്നിവർ ഇൻസേർഷ്യൻ കമ്മ്യൂണിറ്റി ആരംഭിച്ചു.

**05.11.2017 – എസ്.എ.ബി.എസ്:** പ്രൊവിൻഷ്യൽ ഹൗസിൽ ''Vocation Appreciation Day'' ആചരിച്ചു. 10 ആസ്പിരൻസ്, 4 പോസ്റ്റുലൻസ്, 6 സെക്കന്റിയർ നോവിസസ് എന്നിവർ ഇതിൽ പങ്കെടുത്തു.

6/11/2017– **സി.എച്ച്.എഫ്.** മറിയം ത്രേസ്യ ബഡ്സ് സംഘടനയുടെ ആഭിമുഖ്യത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വിവിധ മത്സരങ്ങൾ നടത്തി. പ്രോവിൻസിലെ എല്ലാ വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു.

11/11/2017 – **സി. എസ്. സി.** കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് 13 മണിക്കൂർ ആരാധന നടത്തി.

12/11/17 – **സി.എം.സി.** നിർമ്മല പ്രോവിൻസ് നിർമ്മിച്ച 'ചുവടി' എന്ന ഡോക്യുമെന്ററിയുടെ ഉദ്ഘാടനകർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ ആശംസകളർപ്പിച്ചു.

18/11/2017 – **സി. എസ്. സി.** കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേ സാഘോഷംകൊണ്ടാടി. തൃശൂർ സി.എം.ഐ. ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. വാൾട്ടർ തേലപ്പിള്ളി യുടെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു.

**19.11.2017 – എഫ്. സി. സി:** നവംബർ 19–ാം തീയതി 9.30 am മുതൽ 3.00 pm വരെ അസ്സീസിയിൽ വെച്ച് നടന്ന FCC Health Fraternity യുടെ മീറ്റിംഗിൽ ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

**സി.എസ്.എം.** സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷം ലൂർദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. അതിരൂപതാ വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയിലും തുടർന്ന് നടന്ന സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുത്തു. ലൂർദ് നാഥാ പ്രോവിൻസിന്റെ അപ്പസ്തോല പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് നിർമ്മിച്ച **അലിവ്** എന്ന സി.ഡി പ്രകാശനം ചെയ്ത് സുപ്പീരിയർ ജനറൽ ബ.മദർ സെബി റോസ് മോൺ.ജോർജ്ജ് കോമ്പാറക്ക് നൽകുകയും ചെയ്തു.

**സി.എം.സി.** കോലഴി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച മാർ ടോണി നീലങ്കാവിൽ പിതാവിന് ഹൃദ്യമായ സ്വീകരണവും അനുമോദനവും അർപ്പിച്ചു.

**23/11/17 – സി.എം.സി.** വി. ചാവറ, എവുപ്രാസ്യ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 3–ാം വാർഷികത്തോടനുബന്ധിച്ച് ഒല്ലൂർ എവുപ്രാസ്യ തീർത്ഥ കേന്ദ്രത്തിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജെയ്ക്കബ് മനത്തോടത്ത് ദിവ്യബലി അർപ്പിച്ചു

**25/11/17 – സി.എം.സി.** കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ, മാർ റാഫേൽ തട്ടിൽ പിതാവിന് ഊഷ്മളമായ യാത്രയപ്പ് നല്കി.

## ആദരാഞ്ജലികൾ



**സി.എസ്.സി** 2017സെപ്തംബർ 02ന് ചേലക്കര ഭവനാംഗമായ ബ.**സി.ജോസിറ്റ സി.എസ്.സി** നിര്യാതയായി. 03 –ാം തീയതി തൃശൂർ അതിരൂപതാമെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിയുടെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മഠം കപ്പേളയിലെ കല്ലറയിൽ സംസ്ക്കരിച്ചു.



**സി.എസ്.സി** 2017 നവംബർ 05ന് ]mÌ-dÂ Iu¬knÂമുല്ലശ്ശേരി ഭവനാംഗമായ **ബ.സി.ഡോർത്തി സി.എസ്.സി** നിര്യാതയായി. അന്നേദിവസം ഉച്ചത്തിരിഞ്ഞ് 3.00ന് തൃശൂർ അതിരൂപതാസഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മുല്ലശ്ശേരി മഠം കപ്പേളയിലെ കല്ലറയിൽ സംസ്ക്കരിച്ചു.



**എസ്.എ.ബി.എസ്.** പടവരാട് ശാന്തി ഭവൻ മഠാംഗമായ റവ. സി. ജോൺ ബ്രിട്ടോ (79) 10ന് പുലർച്ച 1.45 ന് മരണമടഞ്ഞു. മൃതസംസ്ക്കാരം ഉച്ച കഴിഞ്ഞ് 3 മണിക്ക് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ മഠം വക സിമിത്തേരിയിൽ സംസ്ക്കരിച്ചു.

---



**സി.എം.സി.** തൃശ്ശൂർ സെന്റ് മേരീസ് ഭവനാംഗവും, നിർമ്മല പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യലുമായ **സി.നിർമ്മല** 2017 നവംബർ 12ന് നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സേക്രേഡ് ഹാർട്ട് മഠം വക കല്ലറയിൽ സംസ്കരിച്ചു.

---



**എഫ്. സി. സി.** പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായിരുന്ന **ബ. സി. ക്ലോഡിയസ്** 2017 നവംബർ 19 –ാം തീയതി പുലർച്ചെ 4.30 ന് നിര്യാതയായി. 20 –ാം തീയതി രാവിലെ 10.00 മണിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പഴുവിൽ മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

---



**സി.എം.സി.** ചൂണ്ടൽ സാൻ തോം ഭവനാംഗമായ **സി.ലിയാണ്ടർ** 2017 നവംബർ 20 –ാം തീയതി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മഠം വക കല്ലറയിൽ സംസ്ക്കരിച്ചു.

---



**സി. എസ്. സി.** 2017 നവംബർ 27 ന് കൊക്കാല ഭവനാംഗമായ **ബഹു. സി. അബിലിയ** സി.എസ്.സി. നിര്യാതയായി. 28/11/2017 ചൊവ്വാഴ്ച 11.30 ന് തൃശൂർഅതിരൂപതാവികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മികത്വത്തിൽ കൊക്കാലമഠം കപ്പേളയിലെ കല്ലറയിൽ സംസ്ക്കരിച്ചു.

**സി. നമിത റോസ് സി.എം.സി**
സി.ആർ.ഐ സെക്രട്ടറി

## 17 –ാം പാസ്റ്ററൽ കൗൺസിൽ
## മൂന്നാം യോഗറിപ്പോർട്ട് 09.09.2017

പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം 2017 സെപ്തംബർ 9ന് ശനിയാഴ്ച, ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ നടന്നു. രാവിലെ 10 മണിക്ക് സി. മെറിൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സ്വാഗതമാശംസിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗവും ചൊവ്വന്നൂർ ഇടവക വികാരിയുമായിരുന്ന ബഹു. ഫാ. ബാബു ചേലപ്പാടന്റെ അകാലനിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ജനറൽ സെക്രട്ടറി ഫാ. മാത്യു കുറ്റിക്കോട്ടയിൽ യോഗനടപടിക്രമങ്ങൾ വിശദീകരിച്ചു. തുടർന്ന് ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. ശേഷം അസംബ്ലി നടപടികളെ കുറിച്ച് ഫാ. സൈജോ തൈക്കാട്ടിൽ വിവരിച്ചു. 2018–ൽ നടക്കാനിരിക്കുന്ന യുവജന സിനഡിന്റെ വിഷയാവതരണരേഖ ഫാ. ജിയോ തെക്കിനിയത്ത് അവതരിപ്പിച്ചു.

തുടർന്ന് ഫൊറോന കൗൺസിലുകളുടെയും വിവിധ സബ്ജക്ട് കമ്മറ്റികളുടെയും ക്രോഡീകരിച്ച റിപ്പോർട്ട്, സെക്രട്ടറി ഡോ. മേരി റെജീന അവതരിപ്പിച്ചു. റിപ്പോർട്ട് നൽകിയ വേലൂർ, പറപ്പൂർ, പഴുവിൽ, കൊട്ടേക്കാട് എന്നീ ഫൊറോനകളെയും സബ്ജക്ട് കമ്മറ്റികളെയും അഭിനന്ദിച്ചു. ദമ്പതികൾക്കു നൽകേണ്ട തുടർപരിശീലനം, വൈദികരുടെയും സന്യസ്തരുടെയും സംഭാവനകൾ കുടുംബത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകത, മതബോധന പ്രക്രിയ ലഘൂകരിക്കൽ,



ഗ്രാമസഭകളിലെ വിശ്വാസികളുടെ പ്രാതിനിധ്യം, ഫൊറോന കൗൺസിലിന്റെ നിർദ്ദേശങ്ങൾ, യുവാക്കളുടെ ഇടയിൽ രൂപപ്പെട്ടു കൊണ്ടിരിക്കുന്ന അരാഷ്ട്രീയവാദം സംബന്ധിച്ചുമുള്ള ആശങ്ക, കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ യുവജനങ്ങളുടെ പ്രതികരണം ഉണ്ടാകേണ്ടതിന്റെ ആവശ്യകത, ഔദ്യോഗികസ്ഥാനങ്ങളിൽ നിന്നും വിരമിച്ചവരെ റിസോഴ്സ് പേഴ്സൺസ് ആയി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ, അത്മായർ ദൈവശാസ്ത്രം പഠിക്കുന്നതിന് അനിവാര്യമായുണ്ടാകേണ്ട വേദികൾ എന്നിവയെ കുറിച്ചുള്ള ഫൊറോനകൗൺസിലുകളുടെയും സബ്ജക്ട് കമ്മറ്റികളുടെയും പരാമർശങ്ങളായിരുന്നു പ്രസ്തുത റിപ്പോർട്ടിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ.

പിന്നീട് പാരിഷ് അസംബ്ലി–യുവജനസിനഡ് സംബന്ധിച്ച വിഷയങ്ങളിൽ കേന്ദ്രീകൃത ചർച്ചകൾ നടന്നു. വിഷയാവതരകരായ ഡോ. സൈജോ തൈക്കാട്ടിൽ, ഫാ. ജിയോ തെക്കിനിയത്ത്, മോഡറേറ്റർ ഫാ. മാത്യു കുറ്റിക്കോട്ടയിൽ തുടങ്ങിയവർ നേതൃത്വം നൽകി. അതിരൂപതാ തലത്തിൽ ഒരു യൂത്ത് സെന്റർ ഉണ്ടാകേണ്ടതിന്റെയും യുവജനനയരൂപീകരണം നടത്തേണ്ടതിന്റെയും ആവശ്യകത ഓർമ്മിപ്പിച്ചതോടൊപ്പം ആഗോളസഭയിൽ യുവജനങ്ങളുടെ പ്രായം പുനഃക്രമീകരിച്ചപ്പോൾ (16–29) സംജാതമായ അനിശ്ചിതാവസ്ഥയും ഓർമ്മപ്പെടുത്തി. എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി പ്രീ–അസംബ്ലി കൂടുന്നത് നല്ലതാണെന്ന് നിർദ്ദേശമുണ്ടായി.

നിയുക്ത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിനെ യോഗം അനുമോദിച്ചു. അഭിവന്ദ്യ നീലങ്കാവിൽ പിതാവ് എല്ലാവരോടും പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

തുടർന്ന് നടന്ന ശൂന്യവേളയിൽ, പത്രപ്രവർത്തകർക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ, വികലമായ മദ്യനയം, ഫൊറോന കൗൺസിലുകളുടെ രൂപീകരണം, സ്വാശ്രയമേഖലയിലെ അധ്യാപകരുടെ ശമ്പളപരിഷ്കരണം, അജപാലന സർവ്വേ റിപ്പോർട്ടിനോട് പ്രതികരിക്കാത്ത ഇടവകകൾ, ഓണാഘോഷത്തിലെ ക്രൈസ്തവികത, സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനെതിരായുള്ള കത്തോലിക്കാകോൺഗ്രസ്സിന്റെ കരിദിനം തുടങ്ങിയ വിഷയങ്ങളിലേക്ക് ചില അംഗങ്ങൾ യോഗത്തിന്റെ ശ്രദ്ധ ക്ഷണിച്ചു. ഏറ്റവും സുതാര്യമായ രീതിയിൽ പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ച ജൂബിലി മിഷൻ മെഡിക്കൽ കോളേജിനെ പാസ്റ്ററൽ കൗൺസിൽ അനുമോദിക്കുകയുണ്ടായി.

അധ്യക്ഷപ്രസംഗത്തിൽ മാർ ആൻഡ്രൂസ് താഴത്ത് ശൂന്യവേളയിലെ ചോദ്യങ്ങൾക്ക് മറുപടി നൽകി. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഇടവകതല പ്രവർത്തനങ്ങളിൽ സജീവമാകണമെന്നും സാമ്പത്തിക ക്രയ


വിക്രയങ്ങൾ സംബന്ധിച്ച സംശയങ്ങൾ അതിരൂപത സാമ്പത്തിക കാര്യാലയവുമായി ബന്ധപ്പെട്ട് ദുരീകരിക്കണമെന്നും ഓർമ്മപ്പെടുത്തി. സമൂഹമാധ്യമങ്ങളുടെ കുത്തൊഴുക്കിൽ ജാഗ്രത കാണിക്കണമെന്നും യുവജനപ്രായപരിധി ആഗോളസഭയിലേതുപോലെയാക്കുന്നതാണ് നല്ല തെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു. ശ്രീ. സൂര്യകൃഷ്ണമൂർത്തിയുടെ സംവിധാനത്തിൽ ജനുവരിയിൽ നടക്കാനിരിക്കുന്ന "എന്റെ രക്ഷകൻ" എന്ന സംഗീത നാടകത്തിലേക്കും ബൊൻ നത്താലെയിലേക്കും ഏവ രുടെ സഹകരണങ്ങളും അഭിവന്ദ്യപിതാവ് അഭ്യർത്ഥിച്ചു.
മോൺ. തോമസ് കാക്കശ്ശേരി അറിയിപ്പുകൾ നൽകി. മാർ ജോസഫ് കുണ്ടുകുളം ഫൗണ്ടേഷൻ രൂപീകരണത്തെ സംബന്ധിച്ച് അദ്ദേഹം വിശ ദീകരണം നൽകി. വൈദികരുടെ പേരിൽ നടക്കുന്ന വ്യാജഫോൺ വിളികളിൽ ജാഗ്രത പുലർത്തണമെന്നും പള്ളികളിൽ നിന്നുള്ള ഇൻകം ടാക്സ് റിട്ടേൺ സെപ്തംബർ 30നകം സമർപ്പിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. കലാസദന്റെ നേതൃത്വത്തിൽ നടത്തുന്ന "തേൻതുള്ളികൾ" എന്ന പരിപാടിയിലേക്ക് അംഗങ്ങളെ പ്രത്യേകമായി ക്ഷണിച്ചു. ബോൺ നത്താലെയെ കുറിച്ച് വർക്കിംഗ് ചെയർമാൻ ഫാ.വർഗ്ഗീസ് കരിപ്പേരി വിശദീകരണം നൽകി. ഇടവക തലത്തിലും അതിരൂപതാ തലത്തിലും നടത്തുന്ന കാരുണ്യത്തിന്റെ ആഘോഷം കൂടി യാണ് ബോൺ നത്താലെ എന്ന് ബഹു. അച്ചൻ എടുത്തു പറഞ്ഞു.
തുടർന്ന് യോഗം രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. ആവിഷ്കാരസ്വാ തന്ത്ര്യവും ജനാധിപത്യവും ബഹുസ്വരതയും ഹനിക്കപ്പെടുന്നതിനെ തിരെയുള്ള പ്രമേയം അഡ്വ. സോജൻ ജോബ് അവതാരകനും അഡ്വ. ജോൺസൻ ഐനിക്കൽ അനുവാദകനുമായി അവതരിപ്പിച്ചു. ആരാധ നാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും മദ്യശാലകളുടെ ദൂരം 200മീറ്ററിൽ നിന്ന് 50 മീറ്റർ ആക്കിയുള്ള കേരള സർക്കാർ നടപടികൾക്കെ തിരെയുള്ള പ്രമേയം ശ്രീ. എൻ. പി. ജാക്സൺ അവതാരകനും ഫാ.ദേവസ്സി പന്തല്ലൂക്കാരൻ അനുവാദകരനുമായി അവതരിപ്പിച്ചു. പ്രമേ യങ്ങൾ യോഗം ഐക്യകണ്ഠേന പാസ്സാക്കി.
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിന് നന്ദി പറഞ്ഞു. പ്രാർത്ഥനക്കുശേഷം ഉച്ചഭക്ഷണത്തോടെ യോഗം സമാ പിക്കുകയും ചെയ്തു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

## ദൈവദാസൻ
## ആന്റണി തച്ചുപറമ്പിൽ

ഡിസംബർ മാസത്തിലെ മാസാദ്യ വെള്ളിയാഴ്ച വചനങ്ങൾ പങ്കുവെച്ചത് കുണ്ടന്നൂരിലെ ജോസ് ചിറ്റിലപ്പിള്ളിയാണ്. ജീവിതത്തിൽ നമ്മുടെ ഓട്ടം എവിടേക്കാണ് –പിന്നിലുള്ളതിനെ വിസ്മരിച്ചിട്ട് മുന്നിലുള്ളവയെ ലക്ഷ്യമാക്കിയാണ് നാം ഓരോരുത്തരും ഓടേണ്ടത്. അപ്പോൾ പലതും ഉപേക്ഷിക്കേണ്ടിവരും. ഓടുമ്പോൾ മുന്നിലുള്ളതിനെ നോക്കി മാത്രം ഓടിയാൽ മതി. ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ അത് നേടിയെടുക്കാനായി നമുക്ക് ശ്രമിക്കാം എന്ന് വചന ശുശ്രൂഷയിൽ ഓർമ്മപ്പെടുത്തി.


തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് ഫാ. ദിൽ കോനിക്കര OFM Cap ആയിരുന്നു. പരിശുദ്ധ അമ്മയുടെ ജീവിതമായിരുന്നു, പ്രധാന പ്രതിപാദ്യവിഷയം. ദൈവത്തോട് ചേർന്നുനിന്ന വ്യക്തിയായിരുന്നു പരി.കന്യകാമറിയം. ഓരോ ക്രിസ്ത്യാനിയും ദൈവത്തോടു ചേർന്നു നില്ക്കേണ്ടവനാണ്. ക്രിസ്തു സഞ്ചരിച്ച അതേവഴിയിൽ സഞ്ചരിക്കുന്നവരാകണം നാം ഓരോരുത്തരും. അതിനാൽ ഈശോ നടന്ന വഴിയിലൂടെ സഞ്ചരിക്കുമ്പോൾ നാം സ്വർഗ്ഗരാജ്യത്തേക്ക് സഞ്ചരിക്കുകയാണ്. അതിനാൽ നാം ക്രിസ്തുവിനെ മാത്രം നോക്കിയാൽ പോരാ, ക്രിസ്തു നോക്കിയതുപോലെ, മറ്റുള്ളവരെ കാണാൻ, അതേപാതയിലൂടെ ജീവിക്കാൻ ക്രിസ്തു നടന്ന സഹനവഴിയിലൂടെ നടക്കാൻ പ.അമ്മയ്ക്കു സാധിച്ചതുപോലെ നമുക്കും സാധിക്കണം. അന്തോണിയച്ചൻ ഈ പാതയിലൂടെ സഞ്ചരിച്ച വ്യക്തിയായിരുന്നു. രോഗശാന്തി ശുശ്രൂഷയിലും മധ്യസ്ഥപ്രാർത്ഥനകളിലും ഊട്ടുനേർച്ചയിലും ധാരാളം പേർ പങ്കെടുത്ത് ദൈവത്തിനു നന്ദി പറഞ്ഞു.



# നാമകരണനടപടികൾ

**ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ രണ്ടാം ശനി ആചരണം**

സി.എസ്.സി., ഡിപോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ.ലിന്റോ തട്ടിൽ വചനസന്ദേശവും റവ.സി.ലയ സി.എസ്.സി 'ഊക്കനച്ചൻ രോഗികൾക്ക് ആശ്വാസദായകൻ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. ചെറുതുകളിലെ സൗന്ദര്യം കണ്ടെത്തുക മാത്രമല്ല, ചെറിയ മനുഷ്യരുടെ വിധിയുടെ പൊള്ളലിൽ പങ്കുചേരുകയും അവരുടെ ഇല്ലായ്മയിൽ ബലം പകരുകയും ചെയ്ത വലിയ മനുഷ്യനാണ് ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ദൗർബല്യങ്ങളെയും തോൽവികളെയും ആദരവോടെ നോക്കികണ്ട ഊക്കനച്ചൻ രോഗികൾക്ക് ആശ്വാസദായകനായിരുന്നു. ജീവിതത്തിലെ ദുരന്തങ്ങൾക്കും രോഗങ്ങൾക്കും പിന്നിൽ മറഞ്ഞിരിക്കുന്ന തമ്പുരാനെ അവർക്ക് കാണിച്ചുകൊടുത്തു. തിരിച്ചുകിട്ടുമെന്ന് ആശിക്കാതെ പിടിച്ച് വയ്ക്കാൻ മെനക്കെടാതെ എടുത്ത് വയ്ക്കാൻ മടികാണിക്കാതെ സർവ്വോപരി ത്യാഗം അനുഭവിക്കുന്നതിൽ സുഖം കണ്ടെത്തിയ ഊക്കനച്ചന്റെ നല്ല മനോഭാവങ്ങൾ നമുക്കും അനുകരിക്കമെന്ന് ബ.സിസ്റ്റർ ഓർമ്മപ്പെടുത്തി ക്ലാസ്സ് അവസാനിപ്പിച്ചു. അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ.ഫാ.ലിന്റോ തട്ടിൽ ആയിരുന്നു. എളിമയോടെ, അഹങ്കാരം ഉപേക്ഷിച്ച് തമ്പുരാന്റെ സന്നിധിയിൽ അണയുമ്പോൾ നമുക്കും നമ്മുടെ കുടുംബത്തിനും അനുഗ്രഹം ഉണ്ടാകും. തമ്പുരാന് മാത്രമെ എന്നെ സുഖപ്പെടുത്താൻ കഴിയൂ എന്ന ആഴമായ വിശ്വാസവും തമ്പുരാനിലുള്ള ആശ്രയത്വവും നമുക്ക് ഉണ്ടായിരിക്കണമെന്നും എന്ന് ബ.അച്ചൻ ഓർമ്മപ്പെടുത്തി.



**ഫാ. പോൾ പുളിക്കൻ**
**പോസ്റ്റുലേറ്റർ**



# പാലയൂർ തീർഥകേന്ദ്രം

**1. ജനുവരി 14 മുപ്പെട്ടുഞായർ തിരുനാളും ദണ്ഡവിമോചനവും**

ജനുവരി 13 ന് വൈകീട്ട് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ മുതൽ 14–ാം തിയ്യതി രാത്രി വരെയുള്ള സമയങ്ങളിൽ, വിശ്വാസപൂർവ്വം വിശ്വാസകവാടത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. 14–ാം തിയ്യതി ഉച്ചകഴിഞ്ഞ് 3.00 ന് ആഘോഷമായ മാമ്മോദീസ. അന്ന് 6.30 നും 10.30 നും 3.30 നും 5.30 നും വിശുദ്ധ കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച കൂടാതെ രാവിലെ 6.30 ന്റെ കുർബ്ബാനയോടുകൂടി പ്രദക്ഷിണവും നേർച്ച ഭക്ഷണവും ഉണ്ടായിരിക്കും.

**2. മാർതോമ ചൊവ്വാഴ്ച ആചരണം**

ജനുവരി 2, 9, 16, 23, 30 തിയ്യതികളിൽ 9.45 ന് കൊന്ത, മാർതോമ നൊവേന, സമർപ്പണം, വചനപ്രഘോഷണം, 12.00 ന് വി. കുർബ്ബാന, നേർച്ച ഭക്ഷണം, ആരാധന, മധ്യസ്ഥപ്രാർത്ഥന, സാക്ഷ്യങ്ങൾ, ശിരസ്സിൽ കൈവച്ച് ആശീർവ്വാദം, വാഴ്വ്, തിരുശേഷിപ്പുവണക്കം, കുമ്പസാരം, കൗൺസലിങ്ങ് എന്നിവയോടുകൂടി 3.15 ന് സമാപിക്കുന്നു. രാവിലെ 6.30 നും വൈകീട്ട് 5.30 നും വി. കുർബ്ബാനയും നൊവേനയും നേർച്ചയും.

**3. തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി അർപ്പിക്കുന്നതിന് ബന്ധപ്പെടുക**

ഫോൺ – 0487 2556418, 2556978

**4. ബൈബിൾ മാസാചരണം**

അതിരൂപതാതല ബൈബിൾ മാസാചരണത്തിന്റെ ഉദ്ഘാടനം പാലയൂരിൽ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ റവ.ഫാ. ഫ്രാൻസീസ് കൂത്തൂർ അദ്ധ്യക്ഷതവഹിച്ചു. ഡിസംബർ മാസത്തിലെ എല്ലാ ദിവസവും ബൈബിൾ പാരായണം നടക്കുന്നു. ഒരു മാസം നീണ്ടുനില്ക്കുന്ന ബൈബിൾ കോഴ്സിന്റെ ഉദ്ഘാടനം റവ. ഫാ. ഫ്രീജോ പാറയ്ക്കൽ നിർവ്വഹിച്ചു. റവ. ഫാ. റോജോ എലുവത്തിങ്കൽ, ഫാ. ജിന്റോ കുറ്റിക്കാട്ട് എന്നിവർ ബൈബിൾ



കോഴ്സ് കോ–ഓർഡിനേറ്റ് ചെയ്തു.

**5. പാലയൂർ സന്ദർശനം**

സ്വദേശികളും വിദേശികളുമായ അനേകം പേർ ചെറിയ ഗ്രൂപ്പുകളും വലിയ ഗ്രൂപ്പുകളുമായി പാലയൂർ സന്ദർശിക്കുന്നുണ്ട്. അധികം നിർമ്മാണ പ്രവർത്തനങ്ങളോ, രൂപമാറ്റങ്ങളോ, സ്ഥാനചലനങ്ങളോ വരുത്താതെ ആദിമരൂപവും അവസ്ഥയും പാലയൂരിൽ കാത്തുസൂക്ഷിക്കാൻ സാധിച്ചതിൽ, വളരെ പേർ തൃശൂർ അതിരൂപതയെയും പാലയൂർ ഇടവകയെയും അനുമോദിച്ചു പറയുകയുണ്ടായി. അതേസമയം, തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ കുറവാണെന്ന പരാതിയും ചിലർ പറഞ്ഞു. അകത്തോലിക്ക വിഭാഗത്തിൽപെട്ട അനേകം പേർ തീർത്ഥാടകരായി എത്തുന്നുണ്ട്. മാർ തോമ സുറിയാനി സഭാമെത്രാൻ മാത്യൂസ് മാർ മക്കാരിയോസ് തിരുമേനിയും സംഘവും പാലയൂർ സന്ദർശിച്ചു. ഓർത്തഡോക്സ് വിഭാഗത്തിലെ ഒരു ഗ്രൂപ്പ് വൈദികരും, കൂടാതെ യാക്കോബായ സഭയിൽപ്പെട്ട ഒരു കൂട്ടം വൈദികർ ഉൾപ്പെടുന്ന ഗ്രൂപ്പും ഈയിടെ സന്ദർശിച്ചവരിൽ ഉൾപ്പെടുന്നു.

നമ്മുടെ അതിരൂപതയിൽ നിന്നും മറ്റു രൂപതകളിൽ നിന്നും കുടുംബകൂട്ടായ്മകളും, സംഘടനകളും ഇടവകകളും, മതബോധനഗ്രൂപ്പുകളും സ്ഥാപനങ്ങളും ഗ്രൂപ്പുകളായി സന്ദർശിക്കുന്നുണ്ട്.

**6. പാലയൂർ കൺവെൻഷൻ ഒരുക്കസമ്മേളനം**

പാലയൂർ കൺവെൻഷനും മറ്റും ആവശ്യമായ ഒരുക്കങ്ങൾ നടത്തുന്നതിനുവേണ്ടി, വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ അദ്ധ്യക്ഷതയിൽ വിപുലമായ യോഗം അരമനയിൽവച്ച് ചേരുകയുണ്ടായി. വിവിധ ഫൊറോനകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. 2018 മാർച്ച് 10 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ വൈകീട്ട് 5.00 മുതൽ 9.00 വരെ നടക്കുന്ന കൺവെൺഷന്റെ വിജയത്തിനുവേണ്ടി ഒരുക്ക പ്രാർത്ഥന എല്ലാ ഇടവകകളിലും കുടുംബങ്ങളിലും ഡിസംബർ 25 മുതൽ ചൊല്ലുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ തീരുമാനിച്ചു.

**7. വ്രതാരംഭകൂട്ടായ്മ**

വ്രതാരംഭകൂട്ടായ്മ പാലയൂർ തളിയകുളത്തിൽവെച്ച് 2018 ഫെബ്രുവരി 12 തിങ്കളാഴ്ച 5.00 മണിക്ക്, മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആചരിക്കുന്നതാണ്. അനുതാപത്തിന്റെ വസ്ത്രം മാറാൻ ആഗ്രഹിക്കുന്നവർ, ഫോൺ വഴി ബുക്ക് ചെയ്താൽ, വ്രതാരംഭകൂട്ടായ്മയ്ക്ക് വരുമ്പോൾ പാലയൂർവെച്ച് വാങ്ങാവുന്നതാണ്. ചാരനിറത്തിലോ കാവി നിറത്തിലോ ഉള്ളത് ധരിക്കാം. വനിതകൾക്ക് വേണ്ടി ചാരനിറത്തിലുള്ള സാരിയും ലഭ്യമാക്കുന്നതാണ്. ഫോൺ – 0487 2556418. മറ്റു ഇടവകകളിലെ വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ച് വ്രതാരംഭകൂട്ടായ്മയ്ക്ക് ജനങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
**റെക്ടർ**

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,
നിങ്ങൾക്കേവർക്കും പുതുവത്സരാശംസകൾ.

ഉണ്ണീശോയുടെ തിരുനാളോടുകൂടിയാണ് നാം പുതുവത്സരം ആരംഭിക്കുന്നത്. ജനനശേഷം എട്ടാം ദിവസം ലോകരക്ഷകന് യഹൂദരുടെ ആചാരപ്രകാരം, മുൻകൂട്ടി പ്രവചിച്ചതുപോലെ, യേശു എന്ന നാമം നൽകിയ ദിവസമാണ് ജനുവരി 1. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയൽ വളർന്നു വന്ന (ലൂക്ക. 2:52) ഈശോയാണ് കുട്ടികളായ നിങ്ങൾക്കും മാതൃക. മാമ്മോദീസയിലാണ് നമുക്ക് ക്രിസ്ത്യാനി എന്ന നിലയിലുള്ള പേര് ലഭിച്ചത്. യേശുവിനെ അനുഗമിക്കുന്ന നല്ല ക്രിസ്ത്യാനികളായി ജീവിക്കുവാൻ പുതുവർഷത്തിന്റെ ആരംഭത്തിൽത്തന്നെ നമുക്ക് പ്രതിജ്ഞയെടുക്കാം.

നിങ്ങൾ എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ് ജീവിതത്തിൽ വിജയിക്കണമെന്ന കാര്യം. ജീവിതവിജയത്തിന് മൂന്ന് കാര്യങ്ങളാണ് ആവശ്യമായുള്ളത്.

1. ആത്മബോധം (Vision, self consciousness)
2. ലക്ഷ്യബോധം (Mission, Goal consciousness)
3. പ്രതിബദ്ധത (Commitment)

ഒരു ദാർശനികന് (Visionary) മാത്രമേ പ്രേഷിതനാകാൻ (Missionary) സാധിക്കൂ എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. വർഷാരംഭത്തിൽ നമ്മുടെ ജീവിതത്തെ കുറിച്ചുള്ള വ്യക്തമായ ദർശനങ്ങൾ ഉണ്ടാക്കാൻ നാം ശ്രമിക്കണം. ദൈവഛായയിലുള്ള മനുഷ്യനായ **ഞാൻ** ആരാണ്, എന്തിനു ജീവിക്കുന്നു എങ്ങനെയാണ് ജീവിക്കേണ്ടത് എന്നതിനെ കുറിച്ചുള്ള ചിന്താധാരകളാണ് ഈ ദർശനം. യേശുവി

നാണ് താൻ ആരാണ് എന്ന ബോധം (ആത്മബോധം) ഏറ്റവും വ്യക്ത മായി ഉണ്ടായിരുന്നത്. അതുകൊണ്ടാണ് 12–ാം വയസ്സിൽതന്നെ താൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകണം എന്ന് ക്രിസ്തു പറഞ്ഞത് (ലൂക്ക. 2:49). കുട്ടികളായ നിങ്ങൾ വിദ്യാർത്ഥി, ക്രിസ്ത്യാനി, കുടും ബാംഗം എന്നീ നിലകളിലുള്ള ആത്മബോധത്തെ കുറിച്ച് കൃത്യമായ ബോധ്യമുണ്ടാകണം.

വിദ്യാർത്ഥികളായ നിങ്ങളുടെ ലക്ഷ്യം പഠിച്ച് നല്ല വിജയം നേടുക എന്ന താണ്. വിജയം കരസ്ഥമാക്കേണ്ടത് ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു കൊണ്ടാണ് നിങ്ങളുടെ പ്രായത്തിലുള്ള ഈശോ നൽകുന്ന മാതൃക അനുകരണീയമാണ്.

1. അവൻ പതിവുപോലെ ദൈവാലയത്തിൽ പോയിരുന്നു (ലൂക്ക. 2:22, 41–42).
2. മാതാപിതാക്കൾക്കും (ഗുരുഭൂതർക്കും) അനുസരണമുള്ളവനായിരുന്നു (ലൂക്ക. 2:51)
3. പ്രായത്തിൽ വളരുന്നതോടൊപ്പം ജ്ഞാനത്തിലും (പഠിപ്പിലും) വളർന്നു (ലൂക്ക. 2:52)
4. അവൻ ദൈവവചനം ശ്രവിക്കുന്നതിലും ഗ്രഹിക്കുന്നതിലും മറ്റുള്ള വരെ അറിയിക്കുന്നതിലും വ്യാപൃതനായിരുന്നു (ലൂക്ക. 2:46).

യേശുവിനെപ്പോലെ പുതുവത്സരത്തിന്റെ ആദ്യദിവസങ്ങളിൽത്തന്നെ നിങ്ങൾ 2018–ൽ നേടേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും ഓരോ ദിവസവും ഉണ്ടാ കേണ്ട ജീവിതരീതിയെ കുറിച്ചും നല്ല തീരുമാനങ്ങൾ എടുക്കണം. ഈശോയുടെ മാതൃക അനുഗമിക്കാൻ ഏതാനും ചില മാർഗ്ഗനിർദ്ദേശ ങ്ങൾ തരുന്നു.

1. നിങ്ങൾക്ക് എല്ലാ ദിവസത്തേക്കും ആവശ്യമായ Time Table എഴുതി വയ്ക്കണം. ക്ലാസ്സുള്ള ദിവസങ്ങൾ, ഒഴിവു ദിവസങ്ങൾ, ഞായറാ ഴ്ചകൾ എന്നിവക്ക് പ്രത്യേക Time Table ഉണ്ടാകണം.
2. എല്ലാ ദിവസവും ബൈബിളിൽ നിന്ന് ഒരു ഖണ്ഡിക വായിക്കണം.
3. ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളിലും സാധിക്കുന്ന മറ്റ് ദിവസ ങ്ങളിലും പ്രത്യേകിച്ച് അവധി ദിവസങ്ങളിലും പരി. കുർബാനയിൽ പങ്കെടുക്കണം.
4. മാതാപിതാക്കളെയും ഗുരുഭൂതരെയും അനുസരിക്കുകയും സാധി ക്കുന്ന വിധത്തിൽ വീട്ടുജോലികളിൽ സഹായിക്കുകയും വേണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും അടുക്കളത്തോ ട്ടം, പൂന്തോട്ടം എന്നിവ സംരക്ഷിക്കുന്നതിലും ഉത്തരവാദിത്വം കാണി ക്കണം.
5. വ്യായാമം, വിനോദം എന്നിവയ്ക്ക് സമയനിഷ്ഠ പാലിക്കണം.പുതു വർഷാരംഭത്തിൽ നിങ്ങൾ എടുക്കുന്ന പ്രതിജ്ഞകൾ പാലിക്കാൻ

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.

**ചോദ്യങ്ങൾ :**

1. പുതുവർഷത്തിൽ നിങ്ങൾ എടുക്കുന്ന പ്രതിജ്ഞകൾ ഏവ?
2. ജീവിതവിജയത്തിനാവശ്യമായ കാര്യങ്ങൾ ഏവ?
3. 12 വയസ്സുള്ള ഈശോ നമുക്കു കാണിച്ചു തരുന്ന മാതൃകയെന്ത്?

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വിശ്വാസ പരിശീലനരംഗത്ത്, അനുഗ്രഹദായകമായ ഒരു വർഷം കടന്ന് പ്രതീക്ഷാനിർഭരമായ പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നു. പുതുവർഷം (2018) ദൈവത്തിന്റെ വലിയൊരു സമ്മാനമാണ്. തിരുപ്പിറവി സമ്മാനിക്കുന്ന സന്തോഷവും സമാധാനവും സ്വാംശീകരിച്ച്, ദൈവകൃപയിലാശ്രയിച്ച്, പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**മാർ റാഫേൽ തട്ടിൽ പിതാവിന് മംഗളങ്ങളും ആശംസകളും!**

തൃശ്ശൂർ മതബോധനകേന്ദ്രത്തിന്റെ മുൻ ഡയറക്ടർ (1992–1995) കൂടിയായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് 2017 ജനുവരി 7ന് ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി സ്ഥാനമേൽക്കുന്നു. ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മുക്കാൽ ഭാഗവും ഉൾകൊള്ളുന്ന വിശാലമായ ഷംഷാബാദ് രൂപതയുടെ വിജയകരവും പലപ്രദവുമായ അജപാലത്തിന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് ആശംസകളും പ്രാർത്ഥനാമംഗളങ്ങളും സ്നേഹത്തോടെ നേരുന്നു.

1. **ഹെഡ്മാസ്റ്റർമാർ, സെക്രട്ടറിമാർ, സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാർ എന്നിവരുടെ സംയുക്ത യോഗം**

   തിയതി : 2018 ഫെബ്രുവരി 4
   ദിവസം : ഞായർ
   സമയം : 02.30 PM
   സ്ഥലം : മതബോധനകേന്ദ്രം

   എല്ലാ ഹെഡ്മാസ്റ്റർമാരേയും സെക്രട്ടറിമാരെയും കാറ്റക്കിസം സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാരെയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

2. **ഞായർ മതബോധന വാർഷിക പരീക്ഷകൾ:**

2018 ഫെബ്രുവരി 11, 2PM-4PM : **Std X, XI & XII**

2018 ഫെബ്രുവരി 18, 2PM-4PM : **Stds. I, III, V, VII, IX, and ACC** (3 hours, 2PM-5PM)

2018 ഫെബ്രുവരി 25, 2PM-4PM : **Stds. II, IV, VI & VIII**

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാ വർക്കും നല്ല വിജയം ആശംസിക്കുന്നു.

3. **കേന്ദ്രീകൃത മൂല്യനിർണ്ണയം – 2018**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബ ന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

**Chief Examiners'Meeting** : 25th February, Sunday 10.30 AM
**Centralised Evaluation** : Time: 9.30 AM - 4.30 PM
**Std. XII** : Saturday 3rd & Sunday 4th March
**ACC** : Saturday 3rd & Sunday 4th March , Saturday 10th & Sunday 11th March

4. **സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം വാർഷികപരീക്ഷകൾ**

സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII

തിയതി : **2018 ജനുവരി 19 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ) : Stds: I, III, V, VII, IX & XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ) : Stds. II, IV, VI, VIII, X & XII

**NB.**

1. സ്കൂളുകളിലേക്കുള്ള ചോദ്യപേപ്പറുകൾ ജനുവരി 10 മുതൽ 15 വരെ യുള്ള ദിവസങ്ങളിൽ സ്ക്കൂളധികാരികൾ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടതാണ്.
2. മോറൽ സയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതിയതി നിശ്ചയിക്കുന്നതും കെ. സി. ബി. സി. കമ്മീഷൻ ഫോർ എജ്യുക്കേഷൻ ആണ്. അതുകൊണ്ട് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തിയതിയിലും നിശ്ചിത സമ യത്തും തന്നെ എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ട താണ്.
3. മോറൽസയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. IV, VII, X, XII ക്ലാസ്സുകളിലെ മോറൽസയൻസ് വാർഷിക പരീക്ഷ കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന പൊതു പരീ ക്ഷയാണ്. അതിൽനിന്നും 90 ശതമാനമോ അതിനുമുകളിലോ മാർക്കു

വാങ്ങിയവരുടെ ഉത്തരക്കടലാസുകൾ കെ. സി. ബി. സി. കമ്മീഷൻ പുനർമുല്യനിർണ്ണയം നടത്തിയാണ് അവാർഡ് ജേതാക്കളെ നിശ്ച യിക്കുന്നത്. ആയതിനാൽ ഈ പരീക്ഷയിൽ 90 ശതമാനമോ അതി നുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ, കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷന് അയച്ചുകൊടുക്കുന്നതിനുവേണ്ടി, പരീക്ഷകഴിഞ്ഞ് 10 ദിവസത്തിനകം മതബോധനകേന്ദ്രത്തിൽ ലഭി ച്ചിരിക്കണം.

5. മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ 'ജനറൽ' എന്ന് പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.
6. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് സെക്കന്റ് ടേമിലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.
7. സ്കൂൾ കാറ്റക്കിസം, മോറൽ സയൻസ് വിഷയങ്ങൾക്ക് 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാമതബോധനകേന്ദ്രം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷകൾ പതിവുപോലെ ഉണ്ടായിരിക്കും. (Scheme of Work കാണുക) അതിരൂപതാ മതബോധനകേന്ദ്രത്തിൽനിന്ന് നൽകുന്ന ചോദ്യപേപ്പറുകൾ ഉപയോഗിച്ച് നിശ്ചിത സമയത്തുതന്നെ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

**5. Std. XII & ACC Common Examinations – February 2018**

1. ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതല യിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാ ഹാളിൽ മേൽനോ ട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെ ങ്കിൽ സ്വീകരിക്കാവുന്നതാണ്.
2. **XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷാരീതി:**
   **XII, ACC** വാർഷിക പരീക്ഷയ്ക്ക് യൂണിറ്റിൽനിന്ന് ഉത്തരക്കടലാസ്സു കൾ നല്കേണ്ടതില്ല. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേ ൽ പ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** സംവിധാനമാണ് തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷ യിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കു റിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
3. പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേ ശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷ യിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യ ങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ

നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

4. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും ചെല്ലേണ്ട യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.
5. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനപ്രകാരമാണ്. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ അഇഇ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.
6. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (തിയതികൾ മുകളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)
7. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

6. **സർവ്വീസ് അവാർഡ് ദിനം – 2018 ജനുവരി 26 വെള്ളിയാഴ്ച്ച** സർവ്വീസ് അവാർഡിന് അർഹരായ അധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. അവരെയും കുടുംബാംഗങ്ങളെയും പ്രത്യേകം പറഞ്ഞുവിടുമല്ലോ.

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് നല്കുന്നതായിരിക്കും.

1. Archdiocesan Level Aptitude Examination
2. SMCC Std. XII പ്രതിഭാസംഗമത്തിനുവേണ്ടി അതിരൂപതയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ആറ് വിദ്യാർത്ഥികൾ
3. 2017–2018 അധ്യയനവർഷത്തിലെ ഫൊറോന തല മോഡൽ യൂണിറ്റുകൾക്കും അതിരൂപതാതല ബെസ്റ്റ് മോഡൽ യൂണിറ്റിനുമുള്ള റോളിംഗ് ട്രോഫികൾ.

7. യൂണിറ്റ് വിസിറ്റിംഗ് ടീമംഗങ്ങളുടെ യോഗം ഡിസംബർ 10–ാം തിയ്യതി വളരെ നന്നായി നടന്നു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

പുതുവത്സരാശംസകളോടെ,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
(Asst. Directors)

**Fr. Raphael Akkamattathil**
(Director)

# Institute of THEOLOGY

1. **മാർ റാഫേൽ തട്ടിൽ പിതാവിന് ഭാവുകങ്ങൾ:** Institute of Theology യുടെ മുൻ ഡയറക്ടറും, മതാദ്ധ്യാപകർക്കുള്ള ദൈവ ശാസ്ത്ര പഠനങ്ങളുടെ സ്ഥാപകനുമായ ബഹു. റാഫേൽ തട്ടിൽ പിതാവിന് ഷംഷാബാദ് രൂപതാമെത്രാനെന്ന പുതിയ ഉത്തര വാദിത്വത്തിന്റെ നിർവ്വഹണത്തിന് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.
2 .**Award Day:** B.A.തിയോളജി കോഴ്സും, കറസ്പോണ്ടൻസ് തിയോളജി കോഴ്സും പൂർത്തിയാക്കി ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കോഴ്സ് പൂർത്തിയാക്കി യവരുടെ Certificates 2018 ജനുവരി 26–ാം തിയ്യതി ഡി. ബി. സി. എൽ. സി.–യിൽ നടക്കുന്ന Award Day Programme ൽ വിതരണം ചെയ്യുന്നതായിരിക്കും.
3. **B.A. in Theology and Religious Studies:**
ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office–മായി ബന്ധപ്പെടുക.
4. **Correspondence Theology Course:**
കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജനുവരി 14, 28 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.
5. **Basic Theology Course:**
സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2018 ജനുവരി 8–ന് (തിങ്കൾ) ആരംഭിക്കുന്നതാണ്. അർത്ഥി നികളെ ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് സന്യാസാധികാരികൾ ശ്രദ്ധിക്കുമല്ലോ.

പുതുവത്സരാശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)




**1. സ്നേഹോത്സവം**

വിദ്യാർത്ഥികളുടെ അജപാലനോന്മുഖ വളർച്ചക്ക് ഏറെ ഉപകരിക്കുന്ന ഇടവക നവീകരണ ശുശ്രൂഷയായ സ്നേഹോത്സവത്തിന് മേരിമാതാകുടുംബം 13–11–2017 മുതൽ ഒരുങ്ങിതുടങ്ങി. ബഹു. കുര്യൻ പുരമഠത്തിലച്ചൻ സ്നേഹോത്സവത്തോടനുബന്ധിച്ചുള്ള ഭവന സന്ദർശനങ്ങൾക്കായുള്ള അജപാലന–മനഃശാസ്ത്ര രീതികൾ പരിചയപ്പെടുത്തി ക്ലാസ്സെടുത്തു. സെമിനാരിയിലെ വൈദികരും ബ്രദേഴ്സും രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് കൂനംമൂച്ചിയിലും വേലൂപ്പാടത്തും സ്നേഹോത്സവത്തിന് നേതൃത്വം നൽകി. 2017 ഡിസംബർ 10 മുതൽ 15 ഉൾപ്പടെയുള്ള ദിവസങ്ങളിലായിരുന്നു രണ്ട് ഇടവകകളിലും സ്നേഹോത്സവം സംഘടിപ്പിച്ചത്.

**2. ഫുട്ബോൾ മാച്ച്**

സെമിനാരികൾ തമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിന് വർഷം തോറും നടത്തുന്ന മേജർ സെമിനാരി ഫുട്ബോൾ മാച്ച് ഇത്തവണയും തികഞ്ഞ ഉത്സാഹത്തോടെ നടത്തുകയുണ്ടായി. മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയുമായുള്ള കളി 15–11–2017 ബുധനാഴ്ചയായിരുന്നു നടന്നത്. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയുമായി കളി നടന്നത് നവംമ്പർ 23–ാം തിയ്യതിയായിരുന്നു. ഈ രണ്ടു കളികളിലും വിജയം മേരിമാതക്കൊപ്പമായിരുന്നു. 30–11–2017 ന് കോട്ടയം വടവാതൂർ സെമിനാരിയുമായി നടത്തിയ മാച്ചിൽ ഒരു ഗോളിന് മേരിമാതക്ക് കപ്പ് നഷ്ടമായി. ഏറെ ആവേശപൂർവ്വം നടന്ന ഫുട്ബോൾ മാമാങ്കത്തിലൂടെ പുതിയ പ്രതിഭകളെ കണ്ടെത്തുവാനും സ്നേഹബന്ധങ്ങൾ പുതുക്കുവാനും എല്ലാ ടീമുകൾക്കും സാധിച്ചു.

**3. ഗോൾഡൻ ജൂബിലിയാഘോഷം**

മേരിമാതായിലെ വൈദിക ശ്രേഷ്ഠരായ റവ.ഫാ. തോമസ് സ്രാമ്പിക്കൽ, റവ.ഫാ. മൈക്കിൾ കാരിമറ്റം എന്നിവരുടെ പൗരോഹിത്യ സ്വീകരണത്തിന്റെയും റെവ.ഫാ. ഇ. ജെ. തോമസ് എസ്.ജെ.യുടെ സന്ന്യാസസഭാ പ്രവേശനത്തിന്റെയും സെമിനാരിയിലെ മാതൃസാന്നിദ്ധ്യമായ സിസ്റ്റർ ബാൾവീനായുടെ സമർപ്പിതജീവിതത്തിന്റെ

യും സുവർണ്ണജൂബിലി നവംബർ 16–ാം തിയ്യതി ഹൃദ്യമായി ആഘോഷിച്ചു. രാവിലെ 10 മണിക്ക് ആഘോഷപൂർവ്വകമായ സമൂഹബലിയും 11.30 ന് ആശംസായോഗവും നടന്നു. അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും ആശംസകളർപ്പിച്ച് സംസാരിച്ചു. ഗോൾഡൻ ജൂബിലിയുടെ നിറവിൽ നിൽക്കുന്നവരെ അഭിവന്ദ്യ പിതാക്കന്മാർ പൊന്നാടയണിയിച്ച് അനുമോദിച്ചു.

**4. മാർ ടോണി നീലങ്കാവിൽ പിതാവിന് സ്വീകരണം**

തൃശ്ശൂർ അതിരൂപതയുടെ പുതിയ സഹായ മെത്രാനായി സ്ഥാനമേറ്റ മേരിമാതായുടെ മുൻ റെക്ടർ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് നവംബർ 21–ാം തിയ്യതി മേരിമാതായിൽ സ്വീകരണമൊരുക്കി. വൈകിട്ട് 5.45 ന് സമൂഹബലി ആരംഭിച്ചു. തുടർന്ന് 7.30 ന് അനുമോദനയോഗം ചേർന്നു. സെമിനാരിയുടെ നന്ദിയും സ്നേഹവും ആശംസകളും അറിയിച്ചുകൊണ്ട് മോൺ.ജോർജ്ജ് മാനാടൻ സംസാരിച്ചു. സെമിനാരിയിൽ നിന്നുള്ള യാത്രയയപ്പുകൂടിയായിരുന്ന പ്രസ്തുത യോഗത്തിൽ മാർ ടോണി പിതാവിന്റെ സെമിനാരിയിലെ നിസ്തുല സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് ബ്ര. ലിബിൻ പുത്തൻപുരയ്ക്കൽ, ശ്രീമതി ലീല ഫ്രാൻസിസ് എന്നിവർ യഥാക്രമം സെമിനാരി വിദ്യാർത്ഥികളെയും അനദ്ധ്യാപക സ്റ്റാഫിനെയും പ്രതിനിധീകരിച്ച് സംസാരിച്ചു.

**5. മാർ റാഫേൽ തട്ടിൽ പിതാവിന് യാത്രാമംഗളങ്ങൾ**

ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി സ്ഥാനമേറ്റിരിക്കുന്ന മേരിമാതാ സെമിനാരിയുടെ മുൻ റെക്ടർ കൂടിയായിരുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് 23–11–2017 ന് സമുചിതമായി യാത്രയയപ്പ് നൽകി. അഭിവന്ദ്യ പിതാവ് അന്നു വൈകിട്ട് 6.30 ന് സെമിനാരി ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് സെമിനാരിക്കാരുമൊത്ത് നടത്തിയ യോഗത്തിൽ പിതാവ് തന്റെ അനുഭവങ്ങളും ആഗ്രഹങ്ങളും ആശങ്കകളുമെല്ലാം പങ്കുവച്ചു. ബ്രദേഴ്സിന്റെ ചോദ്യങ്ങൾക്ക് പിതാവ് പൈതൃക വാത്സല്യത്തോടെ മറുപടി നൽകി. ബഹു. മൈക്കിൾ കാരിമറ്റമച്ചൻ അഭിവന്ദ്യ പിതാവിന് ആശംസകളർപ്പിച്ച് സംസാരിക്കുകയും പൊന്നാടയണിയിച്ച് സെമിനാരിയുടെ അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

**6. എക്സ്റ്റൻഷൻ ലക്ച്ചർ**

ഡിസംബർ ഒന്നാം തിയ്യതി **മദ്യവിപത്തും കേരളവും** എന്ന വിഷയത്തെ അധികരിച്ച് ബഹു. ദേവസി പന്തല്ലൂക്കാരനച്ചൻ നടത്തിയ പ്രഭാഷണം ശ്രദ്ധേയമായി. സമൂഹത്തിൽ നാശം വിതക്കുന്ന മദ്യസംസ്ക്കാരത്തിനെതിരെ പ്രതികരിക്കുവാൻ അച്ചൻ സെമിനാരി വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. തീർത്തും സരസവും ആകർഷകവുമായ രീതിയിൽ ഗൗരവാർഹമായ വസ്തുതകളെ അവ

തരിപ്പിച്ചുകൊണ്ട് സെമിനാരിക്കാരുടെ മനസ്സുകളെ പിടിച്ചിരുത്തുവാൻ അച്ചനു നിഷ്പ്രയാസം സാധിച്ചു. വിദ്യാർത്ഥികളിൽ നിന്ന് ഉയർന്നുവന്ന സംശയങ്ങൾക്ക് സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ വ്യക്തമായ മറുപടികൾ അച്ചൻ നൽകി.

**7. അമലോത്ഭവമാതാവിന്റെ തിരുനാൾ**

പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാളും സെമിനാരിയുടെ അടിസ്ഥാന ശിലാസ്ഥാപനത്തിന്റെ 20–ാം വാർഷികവും 2017 ഡിസംബർ 8–ാം തിയ്യതി ആഘോഷിച്ചു. മോൺ. ജോർജ്ജ് കോമ്പാറയുടെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വൈകീട്ട് നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം സെമിനാരി കുടുംബത്തെ പൂർണ്ണമായി ദിവ്യകാരുണ്യനാഥന് സമർപ്പിക്കുന്നതിനായുള്ള മഹനീയമായഅവസരമായിരുന്നു.

## ബേഴ്സ് സ്ഥാപിച്ചവർ

### Individual Patron Membership

1. ശ്രീമതി. നീനു അനിൽ, C/o അനിൽ ബോസ്, കാഞ്ഞിരത്തിങ്കൽ ഹൗസ്, വടക്കഞ്ചേരി.
2. റെവ. ഫാ. ജോയ് പുത്തൂർ, സെന്റ് മാത്യൂസ് ചർച്ച്, പാലക്കൽ.

### Individual Benefactor Membership

1. ശ്രീമതി. എൻ. ഇ. മേരി, C/o പി. ടി. ജോയ്, പയ്യപ്പിള്ളി പുളുവൻ ഹൗസ്, ചിയ്യാരം.
2. ശ്രീ. ലൂയീസ് ചാണ്ടി, ചാണ്ടി ഭവൻ, കണ്ണംകുളങ്ങര.

### Individual Well wisher Membership

1. ശ്രീ. ജോസ് ആന്റോ, എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ.
2. ശ്രീ. പി. വി. ജോസ്, പൂവത്തുക്കാരൻ ഹൗസ്, ചെങ്ങാലൂർ.
3. ശ്രീ എ. എൽ. ജോൺ, ആലപ്പാട്ട് ഹൗസ്, പെരുമ്പുള്ളിശ്ശേരി.
4. ശ്രീ. ഫ്രാൻസിസ് കെ. പി., കല്ലേരി ഹൗസ്, ചെവ്വൂർ.
5. ശ്രീ. ലിജോ ടി. ഒ., തൊഴുത്തുപറമ്പിൽ ഹൗസ്, പെരുമ്പുള്ളിശ്ശേരി.
6. ശ്രീമതി. സിസിലി ജോസ്, C/o ശ്രീമതി റോസി ജോസ്, പെരുമാട്ടിൽ ഹൗസ്, ഏനാമാക്കൽ.

ദൈവപിതാവ് തന്റെ പുത്രനെ മാനവകുലത്തിന് ഏറ്റവും വലിയ ദാനമായി നൽകിയത് അനുസ്മരിക്കുന്ന ഈയവസരത്തിൽ ദാനബോധം സ്വന്തമാക്കി വൈദിക പരിശീലനപ്രക്രിയയിൽ സഹകാരികളായിട്ടുള്ള എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

**ഏകദിന ജീവിതമാർഗ്ഗദർശന സെമിനാറുകൾ**

2017 നവംബർ 25, ഡിസംബർ 2 എന്നീ തിയ്യതികളിൽ യഥാക്രമം 8,9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായുള്ള ഏകദിന ജീവിതമാർഗ്ഗദർശന സെമിനാറുകൾ മൈനർ സെമിനാരിയിൽ വച്ചു നടന്നു. ബഹു. സിൻസൻ എടക്കളത്തൂരച്ചനും, ബഹു. പ്രദീപ് മാപ്രാണത്തുകാരനച്ചനും സെമിനാറുകൾക്ക് നേതൃത്വം കൊടുത്തു. 8–ാം ക്ലാസ്സിൽ നിന്നും 136 കുട്ടികളും 9–ാം ക്ലാസ്സിൽ നിന്നും 246 കുട്ടികളും പങ്കെടുത്തു.

**ആരാധന ദിനം**

നവംബർ 26–ാം തിയ്യതി ക്രിസ്തു രാജത്വത്തിരുന്നാൾ ദിനം സെമിനാരി കുടുംബം ആരാധനദിനമായി ആചരിച്ചു. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാന മണിക്കൂറിൽ സെമിനാരിക്കാരുടെ മാതാപിതാക്കളും പങ്കെടുത്തിരുന്നു.

**മാർ ടോണി നീലങ്കാവിൽ പിതാവിനു സ്വീകരണം.**

തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ട മാർ ടോണി നീലങ്കാവിൽ പിതാവ് നവംബർ 27–ന് സെമിനാരിയിൽ ദിവ്യബലി അർപ്പിക്കുകയും സെമിനാരികുടുംബം അഭിവന്ദ്യപിതാവിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും ചെയ്തു.

**അഭിവന്ദ്യപിതാവിന്റെ നാമഹേതുകത്തിരുന്നാൾ**

നാമഹേതുകതിരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നവം. 29–ന് സെമിനാരിയിൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. സെമിനാരികുടുംബം അഭിവന്ദ്യപിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

**അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനാഘോഷം**

ഡിസംബർ 13–ന് ജന്മദിനമാഘോഷിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ് തൂങ്കുഴിപിതാവിനും വേണ്ടി സെമിനാരികുടുംബം പ്രത്യേകമായി പ്രാർത്ഥിച്ചു. ഡിസം. 13–ാം തീയതി അഭിവന്ദ്യ മാർ തൂങ്കുഴി പിതാവും ഡിസം. 18–ാം തീയതി അഭിവന്ദ്യമാർ ആൻഡ്രൂസ്

താഴത്ത് പിതാവും സെമിനാരിയിൽ വി.ബലി അർപ്പിച്ച് സന്ദേശം നൽകുകയും സെമിനാരി കുടുംബം അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകളർപ്പിക്കുകയും ചെയ്തു.

**മാസധ്യാനം**

മൈനർസെമിനാരിക്കാർക്കും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും ഡിസം. 8, 9 തീയതികളിലും റീജൻസിബ്രദേഴ്സിനു ഡിസം. 15, 16 തീയതികളിലും മാസധ്യാനം നടന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. ജോൺപോൾ ചെമ്മണ്ണൂർ അച്ചനും ഡിഗ്രിക്കാർക്ക് ബഹു. ജിയോ ചെരടായ് അച്ചനും റീജൻസിക്കാർക്ക് ബഹു. വിൽസൺ കണ്ണനായിക്കൽ അച്ചനും ധ്യാനചിന്തകൾ പങ്കുവച്ചു.

**പരീക്ഷകൾ, അവധിക്കാലം**

സെക്കന്റ് ടേമിലെ പരീക്ഷകൾ ഡിസം. 7–20 വരെയുള്ള ദിവസങ്ങളിലായിരുന്നു. ഡിസം. 20–ന് വൈകിട്ട് ക്രിസ്മസ്സ് ആഘോഷപരിപാടികൾ നടത്തി. ഡിസം. 21 മുതൽ 2018 ജനുവരി 1 വരെയാണ് ക്രിസ്തുമസ്സ് അവധി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. സി.എ.ജോസ്, ചാലിശ്ശേരി ഹൗസ്, കണ്ണംകുളങ്ങര
2. റവ. ഫാ. ജോയ് മൂക്കൻ
3. ശ്രീ. റോബിൻ ജോസ്, ചാലിശ്ശേരി ഹൗസ്, ചുങ്കം, തൃശൂർ
4. ശ്രീമതി ലൂസി പോൾ, മൂക്കൻ ഹൗസ്, നെല്ലിക്കുന്ന്
5. വെ. റവ. ഫാ. പോൾ താണിക്കൽ
6. ശ്രീ ജെറിൻ ജോസഫ്, അരിമ്പൂർമുത്തുപീടിക ഹൗസ്, എരുമപ്പെട്ടി
7. ശ്രീ. വർഗ്ഗീസ് പി.ജെ. പനയ്ക്കൽ ഹൗസ്, എരുമപ്പെട്ടി
8. ശ്രീ. ടി.ജെ. ഡേവിസ്, തറയിൽ ഹൗസ്, എരുമപ്പെട്ടി
9. ശ്രീമതി ഷൈനി ഷിബു, കൊച്ചുചിറവയലിൽ ഹൗസ്, എരുമപ്പെട്ടി
10. ശ്രീ. പി.ടി.സേവ്യർ, പാലയൂർ ഹൗസ്, എരുമപ്പെട്ടി
11. ശ്രീ, എ.എ. സെബാസ്റ്റ്യൻ, ആളൂർ കിഴക്കൂട്ട് ഹൗസ്, എരുമപ്പെട്ടി
12. ശ്രീ. ജേക്കബ് ബാബു പുത്തൂർ ഹൗസ്, എരുമപ്പെട്ടി
13. ശ്രീ. കെ.ജെ. ജോർജ്ജ്, കൊച്ചുപറമ്പിൽ ഹൗസ്, എരുമപ്പെട്ടി
14. റവ. ഫാ. ജോയ് പുത്തൂർ
15. ശ്രീമതി മേഗി ഷമ്മി, വടക്കൂട്ട് ഹൗസ്, ചിയാരം
16. ശ്രീ. എം.സി. ഔസേപ്പ്, മാപ്രാണി ഹൗസ്, ഒല്ലൂർ
17. ശ്രീ. വി.ജെ. ജോഷി, വടക്കൻ ഹൗസ്, കൂർക്കൻചേരി
18. ശ്രീമതി റോസമ്മ പയസ്, മഞ്ഞളി ഹൗസ്, കുറ്റൂർ

പ്രാർത്ഥനയാലും ത്യഗപൂർണ്ണമായ സംഭാവനകളാലും ഈശോയുടെ സഭയെയും സഭാശുശ്രൂഷകരെയും പിന്തുണയ്ക്കുന്ന എല്ലാവരെയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ,**
റെക്ടർ.




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി മിഷനാശുപത്രിയിൽ അന്താരാഷ്ട്ര റേഡിയോളജി ദിനാചരണം**

അന്താരാഷ്ട്ര റേഡിയോളജി ദിനം വിവിധ പരിപാടികളോടുകൂടി ജൂബിലി മിഷനാശുപത്രിയിൽ ആഘോഷിച്ചു. അന്നേദിവസം തന്നെ അത്യാധുനികമായ രണ്ട് അൾട്രാസൗണ്ട് സ്കാനറുകളുടേയും നൂതന PACS സംവിധാനത്തിന്റേയും ഉദ്ഘാടനവും നടത്തപ്പെട്ടു. ഉദ്ഘാടന ചടങ്ങുകൾക്ക് റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. ഡി.ആർ.എസ്. ഡയറക്ടർ കെ. എ. ഡേവീസ് മുഖ്യാതിഥി യായിരുന്നു. പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, ഡോ. അലക്സ്, ഫാ. ടിജോ മുല്ലക്കര, ശ്രീ. ഡൊമിനിക് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടനചടങ്ങിനുശേഷം തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി എമർജൻസി റേഡിയോളജി എന്ന വിഷയത്തിൽ ഡോ. ഗോവിന്ദനുണ്ണി, ഡോ. പി. സി. ഗിൽവാസ്, ഡോ. എം.വി. സുരേഷ്, ഡോ. ബാബു പാലാട്ടി, ഡോ. നീത ജോർജ്ജ്, ഡോ. എം. ആർ. ബാലചന്ദ്രൻനായർ, ഡോ. അനീഷ് എം. കെ., ഡോ. ആനന്ദ് മാത്യു, ഡോ. നിമി മരിയ ആൻഡ്രൂസ് തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു**

ജൂബിലി മിഷൻ ആശുപത്രിയിലെ പേഷ്യന്റ് റിലേഷൻസ് ഡിപാർട്ടു മെന്റും, പീഡിയാട്രിക് ഡിപാർട്ടുമെന്റും സംയുക്തമായി ശിശുദിനാ ഘോഷങ്ങൾ നടത്തി.

കേരള ലളിതകലാ അക്കാദമി സെക്രട്ടറി ശ്രീ പൊന്യം ചന്ദ്രൻ തിരിതെളിയിച്ച് ശിശുദിനാഘോഷം ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്

അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത പരിപാടിയിൽ, ജൂബിലി മിഷൻ ഹോസ്പിറ്റലിൽ സംഘടിപ്പിച്ച ജൂബിലി കളേഴ്സ് 2017 ജില്ലാതല ചിത്രരചനാ മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം നടത്തി. ജൂബിലി മിഷൻ ആശുപത്രി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ മുള്ളക്കര, ജൂബിലി മിഷൻ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. സി.വി. ആൻഡ്രൂസ് കാക്കനാട്, ശിശുരോഗവിഭാഗം പ്രഫസർ ഡോ. സൻജീവ് കുമാർ, ശിശുരോഗവിഭാഗം നേഴ്സിങ്ങ് മേധാവി സി. ക്ലാരിസ്, പേഷ്യന്റ് റിലേഷൻ വിഭാഗം മേധാവി ശ്രീ. പ്രവീൺ ജോർജ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ വേദിയിൽ അരങ്ങേറി.

**ജൂബിലി മിഷനാശുപത്രിയിലെ വാസ്കുലാർ സർജറി വിഭാഗം പുനർനവീകരണം ഡോ. കെ. എസ്. നീലകണ്ഠൻ ചാർജെടുത്തു**

ജൂബിലി മിഷൻ ആശുപത്രിയുടെ വാസ്കുലാർ സർജറി വിഭാഗത്തിന്റെ തലവനായി ഇന്ത്യയിലെ പ്രമുഖ വാസ്കുലർ ആന്റ് തൊറാസിക് സർജൻ ഡോ. കെ. എസ്. നീലകണ്ഠൻ ചാർജെടുത്തു. ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്ന് കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി വിഭാഗം മേധാവിയായി വിരമിച്ച അദ്ദേഹം പതിനായിരത്തിലധികം കാർഡിയാക്, ജനറൽ തൊറാസിക് ആന്റ് വാസ്കുലാർ സർജറികൾ ചെയ്തിട്ടുണ്ട്. അദ്ദേഹം അയോർട്ടിക് അന്യൂറിസം സർജറിയിൽ ഇന്ത്യയിൽ തന്നെ ഒന്നാമനാണ്. ശ്വാസകോശവുമായി ബന്ധപ്പെട്ട സർജറികളിലും ഓപ്പൺ ആന്റ് എന്റോവാസ്കുലർ അയോർട്ടിക് അന്യൂറിസം റിപ്പയറിങ്ങിലും വളരെയധികം പരിചയസമ്പനാണ് അദ്ദേഹം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ആശുപത്രികളിൽ വിസിറ്റിങ്ങ് വാസ്കുലാർ ആന്റ് തൊറാസിക് സർജനായി പ്രവർത്തിച്ചുവരുന്നു. ഗോദ്റേജ് കരായ് ഓറേഷൻ, വീര റെഡ്ഢി ഓറേഷൻ ഓഫ് വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ (2007), ഫെല്ലോ ഓഫ് നാഷണൽ അക്കാദമി ഓഫ് ദി മെഡിക്കൽ സയൻസസ് എന്നീ പുരസ്കാരങ്ങളും, 120–ൽ പരം പ്രബന്ധങ്ങളും അദ്ദേഹത്തിന്റെ പേരിലുണ്ട്.

വിപുലീകരണ ചടങ്ങിന്റെ ഉദ്ഘാടനം ശ്രീ. തോംസൺ ജോസ് ഐ.പി.എസ്. നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ സ്വാഗതം ആശംസിച്ചു. ഡോ. ബാബുരാജൻ എ. കെ., ഡോ. വിനീത് കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. ടി. ഗോവിന്ദനുണ്ണി നന്ദി പറഞ്ഞു.

**ജൂബിലി ഗവേഷണ കേന്ദ്രം ധാരണാപത്രം ഒപ്പുവെച്ചു**

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ (ICMR) കീഴിൽ അഹമ്മദാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്തുമായി സഹകരിച്ച് പഠന-ഗവേഷണ പരിശീലന മേഖലകളിൽ പ്രവർത്തിക്കുന്നതിന് അടിസ്ഥാനമായ ധാരണാപത്രം തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ വിഭാഗം ഒപ്പുവെച്ചു. തൊഴിൽ മേഖലയിലെ പ്രത്യേകിച്ച് കേരളത്തിലെ ചെറുതും വലുതുമായ തൊഴിൽ മേഖലയിലെ ആരോഗ്യപ്രശ്നങ്ങളും അതിനുള്ള പ്രതിവിധിയും മുൻകരുതലും കണ്ടെത്തുന്നതിനുള്ള യോജിച്ച ഗവേഷണ പദ്ധതികൾക്ക് ഇതോടെ തുടക്കമാവും. NIOH-ന് വേണ്ടി ഡയറക്ടർ ഡോ. സുനിൽ കുമാറും ജൂബിലിക്കുവേണ്ടി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും ധാരണാപത്രം കൈമാറി. ചടങ്ങിൽ ഗവേഷണ കേന്ദ്രം മാനേജിങ്ങ് ബോർഡ് ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു.

കഴിഞ്ഞ സെപ്റ്റംബറിൽ ഗവേഷണകേന്ദ്രം സംഘടിപ്പിച്ച ജനിതകശാസ്ത്ര ദേശീയ സിമ്പോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ ISBN നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചു. ആദ്യപ്രതി ആർച്ച്ബിഷപ്പ്, ഡിഫൻസ് റിസർച്ചിന്റെ മുൻ ഡയറക്ടർ ഡോ. ലാസർ മാത്യുവിന് നൽകി പ്രകാശനം ചെയ്തു.

ജൂബിലി ആരോഗ്യഗവേഷണ കേന്ദ്രത്തിന്റെ ഉപദേശക സമിതിയോഗവും ഇതിനോടനുബന്ധിച്ച് നടന്നു. ഡോ. എൻ. ശ്രീകുമാരൻ നായർ (JIPMER, പോണ്ടിച്ചേരി), ഡോ. പി. എ. സുരേഷ് (ICCONS,. ഷൊർണൂർ), ഡോ. സി. കെ. കെ. നായർ (പുഷ്പഗിരി ഗവേഷണകേന്ദ്രം, തിരുവല്ല), ഡോ. കെ. എസ്. ഷാജി (ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ)

എന്നിവരും ജൂബിലിയിൽ നിന്നുള്ള ശാസ്ത്രജ്ഞരും ഉപദേശകസമിതി യോഗത്തിൽ പങ്കെടുത്തു. ഗവേഷണ വിഭാഗം മേധാവി ഡോ. ഡി.എം. വാസുദേവൻ ജൂബിലിയിലെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചു. വിവിധ ഗവേഷണ പദ്ധതികൾക്ക് നേതൃത്വം നൽകുന്ന ഡോ. ചിത്ര വത്സൻ, ഡോ. ബാബു ഉറുമീസ് പാലാട്ടി, ഡോ. ധന്യ ഉണ്ണികൃഷ്ണൻ, ഡോ. അലക്സ് ജോർജ്ജ്, ഡോ. മാത്യു ജോ എന്നിവരും ഗവേഷണ പദ്ധതികൾ വിശദീകരിച്ചു.

തിരുവനന്തപുരത്തെ കേന്ദ്രഗവമെന്റ് ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (NIIST) യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ. ജി. രഘു പ്രസ്തുത സ്ഥാപനം ജൂബിലിയുമായി ചേർന്ന് നടത്താൻ കേന്ദ്ര

ഗവൺമെന്റ് ഏജൻസികളിൽ നിന്ന് സാമ്പത്തികസഹായം ലഭിച്ച മൂന്ന് ഗവേഷണ പദ്ധതികളെകുറിച്ച് വിശദീകരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ.പി.ടി. അണ്ണാമല, റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ വർഗ്ഗീസ്, ഡോ. എസ്. രഞ്ജിത്ത്, ജൂബിലി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് എന്നിവരും യോഗത്തിൽ പങ്കെടുത്തു. അസി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കര നന്ദി പ്രകാശിപ്പിച്ചു.

**അഭിനന്ദനങ്ങൾ ... ആശംസകൾ ...**

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടന്ന ക്വിസ് കോമ്പറ്റീഷനിൽ ഡോ. കിരൺ തിലകരാജൻ, ഡോ. ജെറി ജോർജ്ജ് എന്നിവർ ഒന്നാം സ്ഥാനം നേടി.

ഡോ. ബിനിൽ ഐസക് മാത്യു സയന്റിഫിക് സെഷൻ ഓഫ് ISACON-2017 ന്റെ (65–ാം വാർഷിക നാഷണൽ കോൺഫറൻസ് ഓഫ് ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേസിയോളജിസ്റ്റ്) സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. 'Anaesthesia for Aortic Arch Repair' ആണ് വിഷയം.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

എഫ്. സി. സി. സിസ്റ്റേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (100 ഡയാലിസിസ്)

ശ്രീ. ജോയ് ചാണ്ടി, ചാണ്ടി ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)

ശ്രീ. നിഖിൽ ജോസഫ്, ലൂർദ്ദ്പുരം, തൃശ്ശൂർ (20 ഡയാലിസിസ്)

ലൂർദ്ദ് മെട്രോപൊളിറ്റിൻ കത്തീഡ്രൽ, തൃശ്ശൂർ (66 ഡയാലിസിസ്)

ബൈജു ജോസഫ്, ചിറമൽ ഹൗസ്, മണലൂർ പി. ഒ., തൃശ്ശൂർ (100 ഡയാലിസിസ്)

ശ്രീമതി സ്മിത വർഗ്ഗീസ്, ആലുക്ക ഹൗസ്, അരിസ്റ്റോ റോഡ്, തൃശ്ശൂർ (80 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

മില്ലേനിയം ഗോൾഡ്, എം. ജി. റോഡ്, എറണാകുളം ( 80 ഡയാലിസിസ്)

സെന്റ് മേരീസ് ചർച്ച്, ആമ്പക്കാട്, പുഴയ്ക്കൽ, തൃശ്ശൂർ (112 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം** : പുതിയ പ്രിൻസിപ്പലായി ചുമതലയേറ്റ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. യെ മാനേജ്മെന്റ് അംഗങ്ങളും, സ്റ്റാഫും ചേർന്ന് ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്തു. സ്ഥാനമൊഴിഞ്ഞ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബുവിന് കോളേജിന്റെ നേതൃത്വത്തിൽ സമുചിതമായ യാത്രയയപ്പും നല്കി.

**Jyothi Engineering College in Cambridge University:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിനെ പ്രതിനിധീകരിച്ച് ഫാ. റോയ് ജോസഫ് വടക്കൻ (അസി. മാനേജർ), കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നടന്ന Round Table Conferenceൽ പങ്കെടുത്തു.

**പ്രധാനമന്ത്രി കൗശൽ വികാസ് യോജന കോഴ്സുകൾ** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ, കേന്ദ്രഗവൺമെന്റിന്റെ പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ) പദ്ധതി പ്രകാരം, 2018 ജനുവരി 20 മുതൽ 4 മാസം നീണ്ടുനില്ക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നു. പ്രായോഗിക പരിശീലനത്തിന് ഊന്നൽ നല്കുന്ന ഈ കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് രാജ്യത്തിനകത്തും, പുറത്തും തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. മാത്രമല്ല പ്രസ്തുത കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ നല്കുന്ന സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. അസിസ്റ്റന്റ് ഇലക്ട്രീഷൻ, പ്ലംബിംഗ്–ജനറൽ, ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ എന്നീ കോഴ്സുകളാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിക്കുന്നത്. അസിസ്റ്റന്റ് ഇലക്ട്രീഷൻ, പ്ലംബർ എന്നീ കോഴ്സുകൾക്ക് എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർക്കും, ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ കോഴ്സിന് ബി.ടെക്. (കമ്പ്യൂട്ടർ സയൻസ്/ഐ.ടി.), ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്), ബി.സി.എ. യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. കോഴ്സ് തികച്ചും സൗജന്യമാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസിൽ/വെബ്സൈ

റ്റിൽ **(www.jecc.ac.in)** ലഭ്യമായ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04884–259000, 9400191532 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

**അസി. മാനേജേഴ്സ്**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

### മെറിറ്റ് ഡേ സംഘടിപ്പിച്ചു

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ നവംബർ 9–ാം തിയ്യതി 2015–2017 ബി.എഡ്.ബാച്ചിന്റെ മെറിറ്റ് ഡേ അത്യധികം വർണാഭമായി ആഘോഷിച്ചു. മിന്നും താരങ്ങളായ വിദ്യാർത്ഥികൾ ഗൗണും ക്യാപ്പും ധരിച്ച് പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ റവ.ഫാ.ചാക്കോ ചിറമ്മൽ സ്വാഗതം ചെയ്തു. കോളേജ് മാനേജർ റവ.ഫാ.ബാബു അപ്പാടൻ അദ്ധ്യക്ഷത വഹിച്ചു. ചേലക്കര ഫൊറോന പള്ളി വികാരി റവ.ഫാദർ റാഫേൽ താണിശ്ശേരി ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ.തോമസ് മാത്യു മുഖ്യ പ്രഭാഷണം നടത്തി. കോളേജ് ഫസ്റ്റ് കരസ്ഥമാക്കിയ റിതു വത്സനെയും, മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളെയും അനുമോദിക്കുകയും, സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. വൈസ് ചെയർപേഴ്സൺ അനീറ്റ.പി.ജോസഫിന്റെ നന്ദി പ്രകടനത്തോടെ പരിപാടി സമാപിച്ചു.

**എയ്ഡ്സ് ബോധവത്കരണം സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ എയ്ഡ്സ് ദിനത്തിന്റെ മുന്നോടിയായി നവംബർ 2–ാം തിയ്യതി ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ആന്റി അടാട്ട് ക്ലബ്ബിന്റെയും, നാച്ചുറൽ സയൻസ് വിഭാഗത്തിന്റെ സംയുക്ത പ്രവർത്തനത്തിലും, അധ്യാപിക സാനി തോമസിന്റെ നേതൃത്വത്തിലായിരുന്നു പരിപാടി നടത്തിയത്. പരിപാടിയിൽ ഫാദർ ഫെബിൻ കൂത്തുർ സ്വാഗതം പറഞ്ഞു. റവ.ഫാദർ ബാബു അപ്പാടൻ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. തുടർന്ന് ഫ്ളാഷ് മോബും, എയ്ഡ്സ് രോഗികളെ അവഗണിക്കുന്നതു പ്രമേയമാക്കി ഒരു സ്കിറ്റും അരങ്ങേറി. പരിപാടിയിൽ പ്രിൻസിപ്പൽ റവ.ഫാ.ചാക്കോ ചിറമ്മൽ മുഖ്യ സന്ദേശം നൽകി. തുടർന്ന് സ്റ്റെഫി പോളിന്റെ നന്ദി പ്രകടനത്തോടെ പരിപാടി സമാപിച്ചു.

**മോഡൽ പരീക്ഷ ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്ക് നവംബർ 29–ാം തിയ്യതി മോഡൽ പരീക്ഷ ആരംഭിച്ചു. വിദ്യാർത്ഥികളിൽ സെമസ്റ്റർ പരീക്ഷകളിൽ മികച്ച നിലവാരം പുലർത്തുന്നതിന് മോഡൽ പരീക്ഷ വളരെയധികം പ്രയോജനപ്പെട്ടു.

**ക്രിസ്തുമസ്സ് ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ഡിസംബർ 21–ാം തിയ്യതി അത്യധികം വിപുലമായി ക്രിസ്തുമസ് ആഘോഷിച്ചു. ഇതിന്റെ ഭാഗമായി ഡിസംബർ 1 മുതൽ 25 വരെ സുകൃതജപങ്ങൾ ചൊല്ലി. തദവസരത്തിൽ ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ കൈമാറി.

**വെക്കേഷൻ ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ഡിസംബർ 22 മുതൽ ക്രിസ്തുമസ്സ് അവധി നൽകി. ജനുവരി 1–ാം തിയ്യതി ബി.എഡ് ക്ലാസുകൾ ആരംഭിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

## മാർ റാഫേൽ തട്ടിൽ പിതാവിന്

### സെന്റ് തോമസ് കോളേജിന്റെ യാത്രയയപ്പ്

11 വർഷക്കാലം തൃശൂർ സെന്റ് തോമസ് കോളേജിന്റെ മാനേജരായി സ്തുത്യർഹസേവനം കാഴ്ചവച്ച്, ഇപ്പോൾ ഷംഷാബാദ് രൂപതയുടെ പുതിയ മെത്രാനായി നിയമിതനായിരിക്കുന്ന മാർ റാഫേൽ തട്ടിലിന് സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികളും ജീവനക്കാരും പിടിഎയും പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് സമുചിതമായ യാത്രയയപ്പ് നൽകി. കോളേജിന്റെ ചരിത്രത്തിലെ സുവർണ്ണ ലിപികൾ എഴുതിച്ചേർത്തയാളെന്ന നിലയിലാണ് മാർ റാഫേൽ തട്ടിലിനെ, തൃശൂർ കണക്കാക്കുകയെന്ന് ഉദ്ഘാടനം നിർവഹിച്ച കോളേജ് പാട്രണും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. കോളേജിന് സ്വയംഭരണം, യുജിസിയുടെ സെന്റർ ഫോർ പൊട്ടൻഷ്യൽ എക്സലൻസ്, കോളേജിന്റെ അച്ചടക്കം തുടങ്ങിയ കാര്യങ്ങളിൽ മാർഗ്ഗദർശിയായിരുന്നു മാർ തട്ടിലെന്ന് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അനുസ്മരിച്ചു. ഇതോടൊപ്പംതന്നെ പാട്രൻസ് ഡെയും പുതിയ മാനേജർ മാർ ടോണി നീലങ്കാവിലിന് സ്വാഗതവും സെന്റ് തോമസ് കോളേജ് നൽകി.

സെന്റ് തോമസ് കോളേജുമായി തനിക്കുള്ള പൊക്കിൾക്കൊടി ബന്ധത്തെ മാർ റാഫേൽ തട്ടിൽ അനുസ്മരിച്ചപ്പോൾ സദസ്സ് വികാരാധീനമായി. താൻ പഠിച്ച സ്ഥാപനത്തിന്റെ മാനേജരായുള്ള തന്റെ നിയമനം ദൈവനിയോഗമെന്നു പറഞ്ഞ മാർ തട്ടിൽ, എല്ലാവരുടെയും സഹകരണത്തിന് നന്ദി പറഞ്ഞു. ഡോ. ജോർജ്ജ് അലക്സ്, ശ്രീ. സി.സി. ജോയ്, ശ്രീ. ശബരിദാസ്, ഡോ. സി.ടി. പോൾ, ശ്രീമതി ശോഭന പുഷ്പാംഗദൻ, ഡോ. സി.കെ. തോമസ്, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ തു

ടങ്ങിയവർ ആശംസകളർപ്പിച്ചു. മീറ്റിംഗിനു ശേഷം കോളേജിലെ പൂർവവിദ്യാർത്ഥികളായിരുന്ന ഔസേപ്പച്ചൻ, മനോജ് ജോർജ്ജ്, അൽഫോൻസ്, ഫ്രാങ്കോ സൈമൺ, അനൂപ് കിഷോർ, മണികണ്ഠൻ, ശിഖ പ്രഭാകർ, ശ്രുതി എന്നിവരുടെ നേതൃത്വത്തിൽ സംഗീതപരിപാടിയും ഉണ്ടായിരുന്നു.

**സഹപാഠിക്കൊരു വീട്**

തൃശൂർ സെന്റ് തോമസ് കോളേജിൽ സഹപാഠിക്കൊരു വീടിനു വേണ്ടി സമാഹരിച്ച മൂന്നുലക്ഷം രൂപയുടെ ചേക്ക് അർഹയായ വിദ്യാർത്ഥിയുടെ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. തോമസ് പോൾ കാട്ടൂക്കാരന് നൽകി പ്രശസ്ത സിനിമാനടൻ ജയസൂര്യ ഈ വർഷത്തെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു. ഇത് രണ്ടാം വർഷമാണ് വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽനിന്നും സമാഹരിച്ച തുകകൊണ്ട് ഏറ്റവും അർഹതയുള്ള വിദ്യാർത്ഥിക്ക് വീട് പണിയുന്നതിനുള്ള സാമ്പത്തികസഹായം നൽകുന്നത്. നിർദ്ധനരായ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ചികിത്സാ സഹായവും ഡയാലിസിസിനുള്ള സഹായവും നൽകിവരുന്നു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രോഗ്രാം കോർഡിനേറ്റർ ഡോ. മിജോയ് ജോസ്, വൈസ് പ്രിൻസിപ്പാൾമാരായ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. ഇഗ്നേഷ്യസ് ആന്റണി തുടങ്ങിയവർ സംസാരിച്ചു.

**കരിയർ സെമിനാർ**

കൊമേഴ്സ് ഗവേഷണവിഭാഗവും ജില്ലാ എംപ്ലോയബിലിറ്റി സെന്ററും ചേർന്ന് കരിയർ ആന്റ് ജോബ് ഓറിയന്റേഷൻ സെമിനാർ കോളേജിൽ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ ഉദ്ഘാടനം നിർവഹിച്ച സെമിനാറിൽ വകുപ്പ് മേധാവി ഡോ. തോമസ് പോൾ കാട്ടൂക്കാരൻ അദ്ധ്യക്ഷനായിരുന്നു. എംപ്ലോയബിലിറ്റി സെന്റർ മേധാവി എം. അബ്ദുൾ ലത്തീഫ് ക്ലാസെടുത്തു.

വിശ്വസ്തതയോടെ

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

1. **ഓർമ്മിക്കാൻ ............2018 ജനുവരി**

ജനുവരി 3 (ബുധൻ) – വി. ചാവറ കുരിയാക്കോസ് ഏലിയാസ്

ജനുവരി 5 (വെള്ളി) – ദൈവമാതൃത്വതിരുനാൾ, ആദ്യവെള്ളി, വി. കുർബാന

ജനുവരി 6 (ശനി) – ദനഹാതിരുനാൾ

ജനുവരി 12 (വെള്ളി) – ദേശീയ യുവജനദിനം

ജനുവരി 20 (ശനി) – വി. സെബസ്ത്യാനോസ്

ജനുവരി 26 (വെള്ളി) – ഇന്ത്യൻ റിപ്പബ്ലിക് ദിനം

ജനുവരി 30 (ചൊവ്വ) – മഹാത്മഗാന്ധി ചരമദിനം ലോകസമാധാനദിനം

2. **സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2018 ജനുവരി 31 (ബുധൻ) ആണ്.

3. **ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2017 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2018 ഫെബ്രുവരി 15 (വ്യാഴം)നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

4. **മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ കഴിയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**5. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2018 ജനുവരി 31 (ബുധൻ) ആണ്.

**6. റിട്ടയർമെന്റ് ലിസ്റ്റ്**

2017–2018 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണും വിധം എഴുതി 2018 ജനുവരി 20 (ശനി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ ചശഹ റിപ്പോർട്ട് നൽകുമല്ലോ.

RETIREMENT LIST (2017-2018) (SPECIMEN PROFORMA)

NAME OF SCHOOL:

| Sl. No. | Name of StaffMember | Designation | Date of Birth | Date of Retirement | Name of the Parent school |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date: Signature of the

Place: (Seal) Headmaster/Headmistress.

Note: Parent School Means:

(A) School from where Nomination is received or

(B) School at which the teacher worked as on 31-3-1971.

ഫാ. ആന്റണി ചെമ്പകശ്ശേരി,
കോർപറേറ്റ് മാനേജർ.

കോർപ്പറേറ്റ്
എഡ്യുക്കേഷണൽ
ഏജൻസി

# സാന്ത്വനം

**ആശാകിരണം കോർ കമ്മിറ്റി മീറ്റിംഗ് നടത്തി.**

ആശാകിരണം പദ്ധതിയുടെ ഭാഗമായുള്ള ആശാകിരണം കോർ കമ്മിറ്റി മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് കുടുകയുണ്ടായി. കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടത്തികൊണ്ടിരിക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി **'വ്യായാമം ശീലമാക്കുക, കാൻസറിനെ അകറ്റുക, ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക'** എന്നീ ലക്ഷ്യങ്ങളോടെ സാന്ത്വനം, **'ആശാകിരണം സെവൻസ് ഫുട്ബോൾ ടൂർണമെന്റ്'** സംഘടിപ്പിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു. ഒന്നാം സമ്മാനമായി **25000** രൂപയും ട്രോഫിയും രണ്ടാം സമ്മാനമായി **15000** രൂപയും ട്രോഫിയും മൂന്നാം സമ്മാനമായി **10000** രൂപയും ട്രോഫിയും നല്കാനും തീരുമാനമായി. ജനുവരിയിൽ ആശാകിരണം വളണ്ടിയേഴ്സ് സംഗമം നടത്തുവാനും യോഗത്തിൽ തീരുമാനിച്ചു.

**ആശാകിരണം വളണ്ടിയേർസ് സംഗമം ജനുവരി 17ന്.**

ആശാകിരണം പദ്ധതിയുടെ ഭാഗമായി ബോധവല്ക്കരണ സെമിനാറുകൾ, ലാവൻഡർ ആർമി – സ്കൂൾ തല കാൻസർ സുരക്ഷായജ്ഞം, പ്രതിരോധപ്രവർത്തനങ്ങൾ, കുടുംബങ്ങളെ ദത്തെടുക്കൽ, വിഭവസമാഹരണം,രോഗീസഹായം, എന്നിവയുമായി സഹകരിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, സമർപ്പിതർ എന്നിവർ ഉൾപ്പെടുന്ന സന്നദ്ധപ്രവർത്തകരുടെ സംഗമം അതിരൂപതാ DBCLC ഹാളിൽ ജനുവരി 17ന് സംഘടിപ്പിക്കുന്നു. ഇരിഞ്ഞാലക്കുട സോഷ്യൽ ആക്ഷൻ ഫോറവും സാന്ത്വനവും ചേർന്നാണ് സംഗമം നടത്തുന്നത്.

**ഡോ. വി. പി. ഗംഗാധരൻ നയിക്കുന്ന കാൻസർ ബോധവല്ക്കരണ സെമിനാർ.**

കാൻസർ രോഗ ചികിത്സാരംഗത്ത് വിദഗ്ദ്ധനായ ഡോ. വി.പി. ഗംഗാധരൻ നയിക്കുന്ന കാൻസർ ബോധവല്ക്കരണ ക്ലാസ്സ് ജനുവരി 17–ാം തിയ്യതി DBCLC ഹാളിൽ വെച്ച് നടത്തപ്പെടുന്നു. കാൻസർ രോഗത്തിന്റെ

കാരണങ്ങൾ, കാൻസർ രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഏവരെയും ക്ലാസ്സിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കേശദാനം-സ്നേഹദാനം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി അഞ്ഞൂറോളം പേർ കേശദാനം നടത്തുന്നു. കേശദാനം ചെയ്ത് ഈ സദുദ്യമത്തിൽ പങ്കാളികളാകാൻ താല്പര്യമുള്ളവർ സാന്ത്വനം ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഫോൺ: 04872445580 (10 am to 5 pm)

**എക്സ്പോഷർ വിസിറ്റ് നടത്തി**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സ്റ്റാഫംഗങ്ങളും സാന്ത്വനവുമായി ബന്ധപ്പെട്ട് സന്നദ്ധപ്രവർത്തനം നടത്തുന്ന അംഗങ്ങളും വിവിധ സെന്ററുകളിൽ സേവനം ചെയ്യുന്ന വ്യക്തികളും ഒന്നുചേർന്ന് തിരുവനന്തപുരം മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലേക്ക് എക്സ്പോഷർ വിസിറ്റ് നടത്തി. അവരുടെ പ്രവർത്തനങ്ങളും പദ്ധതികളും മനസ്സിലാക്കുവാനും പുത്തൻ ഉണർവ്വോടെ സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുവാനും എക്സ്പോഷർ വിസിറ്റ് സഹായിച്ചു. അതിനോടനുബന്ധിച്ച് പ്ലാനറ്റോറിയം, കൊച്ചുവേളി, കോവളം ബീച്ച് എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**പഞ്ചായത്തുകളിൽ ക്ലാസ്സ് സംഘടിപ്പിച്ചു.**

സേവ് എ ഫാമിലി പ്ലാനിന്റെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി മുല്ലശ്ശേരി, നെന്മണിക്കര, കോലഴി എന്നീ പഞ്ചായത്തുകളിൽ വെച്ച് ആശാപ്രവർത്തകർ, CDS, ADS അംഗങ്ങൾക്കായി ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നിബന്ധനകളെക്കുറിച്ചും മാനദണ്ഡങ്ങളെക്കുറിച്ചും ഒരു ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, SAFP സ്റ്റാഫംഗങ്ങൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**പുതിയ കുടംബങ്ങളെ കണ്ടെത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഡപ്രകാരമാണ് പറപ്പൂർ, മുല്ലശ്ശേരി, വെങ്കിടങ്ങ് എന്നിവിടങ്ങളിൽനിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. കോ-ഓർഡിനേറ്റർ, ആനിമേറ്റർ, ആശ പ്രവർത്തകർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

തിരൂർ-Rs.9,000/-, കൂനംമൂച്ചി-Rs.33,000/-, ഒല്ലൂർ-Rs.4,000/-, പുതുക്കാട്- Rs.2,000/-, വില്ലടം-Rs.32,000/-, ചേറൂർ-Rs.9,000/-,

ഇരവിമംഗലം–Rs.5,000/–, സരിതപുരം–Rs.10,000/–, മനക്കൊടി–Rs.10,000/–, മരത്താക്കര–Rs.10,000/–, ചെങ്ങാലൂർ–Rs.12,400/–.

**സ്നേഹനിധി വാർഷികപൊതുയോഗം നടന്നു.**

വെണ്ടോർ യൂണിറ്റിലെ സ്നേഹനിധിയുടെ വാർഷിക പൊതുയോഗം നടന്നു. പൊതുയോഗത്തിൽ ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗത്തോടനുബന്ധിച്ച് സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി കാൻസറിനെക്കുറിച്ചുള്ള ബോധവല്ക്കരണക്ലാസ്സ് നടത്തുകയുണ്ടായി. യോഗത്തിന് വികാരി ഫാ. ഡേവീസ് പുലിക്കോട്ടിൽ, കോ–ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ നേതൃത്വം നല്കി.

**കരുതൽ ക്ഷേമപദ്ധതി–അംഗത്വം പുതുക്കി നല്കി.**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ അംഗത്വം സ്നേഹനിധി എക്സിക്യൂട്ടീവ് അംഗങ്ങളും ഓഫീസ് സ്റ്റാഫംഗങ്ങളും ഓരോ ഇടവകയിലും ചെന്ന് പുതുക്കി നല്കി. ഇനിയും പുതുക്കാത്തവരുണ്ടെങ്കിൽ ഓഫീസിൽ വന്ന് പുതുക്കാവുന്നതാണ്. സഹകരിച്ച എല്ലാ വികാരിമാർക്കും സ്നേഹനിധി അംഗങ്ങൾക്കും നന്ദി.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 137 അംഗങ്ങൾക്കായി 6,85,000 /–രൂപ സഹായധനം നല്കി. 86 പേർക്ക് വിവാഹ സഹായവും 42 പേർക്ക് ചികിത്സാസഹായവും 9 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**JLG രൂപീകരണവും പരിശീലനവും നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മരോട്ടിച്ചാൽ, പുളിഞ്ചോട് മേഖലകളിലായി രൂപീകരിച്ച 11 ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ യോഗം സാന്ത്വനം ഹാളിൽ നടന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി. തുടർന്ന് നബാർഡിന്റെയും കനാറാ ബാങ്കിന്റെയും സഹകരണത്തോടെ ഗ്രൂപ്പുകൾക്ക് സംരംഭക പരിശീലനം നടത്തി. മണ്ണംപേട്ട സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി നബാർഡ് AGM ശ്രീമതി. ദീപ പിള്ള ഉദ്ഘാടനം ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്.കെ. മഞ്ഞിയിൽ, ബാങ്ക് മാനേജർ ശ്രീ. കനകാംബരൻ, ശ്രീമതി. നിമ്മി, ബ്രാഞ്ച് മാനേജർ ശ്രീ. നിധിൻ തുടങ്ങിയവർ സംസാരിച്ചു. കാർഷിക സർവ്വകലാശാല പ്രൊഫ. സുമ നേന്ത്രവാഴ കൃഷി സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. കോ–ഓർഡിനേറ്റർ സി.പി. ജോർജ്ജ് യോഗത്തിന് നേതൃത്വം നല്കി.

**ത്രൈമാസ റിവ്യൂ മീറ്റിംഗ് നടത്തി.**

നബാർഡ് സഹകരണത്തോടെ കനാറാബാങ്ക് വഴി സാന്ത്വനം നടത്തിവരുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണം, ബാങ്ക് ലിങ്കേജ് പ്രോഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി റിവ്യു മീറ്റിംഗ് സംഘടിപ്പിച്ചു. സ്വയം തൊഴിൽ വായ്പ എടുത്തിട്ടുള്ള ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ, തിരിച്ചടവ്, സംരംഭങ്ങളുടെ വളർച്ച തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും കൂടുതൽ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും കനാറാ ബാങ്ക് റീജിനൽ ഓഫീസിൽ നടന്ന യോഗത്തിൽ ചർച്ച ചെയ്തു. നബാർഡ് AGM ശ്രീമതി. ദീപ പിള്ള, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, കനാറാ ബാങ്ക് ഗിരീഷ് സി.കെ., ശ്രീമതി. നിമ്മി, സാന്ത്വനം അഡ്മിനിസ്ട്രേറ്റർ ശ്രീ.എസ്. കെ. മഞ്ഞിയിൽ, കോ–ഓർഡിനേറ്റർ സി.പി.ജോർജ്ജ് എന്നിവർ റിവ്യു മീറ്റിംഗിൽ പങ്കെടുത്തു.

**ജെസ്പ് II–വിദ്യാഭ്യാസ സ്പോൺസർഷിപ്പ് പദ്ധതിയുടെ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടത്തി.**

സാന്ത്വനം ഓഫീസിൽ വെച്ച് കൂടിയ യോഗത്തിൽ സാന്ത്വനം ഡയറക്ടർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ, പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ പഠനവിവരങ്ങൾ അന്വേഷിക്കുകയും കുട്ടികൾക്ക് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്യേണ്ട ട്യൂഷൻ ഫീസ് ആനിമേറ്റർമാരെ ഏൽപിക്കുകയും ചെയ്തു. എല്ലാ വർഷവും പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്കായി നടത്തിവരുന്ന അവധിക്കാലക്യാമ്പ് ഈ വർഷവും നടത്തുവാൻ യോഗത്തിൽ തീരുമാനമായി.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിയിലെ അംഗങ്ങളായ കുടുംബങ്ങൾ, ഉപകാരികൾക്കയയ്ക്കുന്ന കത്തുകൾ ആനിമേറ്റർമാരുടെ നേതൃത്വത്തിൽ ശേഖരിക്കുകയും ആവശ്യമായ കത്തുകൾക്ക് തിരുത്തലുകൾ നടത്തുകയും ചെയ്തു.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി. ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

## വിവാഹ ജൂബിലികൾ

1967 ലും 1992 ലും വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50, 25 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളുടെ വിവാഹ സുവർണ്ണ, രജതജൂബിലി ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് ആഘോഷിക്കുകയുണ്ടായി. സുവർണ്ണ ജൂബിലിക്ക് ഏകദേശം 150 ഓളം ജോടികളും രജതജൂബില്ക്ക് ഏകദേശം 700 ഓളം ജോടികളും സംബന്ധിക്കുകയുണ്ടായി. ഈ ജൂബിലികൾക്ക് ക്ലാസ് നയിച്ച റവ.ഫാ. വിൻസെന്റ് കുണ്ടുകുളം അച്ചനും റവ. ഫാ. വർഗ്ഗീസ് കൂത്തൂരച്ചനും നന്ദി പറയുന്നു. ഈ രണ്ടു ജൂബിലികൾക്കും കുർബാന അർപ്പിക്കുകയും മനോഹരമായ സന്ദേശം നൽകുകയും ചെയ്ത അഭിവന്ദ്യ താഴത്ത് പിതാവിന് പ്രത്യേകമായി നന്ദി പറയുന്നു. ഈ ജൂബിലികൾ ഭംഗിയാക്കാൻ അവരെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകമായി നന്ദി പറയുന്നു.

## നവദമ്പതിസംഗമം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ ആറാമത്തെ കൂട്ടായ്മയാണ് ഡിസംബർ 17–ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുകയുണ്ടായി. 2017 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുത്തത്. നവദമ്പതിസംഗമത്തിന് നേതൃത്വം കൊടുത്ത അഭിവന്ദ്യ ടോണി പിതാവിനും ക്ലാസ്സിന് നേതൃത്വം കൊടുത്ത റവ.ഫാ. പോൾ പൊട്ടക്കലച്ചനും പങ്കെടുത്ത നവദമ്പതികൾക്കും പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ

# കുടുംബകൂട്ടായ്മ

**സ്പെഷ്യൽ ജനറൽ ബോഡിയോഗം**

കുടുംബകൂട്ടായ്മകൾ കൂടുതൽ സജീവവും ശക്തവുമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ 2 ശനിയാഴ്ച 2.30 ന് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഹാളിൽ വച്ച് ഒരു സ്പെഷ്യൽ ജനറൽബോഡിയോഗം ചേരുകയുണ്ടായി. വികാരി ജനറാൾ മോൺ. തോമസ്സ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുടുംബ കൂട്ടായ്മകൾ സഭയുടെ ചാലക ശക്തിയാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് അതിരൂപതയുടെ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുഗ്രഹസന്ദേശം നൽകിയ യോഗത്തിൽ വച്ച് നിയുക്ത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിനെ അതിരൂപത കുടുംബകൂട്ടായ്മയിലേക്ക് സ്വീകരിക്കുകയും അതിരൂപത കുടുംബകൂട്ടായ്മയുടെ സ്നേഹാദരവുകൾ നൽകി ആദരിക്കുകയും ചെയ്തു.

**കുടുംബകൂട്ടായ്മ ഡയറക്ടറി പ്രകാശനവും**
**2018 ലെ വാർഷികപദ്ധതി പ്രകാശനവും**

കുടുംബകൂട്ടായ്മ സ്പെഷ്യൽ ജനറൽ ബോഡിയോഗത്തിൽ വച്ച് കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മനോഹരമായ കുടുംബകൂട്ടായ്മ ഡയറക്ടറി വികാരി ജനറാൾ മോൺ. തോമസ്സ് കാക്കശ്ശേരിക്കും 2018 ലെ വാർഷികപദ്ധതി അതിരൂപത കുടുംബകൂട്ടായ്മയുടെ മുൻ ജനറൽ കൺവീനർ അഡ്വ. സി.ജെ ഡെന്നിക്കും നൽകിക്കൊണ്ട് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുകയുണ്ടായി. അതിമനോഹരമായ ഡയറക്ടറി തയ്യാറാക്കുന്നതതിന് നേതൃത്വം വഹിച്ച മാനേജിങ്ങ് എഡിറ്റർ ജോൺസൻ മാസ്റ്ററെ യോഗം പ്രത്യേകം അഭിനന്ദിച്ചു. കൂടാതെ മേൽപറഞ്ഞ എല്ലാ പ്രോഗ്രാമുകളും വൻ വിജയമാക്കാൻ സഹകരിച്ച എല്ലാ ഭാരവാഹികൾക്കും അവരെ പറഞ്ഞയച്ച എല്ലാ വികാരിമാർക്കും സ്നേഹം നിറഞ്ഞ നന്ദി.

**ഭവനകൂട്ടായ്മ ഭാരവാഹികളുടെ സംഗമം**

കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സ്പെഷ്യൽ ജനറൽ ബോഡിയോഗത്തിൽ വച്ച് കുടുംബകൂട്ടായ്മകളിൽ കൂടുതലായി പരസ്പരം അറിയുന്നതിനും പങ്കുവക്കുന്നതിനുമായി ഭവനകൂട്ടായാമകൾക്ക് പ്രാധാന്യവും പ്രസക്തിയും ഏറെയാണെന്ന് ഊന്നിപറഞ്ഞുകൊണ്ട് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ അസി.ഡയറക്ടർ റവ.ഫാ. അൽജോ കരേരക്കാട്ടിൽ ഭവനകൂട്ടായ്മ ഭാരവാഹികളുടെ സംഗമം ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

**കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മത്സര സമ്മാനദാനം**

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി ഇടവക, ഫൊറോന അതിരൂപത തലത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ നിന്നും അതിരൂപത തല മത്സര വിജയികൾക്കുള്ള സമ്മാനദാന വിതരണം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. മത്സരങ്ങൾക്കു നേതൃത്വം നൽകിയ മുഴുവൻ ഭാരവാഹികൾക്കും വിജയികൾക്കും അതിരൂപത കുടുംബ കൂട്ടായ്മ പ്രത്യേകം അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുകയും ചെയ്തു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജനുവരി 27–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി

## മാതൃവേദി

**ഒരുപാട് നന്ദി**

മാതൃവേദി അതിരൂപതയിൽ സ്ഥാപിതമായതിന്റെ വജ്രജൂബിലി ദൈവശബ്ദം കൺവെൻഷൻ സെന്ററിൽ ആഘോഷിക്കുകയുണ്ടായി. ഏകദേശം 5000 ഓളം അമ്മമാർ പങ്കെടുത്ത മഹാ സമ്മേളനം വിജയിപ്പിക്കാനായി സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു. അന്നേദിവസം സെമിനാറിന് നേതൃത്വം കൊടുത്ത റവ.ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ അച്ചന് ഒത്തിരി നന്ദി. ദിവ്യബലിയർപ്പിക്കുകയും മനോഹരമായ സന്ദേശം നൽകുകയും ചെയ്ത അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് നന്ദി പറയുന്നു. വജ്രജൂബിലിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അനുഗ്രഹപ്രഭാഷണം നടത്തിയ ടോണി പിതാവിനും ആശംസ അർപ്പിച്ച മോൺ തോമസ്സ് കാക്കശ്ശേരിയച്ചനും മുൻ ഡയറക്ടർമാർക്കും മുൻ മാതൃവേദി ഭാരവാഹികൾക്കും ഈ മഹാസമ്മേളനം വിജയിപ്പിക്കാൻ അമ്മമാരെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും നന്ദി പറയുന്നു.

**ജീവന്റെ മൂല്യം**

**ജനുവരി 16 ചൊവ്വ (9.30 മുതൽ 12.30 വരെ)**

അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി. ജൂലി ബാബു**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**ജനുവരി 1 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**


തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കു ന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാ ന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**നന്ദി**

ജോൺപോൾ പ്രോലൈഫിന്റെ നേതൃത്വത്തിൽ ജീവന്റെ മേഖ ലയിൽ പ്രവർത്തിക്കാൻ തയ്യാറുള്ള യുവതിയുവാക്കളുടെ ഫോർമേഷൻ ക്യാമ്പ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുകയുണ്ടായി. അതിൽ പങ്കെടുത്തവർക്കും പ്രോഗ്രാമിലേക്ക് പറഞ്ഞയച്ച എല്ലാ വികാ രിയച്ചന്മാർക്കും നന്ദി പറയുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്



# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ അപ്പസ്തോലോറ്റ് അവാർഡ് ഡേ

അതിരൂപതയിൽ ഈ വർഷം ആരംഭച്ച വെരിത്താസ് ക്വിസിന്റെ അവാർഡ് ദാന ചടങ്ങ് ഡിസംബർ 17ന് ഞായാറാഴ്ച ഉച്ച തിരിഞ്ഞ് 2 മണിയ്ക്ക് ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിൽ വെച്ച് നിർവ്വഹിക്കപ്പെട്ടു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മോൺ. തോമാസ് കാക്കശ്ശേരി അച്ചൻ അദ്ധ്യക്ഷനായിരുന്നു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. മോൺ. ജോർജ്ജ് കോമ്പാറ മുഖ്യാതിഥിയായിരുന്നു. ജ്യോതി എഞ്ചീനിയറിംഗ് കോളേജ് അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അതിരൂപത കുടുംബകൂട്ടായ്മ അസി. ഡയറക്ടർ ഫാ. അൽജോ കാരേക്കാട്ടിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ചടങ്ങിൽ വെരിത്താസ് ക്വിസ്, ഇതര വെരിത്താസ് ക്വിസുകൾ, വചനമെഴുത്ത്, ബൈബിൾ വർണ്ണങ്ങൾ എന്നിവയിൽ വിജയികളായ 3000ത്തോളം പേർക്ക് അവാർഡുകൾ വിതരണം ചെയ്തു. പ്രഥമ വെരിത്താസ് ക്വിസ് വൻ വിജയമാക്കാൻ കൂടെ നിന്ന എല്ലാവർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ കൃതജ്ഞത അറിയിക്കുന്നു. വിജയികൾക്ക് ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ!!!

## ബെത്‌ലഹേമിലേക്ക്....

ക്രിസ്തുമസിനൊരുക്കമായുള്ള അനുദിന ക്രിസ്തുമസ് വചനസന്ദേശങ്ങൾ നൽകുന്ന "**ബെത്‌ലഹേമിലേക്ക്...**" എന്ന സംരംഭം മൂന്നാം വർഷവും സോഷ്യൽ നെറ്റുവർക്കുകളിലൂടെ വിശ്വാസികളിലേക്കെത്തിക്കാൻ ബൈബിൾ അപ്പസ്തൊലേറ്റിന് കഴിഞ്ഞു. മാർ

ആൻഡ്രൂസ് താഴത്ത് പിതാവ് നൽകിയ രണ്ടരമിനിറ്റ് നീളുന്ന വചനസന്ദേശങ്ങൾ ഓരോ ദിവസവും വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യുട്യൂബ് വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് തിരുപിറവിയ്ക്ക് ഒരുക്കമായി എത്തിക്കുന്നതിന് സഹകരിച്ച എല്ലാവരോടും നന്ദി.... തുടർന്നും ഈ സംരംഭത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർക്ക് ബൈബിൾ അപ്പസ്തൊലറ്റിന്റെ Whatsapp(**9447721976**)ലോ, Facebook (bibleapsotolate.trichur / Trichur Bible Apostolate) ലോ ബന്ധപ്പെടാവുന്നതാണ്.

**ബൈബിൾ കലണ്ടർ**

അനുദിന ബൈബിൾ പാരായണത്തെ സഹായിക്കുന്ന ലിറ്റർജിക്കൽ കലണ്ടർ പതിവുപോലെ ഈ വർഷവും തയ്യാറാക്കിയിട്ടുണ്ട്. ഇടവകകളിലേക്കും സ്ഥാപനങ്ങളിലേക്കുമുള്ള കോപ്പികൾ ക്രിസ്തുമസിനുശേഷം ബൈബിൾ അപ്പസ്തൊലേറ്റിൽ നിന്നും കൊണ്ടുപോകാവുന്നതാണ്. ഇത് ഓരോ ഭവനത്തിലും എത്തിയ്ക്കാൻ വികാരിയച്ചന്മാരും കുടുംബകൂട്ടായ്മ ഭാരവാഹികളും സഹകരിക്കുമല്ലോ....വചനത്തിൽ വളരാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ...

**ബൈബിൾ പാരായണ മാസാചരണം**

കേരളസഭയിൽ ബൈബിൾ പാരായണ മാസമായി ആചരിക്കുന്ന ഡിസംബറിൽ ഇടവകതലത്തിലും കുടുംബകൂട്ടായ്മതലങ്ങളിലും മറ്റും ബൈബിൾ പാരായണങ്ങൾ സംഘടിപ്പിച്ച എല്ലാവർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ നന്ദി രേഖപ്പെടുത്തുന്നു.

അതിരൂപതതല ബൈബിൾ പാരായണമാസാചരണം ഇത്തവണയും പാലയൂർ മാർതോമ്മ തീർത്ഥകേന്ദ്രത്തിലെ വചനമണ്ഡപത്തിൽ നിന്നും ആരംഭിച്ചു. ഡിസംബർ 2ന് നടന്ന ചടങ്ങിൽ അതിരൂപത ബൈബിൾ കമ്മീഷൻ ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി കൽവിളക്ക് തെളിയിച്ച് ഉദ്ഘാടനം ചെയ്തു. തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോസ് പുന്നോലിപറമ്പിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. മേരിമാത ബൈബിൾ പ്രൊഫസർ ഫാ. ഫ്രീജോ പാറയ്ക്കൽ ക്ലാസ് നയിച്ചു. വെരിത്താസ് ക്വിസ് ഫൊറോനതല സമ്മാനവിതരണവും ഉണ്ടായിരുന്നു. 500ലധികം വിശ്വാസികൾ പങ്കെടുത്തു.

മനോഹരവും ഭക്തിസാന്ദ്രവുമായ ബൈബിൾ പ്രതിഷ്ഠയോടെ ബൈബിൾ പാരായണമാസാചരണ ചടങ്ങുകൾ വിവിധ ഫൊറോനകളിൽ സംഘടിപ്പിക്കപ്പെട്ടു. ഡിസംബർ 3ന് പുതുക്കാട്, പുത്തൂർ ഫൊറോനകളുടെ നേതൃത്വത്തിൽ പുതുക്കാട് പള്ളിയിലും, ഡിസംബർ 9ന് എരുമപ്പെട്ടി, വേലൂർ ഫൊറോനകളുടെ നേതൃത്വത്തിൽ എരുമപ്പെട്ടി പള്ളിയിലും, കൊട്ടേ

ക്കാട്, പറപ്പൂർ ഫൊറോനകളുടെ നേതൃത്വത്തിൽ വരടിയത്തും, ഡിസംബർ 10ന് ഡോളേഴ്സ് ബസിലിക്കയിലും ഡിസംബർ 23ന് വടക്കാഞ്ചേരി പള്ളിയിലും, ചേലക്കര പള്ളിയിലും നടത്തപ്പെട്ട ചടങ്ങുകളിൽ ആയിരങ്ങൾ പങ്കെടുത്തു. ഡിസംബർ 30ന് ഒല്ലൂർ പള്ളിയിലും, കണ്ടശ്ശാംകടവ് പള്ളിയിലും കഴിഞ്ഞ് ഡിസംബർ 31ന് ലൂർദ്ദ്, പട്ടിക്കാട് ഫൊറോനകളുടെ നേതൃത്വത്തിൽ ലൂർദ്ദ് മെത്രാസന ദേവാലയത്തിൽ സമാപന ചടങ്ങുകൾ നടക്കും. ഫാ. ജോൺസൺ കുണ്ടുകുളം, ഫാ. ഡേവീസ് തെക്കേകര, ഫാ. ഫ്രീജോ പാറയ്ക്കൽ, ഫാ. ഡിജോ ഒലക്കേങ്കിൽ തുടങ്ങിയ ബൈബിൾ പണ്ഡിതർ ക്ലാസുകൾ നയിക്കുന്നു. സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാവർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ നന്ദി..... ഓരോ വിശ്വാസിയിലും ഓരോ കുടുംബത്തിലും ബൈബിളിനോടുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നതിനും ബൈബിൾ പാരായണത്തിനുള്ള തീക്ഷണത വളർത്തുന്നതിനും ഈ ബൈബിൾ പാരായണമാസാചരണം നമ്മെ സഹായിക്കട്ടെ.....

**ബൈബിൾ കോഴ്സ്**

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

**തീർത്ഥാടനങ്ങൾ**


2018 ലെ റോം – യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും, ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2018 ഏപ്രിൽ 3, 17, മെയ് 2, 9, 19, സെപ്റ്റംബർ 16, ഒക്ടോബർ 12, നവംബർ 2 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487–2320780,
7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**




# എക്സൽ അക്കാദമി

**എക്സൽ മെരിറ്റ് ഡെ–2017**

എക്സൽ മെരിറ്റ് ഡേ –2017 ഡിസംബർ 23–ാം തീയതി ശനിയാഴ്ച ബഹു.വിദ്യാഭ്യാസമന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് ഉൽഘാടനം ചെയ്തു. DBCLC ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പൊതുയോഗത്തിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. തൃശൂർ സബ്ബ് കലക്ടർ ഡോ. രേണു രാജ് IAS മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ തോമസ് കാക്കശ്ശേരി, തിരുവനന്തപുരം IISER ശാസ്ത്രജ്ഞൻ ശ്രീ. അലക്സ് ആൻഡ്രൂസ് എന്നിവർ ആശംസാപ്രസംഗം നടത്തി. വിദ്യാഭ്യാസരംഗത്തെ പ്രശസ്തരായ പല വിശിഷ്ട വ്യക്തികളും യോഗത്തിൽ സംബന്ധിച്ചു. സയൻസ് ജീനിയസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയിൽ പങ്കെടുപ്പിച്ച സ്കൂളുകൾക്കും അവാർഡുകൾ വിതരണം ചെയ്തു. എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാമിൽ സഹകരിച്ച ഇടവക വികാരിമാർ, എക്സൽ അസോസിയേറ്റ്സ് എന്നിവരെ മെമെന്റോ നൽകി ആദരിച്ചു.

**ജൂനിയർ IAS പരീക്ഷ**

എക്സൽ അക്കാദമി സിവിൽ സർവ്വീസ് കാമ്പസിന്റെ നേതൃത്വത്തിൽ **7–ാം ക്ലാസ്സ് മുതൽ പ്ലസ്ടു** വരെയുള്ള കുട്ടികൾക്ക് സിവിൽ സർവ്വീസ് പരിശീലനത്തിനായി ജൂനിയർ IAS പരീക്ഷ നടത്തുന്നു. അതാതു സ്കൂളുകളിൽ ഒന്നാം ഘട്ടം പരീക്ഷ **ജനുവരി 24–ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന്** നടത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്ന **300 കുട്ടികൾക്ക്** സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ വെച്ച് **ഏപ്രിൽ 7–ാം തീയതി** ശനിയാഴ്ച രണ്ടാംഘട്ട പരീക്ഷ നടത്തുന്നു. **ഏപ്രിൽ 21–ാം തീയതി ശനിയാഴ്ച അവിണിശ്ശേരി എക്സൽ സിവിൽ സർവ്വീസ് ക്യാമ്പസ്സ് ഓഡിറ്റോറിയത്തിൽ വെച്ച് സിവിൽ സർവ്വീസ് മെറിറ്റ് ഡെ–2018** നടത്തപ്പെടുന്നു.

സ്നേഹത്തോടെ,

**ഫാ. ഡേവീസ് തെക്കേകര**
ഡയറക്ടർ



# കെ.സി.വൈ.എം.

**മോൺ. തോമസ് തലച്ചിറ മെമ്മോറിയൽ ഡബ്ബിൾസ് ഷട്ടിൽ ടൂർണ്ണമെന്റ്**

തൃശ്ശൂർ അതിരൂപത കെ.സി.വൈ. എം–ന്റെ നേതൃത്വത്തിൽ മോൺ. തോമസ് തലച്ചിറ മെമ്മോറിയൽ ഡബ്ബിൾസ് ബാഡ്മിന്റൺ ടൂർണ്ണമെന്റ് അതിരൂപത തലത്തിൽ ഡിസംബർ 3–ാംതിയ്യതി ഞായറാഴ്ച നടത്തി. 52 ഇടവകകളിലെ 105ഓളം കായിക താരങ്ങൾ അണിനിരന്ന ടൂർണ്ണമെന്റ് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ കൺവീനർ ജിയോ പാവറട്ടി, സാജൻ ജോസ്, അനീഷ് ആന്റണി, സിജോ എം.പി, സാവിയോ ജോണി, ലിന്റോ എന്നിവർ പ്രസംഗിച്ചു.

വാശിയേറിയ ടൂർണ്ണമെന്റിൽ കഴിഞ്ഞവർഷത്തെ ഒന്നാം സ്ഥാനക്കാരായ ഗുരുവായൂർ ഇടവക ടീമിനെ പിന്നിലാക്കി ചെവ്വൂർ ടീം മോൺ. തോമസ് തലച്ചിറ മെമ്മോറിയൽ ട്രോഫിയും 10,001 രൂപയും കരസ്ഥമാക്കി. ഗുരുവായൂർ ഇടവക രണ്ടാം സ്ഥാനം നേടി ട്രോഫിയും 5,001 രൂപയും കരസ്ഥമാക്കി. മറ്റം ഇടവക മൂന്നാം സ്ഥാനം നേടി.

**ജന്മദിനാഘോഷം കരുണാദിനമായി ആഘോഷിച്ചു.**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെയും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും ജന്മദിനാഘോഷം ഡിസംബർ 13–ാംതിയ്യതി ബുധനാഴ്ച പെരിങ്ങണ്ടൂർ പോപ്പ് പോൾ മെഴ്സിഹോമിൽവച്ച് ഗ്രേസ് ഹോമിലെ അന്തേവാസികളുടെയുംകൂടി സാന്നിദ്ധ്യത്തിൽ കരുണാദിനമായി ആഘോഷിച്ചു. മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി, മാർ ടോണി നീലങ്കാവിൽ, അതിരൂപത ഡയറക്ടർ, ഫാ. ഡിറ്റോ കൂള, കാത്തലിക് സിറിയൻ ബാങ്ക് മാനേജിങ് ഡയറക്ടർ ശ്രീ. രാമചന്ദ്രൻ, അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, അതിരൂപത ജനറൽ സെക്രട്ടറി ജിയോ ജോൺ, കൺവീനർ കരോളി ജോഷ്വാ എന്നിവർ പ്രസംഗിച്ചു. അഭിവന്ദ്യ പിതാക്കന്മാർ അന്തേവാസികൾക്കു കേക്ക്മുറിച്ചു മധുരം നല്കി. ചടങ്ങുകൾക്ക് തൃശ്ശൂർ അതിരൂപത കെ.സി. വൈ.എം സമിതി നേതൃത്വം നൽകി.

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി




അതിരൂപതാതല സാഹിത്യ മത്സരം തിരുബാല സംഖ്യം, അൾത്താര സംഘം, ജൂനിയർ സി എൽ സി എന്നീ കുട്ടികൾക്കായി 2017 നവംബർ 11 ന് നടത്തിയതിന്റെ ഫലം താഴെ കൊടുത്തിരിക്കുന്നു.

**Result - Children's Ministry - LITERARY COMPETIONS 2017**

### Short Poem

**HC- Junior**

First- Josmy Joison - Sacred Heart Shrine, Perinchery

Second - Saniya K.J. - St. Xavier's C.U.P.S, Pudukkad

**HC- Senior**

First - Mariya Thomas- St. Sebastian's Church, Nellikunnu

Second - Angel Sebastian - St. Xavier's C.U.P.S, Pudukkad

**Junior C. L. C.**

First - Angel Maria James - St. Joseph's Shrine, Veluppadam

Second - Aleena - St. Antony's Forane Church, Pazhuvil

Third - Albin Johnson - Sacred Heart Shrine, Perinchery

**Altar Boys**

First - Nikhil George - Sacred Heart Shrine, Perinchery

### Poem Writing

**HC- Junior**

First - Alona C.A - Sacred Heart Shrine, Perinchery

Second - Jain Nevin - St. Xavier's C.U.P.School, Pudukkad.

**HC- Senior**

First- Albin Seban - St. Xavier's C.U.P.School, Pudukkad.

Second - Sandra Jenson - Sacred Heart Shrine Perinchery

Third - Joel Laiju St. sebastian's church, Nelikunnu.

**Junior C. L. C.**

First - Neema Rose - St.Sebastian's church Nellikunnu.

Second - Ansa K.M - St. Joseph's Church, Chuvannamannu

Third - Anjitha Vinu - Sacred Heart Shrine, Perinchery

### Short Story

**HC- Junior**

First - Anukeerthana Johnson - St. Xavier's C.U.P.Shool, Pudukad.

**HC- Senior**

First - Grace Mariya - St.

Antony's Forane Church, Pazhuvil
Second - Edwin K. Francis - Sacred Heart Shrine, Perinchery
Third - Priya Benny - St. Sebastian's church, Nelikunnu.

**Altar Boys**
First - Alwin C.X - St. George's Church, Mangad

**Junior C. L. C**
First - Neha Sunil - St. Sebastian's church, Nellikunnu.
Second - Sency C. S. - St.Joseph's Church, Chuvannamannu
Third - Sona Sunny - Sacred Heart Shrine, Perinchery

**Essay Writing**

**HC- Junior**
First - Jomary P.P. - St. Xavier's C.U.P.School, Pudukkad.
Second - Anett M. O - St. Sebastian's Church, Nellikunnu
Third - Christy Joseph - Sacred Heart Shrine, Perinchery

**HC- Senior**
First - Sanit A. Ambookkan - St. Xavier's C.U.P.School, Pudukkad.
Second - Anna Christina - Mount Carmel Church, Kiraloor

**Junior C. L. C.**
First - Lena O.B - Mount Carmel Church, Kiraloor
Second - Jesna Baiju - St. Joseph's Church, Ponnukara
Third - Shifa Poly - St. Joseph's Shrine, Veluppadam

**Altar Boys**
First - Savio Biju - Sacred Heart Shrine, Perinchery

**തിരുബാലസംഖ്യം**

ലോകതിരുബാലസംഖ്യ ദിനം: ഫെബ്രുവരി 11–ാം തിയതി ലോക തിരുബാലസംഖ്യ ദിനമായി ആചരിക്കുന്നു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും പതാകയുയർത്തിയും പ്രതിഷ്ഠാ ജപം ചൊല്ലിയും ആചരിക്കേണ്ടതാണ്. പുതിയ അംഗങ്ങളെ അന്നേദിവസം ചേർക്കാവുന്നതാണ്.

**സെയിന്റ്സ് ക്വിസ്സ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി, ജൂനിയർ സി എൽ സി യുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി അതിരൂപതാതല മത്സരം 2018 ജനുവരി 13–ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. ഫൊറോന തല സെയിന്റ്സ് ക്വിസ്സ് മത്സരത്തിൽ ഒന്നാം സമ്മാനം കിട്ടിയവരാണ് ഈ മത്സരത്തിന് യോഗ്യരായവർ. സബ് ജൂനിയർ (5–7ക്ലാസ്സ്), ജൂനിയർ (8–10 ക്ലാസ്സ്), സീനിയർ (11, 12, ACC ക്ലാസ്സ്) എന്നീ മൂന്നു തലത്തിലാണ് മത്സരങ്ങൾ നടക്കുക. ഓഡിയോ, വിഷ്വൽ, എഴുത്ത് എന്നീ രീതികളിലായി രിക്കും മത്സരങ്ങൾ ഉണ്ടായിരി ക്കുക. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസു മായി ബന്ധപ്പെടുക.

**അതിരൂപതാ സമ്മാനദാനം**

അതിരൂപതാ കലാമത്സരങ്ങളുടെ സമ്മാനദാനവും, തിരുബാല

സംഖ്യദിനവും **2018 ജനുവരി 27 ശനിയാഴ്ച ഡി. ബി. സി. എൽ. സിയിൽ വച്ച് നടത്തുന്നു.** രാവിലെ 9.30 ന് തിരുബാല സംഖ്യത്തിന്റെ സമ്മാനദാനം, അതിന് ശേഷം അൾത്താര സംഘം, ജൂനിയർ സി.എൽ.സി എന്നീ സംഘടനകളുടെയും, എല്ലാ ഇനങ്ങളിലും A Grade കിട്ടിയ കുട്ടികൾക്കും സമ്മാനദാനം ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം തന്നെ സെയിന്റ്സ് കിസ്സിന് അതിരൂപതയിൽ സമ്മാനാർഹരായവർക്കും, സാഹിത്യ മത്സരങ്ങൾ, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രൻണ്ട് കളഷൻ, ജീസസ് ബെർത്ത് ഡേ കളഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും, കഴിഞ്ഞവർഷത്തെ ഭാരവാഹികൾക്കുള്ള സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്. അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അവരവർ തന്നെ ഉച്ചഭക്ഷണം കരുതേണ്ടതാണ്. അതിരൂപതാ കലാമത്സരങ്ങളുടെ ഫലം ബ്ലോഗിൽ (http://childrensministrytrichur.blogspot.in/) ലഭ്യമാണ്.

**ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം:**
ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി 2018 മാർച്ച് 10 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ 0487 2325336, 9947582522)

**തിരുവചനപഠനം** : ഹൃദയ പരമാർത്ഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്; ആകയാൽ എന്റെ അന്തരംഗത്തിൽ ജ്ഞാനം പകരണമേ! (സങ്കീ. 51. 6)

**പരിചയപ്പെടുന്ന വിശുദ്ധ** –വി. അന്ത്രയോസ് ശ്ലീഹ (നവംബർ 30)

**സുകൃതജപം**– ഈശോയെ ഞങ്ങളോട് കരുണതോന്നേണമേ.

**പ്രാർത്ഥനാ നിയോഗം** – ഈശോയുടെ ഇഷ്ടം നിറവേറ്റുന്നവരാകുക.

**പ്രവർത്തിക്കാൻ**: സത്യസന്ധതയുള്ളവരായിരിക്കുക!

**സി. റെജി എസ്. എസ്. പി. സി**
**കോഡിനേറ്റർ**
**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
**ഡയറക്ടർ**



# ജീസസ്സ് യൂത്ത്

**മരിച്ചവരുടെ അനുസ്മരണ ദിനാചരണം**

ജീസസ്സ് യൂത്ത് കൂട്ടായ്മയിൽ നിന്നും ഇന്നേവരെ മൺമറഞ്ഞുപോയ ആത്മാക്കൾക്കു വേണ്ടി നവംബർ 11 ന് രാത്രി 7 മണിക്ക് വി.എവുപ്രാസ്യ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് അനുസ്മരണബലി അർപ്പിച്ചു. ഏകദേശം 100 ഓളം പേർ പങ്കെടുത്ത ദിവ്യബലിക്ക് ജീസസ്സ് യൂത്ത് മുൻ ആനിമേറ്റർ ഫാ.ഫ്രാൻസീസ് വാഴപ്പിള്ളിയാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. കോ– ഓർഡിനേറ്റർ ജോസഫ് കെ.ജെ, കൗൺസിൽ മെമ്പർ ഫ്രിന്റോ തോമസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. തൃശ്ശൂർ ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ സന്ദേശം നൽകി. ജീസസ്സ് യൂത്ത് എൽഡേഴ്സ് പലരും തങ്ങളിൽ നിന്നും മൺമറഞ്ഞുപോയവരുടെ നല്ല ഓർമ്മകൾ പങ്കുവെച്ചു. തുടർന്ന് സ്നേഹവിരുന്നിന് ശേഷം തൃശ്ശൂർ ജീസസ്സ് യൂത്ത് കൗൺസിൽ അസി.കോ–ഓർഡിനേറ്റർ ജോയൽ നന്ദി പറഞ്ഞു.

**ജീസസ്സ് യൂത്ത് ഫാമിലി ഗാദറിംഗ് ഡിസംബർ 3 ന് നടന്നു.**

ജീസസ്സ് യൂത്ത് തൃശ്ശൂർ സോണിന്റെ 26–ാമത് ഫാമിലി ഗാദറിംഗ് ഡിസംബർ 8–ാം തിയ്യതി കുരിയച്ചിറ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് നടന്നു. അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സംഗമം ഉദ്ഘാടനം ചെയ്തു. വെല്ലുവിളികളുടെയും സഹനത്തിന്റെയും ഇടയിൽ വിശ്വാസത്തിൽ വളർന്നുവരുന്ന ജീസസ്സ്യൂത്തിനെ പിതാവ് അഭിനന്ദിച്ചു. വിശ്വാസത്തെ പകർന്നുകൊടുക്കേണ്ടത് ഓരോ ജീസസ്സ്യൂത്തിന്റെയും കടമായണെന്നും ഈ കുടുംബസംഗമം നമ്മുടെ വിശ്വാസത്തെ പരിശോധിക്കാൻ സഹായിക്കും എന്നും പിതാവ് പറഞ്ഞു. ജീസസ്സ് യൂത്തിന്റെ 16 സബ്സോണുകളിലും 9 മിനിസ്ട്രികളിലും പ്രവർത്തിക്കുന്ന അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമായി 1300–ഓളം പേർ സംഗമത്തിനെത്തിയിരുന്നു.

ശാലോം വേൾഡ് ചാനലിന്റെ ജനറൽ മാനേജർ ഷെജിൻ സ്തുതി ആരാധനയ്ക്ക് നേതൃത്വം നൽകി. കെ.എസ്.ടി വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ ക്ലാസിന് നേതൃത്വം നല്കി. സംഗീത സംവിധായകനും റെക്സ് ബാന്റ് അംഗവും ആയ അൽഫോൺസ് ജോസഫ് ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന സംഗീത വിരുന്ന് ജീസസ്സ് യൂത്ത് ടാലന്റ് മിനിസ്ട്രി നേതൃത്വത്തിൽ നടന്നു. തൃശ്ശൂർ ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ.ബിനോയ് ചിറ്റിലപ്പിള്ളി, തൃശ്ശൂർ ജീസസ്സ് യൂത്ത് കോ–ഓർഡിനേറ്റർ ജോസഫ് കെ.ജെ, കുടുംബസംഗമം കോ–ഓർഡിനേറ്റർ ലോജോ, പ്രോഗ്രാം കോ–ഓർഡിനേറ്റർ ബിൻസ് എന്നിവർ സംഗമത്തിൽ സംസാരിച്ചു.

**ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ.ബിനോയ് ചിറ്റിലപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

**KCSL സംസ്ഥാനകലോത്സവം – 103–ാം വാർഷികം.**

KCSL സംസ്ഥാന കലോത്സവവും – 103–ാം വാർഷികവും ജനുവരി 12,13 തിയ്യതികളിൽ കൊല്ലം ട്രിനിറ്റി ലെസിയം സ്ക്കൂളിൽ വെച്ച് നടക്കുന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് കലോത്സവത്തിനും വാർഷിക സമ്മേളനത്തിനുമായി പോകുവാൻ പേർ നൽകിയിട്ടുള്ളവർ ജനുവരി 12 ന് വെള്ളിയാഴ്ച്ച 12.15 pm ന് സെന്റ് തോമസ് തോപ്പ് സ്ക്കൂളിനുമുന്നിൽ ഭക്ഷണം കഴിച്ചതിനുശേഷം എത്തിച്ചേരണം. വിശദവിവരങ്ങൾക്ക് പ്രസിഡന്റുമായി ബന്ധപ്പെടുക.

* **KCSL അതിരൂപതാവാർഷികം ബൊക്കെ മെഗാക്വിസ് ചാരിറ്റി കിറ്റ് വിതരണം**

അതിരൂപത വാർഷികം ജനുവരി 19 വെള്ളിയാഴ്ച്ച ഉച്ചക്ക് 1.30 ന് അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടക്കുന്നു. ഈ വർഷത്തെ ചാരിറ്റി കിറ്റ് വിതരണവും അന്നു തന്നെയാണ്. മെമ്പർഷിപ്പിനെ അടിസ്ഥാനമാക്കിയാണ് ചാരിറ്റി കിറ്റിന്റെ എണ്ണം തീരുമാനിക്കുന്നത്. അന്ന് കാലത്ത് 9.30 നായിരിക്കും ബൊക്കെ മെഗാക്വിസ് (വിശദവിവരങ്ങൾക്ക് ബ്ലോഗ് നോക്കുക).

* **ശ്രീ. ഷാജു തോമസ് KCSL സംസ്ഥാന എക്സ്ക്യൂട്ടിവ് മെമ്പർ**

തൃശ്ശൂർ അതിരൂപത ഭരണസമിതി അംഗമായ ഷാജു തോമസ് മാസ്റ്ററെ മൂന്ന് വർഷത്തേക്ക് സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പറായി തിരഞ്ഞെടുത്തു. അതിരൂപതയുടെ ആശംസകളും പ്രാർത്ഥനകളും

* **സംസ്ഥാനകലോത്സവ മാന്വലിൽ മാറ്റം**

KCSL കലോത്സവത്തിൽ പ്രസംഗ മത്സരം HS & HSS വിഭാഗങ്ങൾക്ക് മത്സര വിഷയം നേരത്തെ നൽകുന്ന രീതി മാറ്റി. മത്സര വിഷയം തൽസമയം നൽകുന്ന രീതി സംസ്ഥാന ഭരണ സമിതി അംഗീകരിച്ചു . UP വിഭാഗം മത്സരാർത്ഥികൾക്ക് മുൻവർഷങ്ങളിലേതുപോലെതന്നെ.

* **സംസ്ഥാന സാഹിത്യോത്സവ വിജയികൾ**

KCSL സംസ്ഥാന സാഹിത്യോത്സവ മത്സരഫലം പ്രസിദ്ധീകരിച്ചു. തൃശ്ശൂർ അതിരൂപതയിലെ മത്സരാർത്ഥികൾ അഭിനന്ദനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കി. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ

1. **JOHN NIDHIRI Scholarship HSS Third Prize**
   Aimy James. T (769) Amanda James. V SHCGHSS, Thrissur
2. **Fr. Onore Scholarship H.S. First Prize**
   Navya. N. Thomas (382) Aleena . K.V. HFCGHS Chembukkave, Thrissur
3. **Bible Knowledge quiz HSS First Prize**
   Annlita Biju P. & Helena Henry (736) SHC GHH, Thrissur
4. **Bible Knowledge quiz HSS First Prize**
   Disna Maria Jose & Litty Devassy (738) C.J.M.A.HS, Thrissur
5. **Story Writing HSS Second Prize**
   Milda U.D. (833) SHCG HSS, Thrissur
6. **Poetry Writing HS Second Prize**
   Amal C.S. (417) Deepthi, HS, Thalore, Thrissur

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



## കത്തോലിക്ക കോൺഗ്രസ്

### കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സംഗമവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും.

2017 ഡിസംബർ 9–ാം തിയ്യതി ശനിയാഴ്ച കാക്കനാട് സെന്റ് തോമസ് മൗണ്ട് ഓഡിറ്റോറിയത്തിൽവച്ച് കത്തോലിക്ക കോൺഗ്രസ്സിന്റെ ഗ്ലോബൽ സംഗമവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടന്നു. അഭിവന്ദ്യ മാർ ഫ്രാൻസിസ് കല്ലറയ്ക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചിനാനിയിൽ പുതിയ ഭാര വാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. സംഘടനയുടെ ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവിയുടെയും പുതിയ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെയും നേതൃത്വത്തിൽ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. തൃശ്ശൂർ അതിരൂപത വർക്കിങ്ങ് കമ്മിറ്റി അംഗം അഡ്വ. ബിജു കുണ്ടുകുളം ആ സമ്മേളനത്തിൽവച്ച് സെക്രട്ടറിയായി ചുമതലയേറ്റെടുത്തു. കത്തോലിക്ക കോൺഗ്രസ്സ് ഭാര വാഹികളായ ജോഷി വടക്കൻ, പ്രൊഫ. എലിസബത്ത് മാത്യു, ജോൺസൻ ജോർജ്ജ്, ലീല വർഗ്ഗീസ് ടീച്ചർ, തൊമ്മി പിടിയത്ത് എന്നി വരും നിരവധി വർക്കിങ്ങ് കമ്മിറ്റി അംഗങ്ങളും യൂണിറ്റ് ഭാരവാഹികളും സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**പ്രൊഫ. കെ. എം ഫ്രാൻസിസ്**
പ്രസിഡന്റ്

**ഡേവിസ് പുത്തൂർ**
ജന. സെക്രട്ടറി




# അതിരൂപത ഗായകസംഘം

**ആൻജലിക് കാരൾ**

മൂന്നൂറിലധികം കരോൾ ഗായകർ ഒത്തുചേർന്ന് മാലാഖഗീതം പാടിയപ്പോൾ അത് സ്വർഗ്ഗീയരാവായി. വരുന്ന ക്രിസ്തുമസ്സിനെ എതിരേല്ക്കാൻ സമാധാനഗീതം പാടികൊണ്ട് തൃശ്ശൂർ അതിരൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നുള്ള ഗായകസംഘങ്ങൾ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ഒന്നിച്ചുകൂടി. തൃശ്ശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ആൻജലിക് കരോൾ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ഗായകസംഘം ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ, കത്തീഡ്രൽ വികാരി പെ. ബഹു. ഫാ. വർഗ്ഗീസ് കൂത്തൂർ, അസി. ഡയറക്ടർ ഫാ. ജെയ്സൻ വടക്കേത്തല എന്നിവർ പ്രസംഗിച്ചു. കരോൾ ഗാനമത്സരത്തിൽ യഥാക്രമം കൊട്ടേക്കാട്, ഒല്ലൂർ, പാലയൂർ ഫൊറോനകൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സമ്മാനദാനം നിർവ്വഹിച്ചു. ഗായകസംഘം ഭാരവാഹികളായ ശ്രീ. ടോമി പന്ത്രണ്ടിൽ, വർഗ്ഗീസ് ആന്റണി, ജോസ് പറപ്പൂർ, ജോയ് ആലുക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

**ഫാ. ജെയ്സൻ വടക്കേത്തല**
അസി. ഡയറക്ടർ



## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സെൻട്രൽ കൗൺസിൽ വാർത്തകൾ

1. റവ. ഫാ. ജോൺ കൊള്ളന്നൂരിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും, മാർ, ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെയും ജന്മദിനത്തിൽ അവരെ സന്ദർശിച്ച് പാരിതോഷികങ്ങൾ നൽകി ആശംസകളർപ്പിച്ചു. ഷംഷാബാദ് രൂപതയിലെ പ്രഥമ മെത്രാൻ മാർ. റാഫേൽ തട്ടിൽ പിതാവിനേയും സന്ദർശിച്ച് പാരിതോഷികങ്ങൾ നൽകി ആശംസകളർപ്പിച്ചു.
3. സുവർണ്ണജൂബിലി ആഘോഷിക്കുന്ന പാലയൂർ ഏരിയാ കൗൺസിലിന് സെൻട്രൽ കൗൺസിലിന്റെ ആശംസകൾ നേരുന്നു.
4. പാലയൂർ. എ.സി.യിലെ ഒരുമനയൂർ ദൈവാലയത്തിൽ വനിതാ കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
5. 27–12–2017 ന് നടക്കുന്ന ബോൺനത്താലെ പരിപാടികളിൽ പങ്കെടുക്കുകയും ഇതിനോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്നും പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു അംഗങ്ങളോട് ആഹ്വാന ചെയ്തു.
6. 2018 ഫെബ്രുവരി 25–ാം തീയതി ഞായറഴ്ച കുരിയച്ചിറ സെന്റ്. ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് അതിരൂപത തലത്തിൽ പ്രാർത്ഥന ഉപവാസ ദിനം ആചരിക്കുന്നു. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കേണ്ടതാണ്.
7. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി ക്രിസ്തുമസ്സ് നവവത്സരാശംസകൾ നേർന്നു.

| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **കെ. എ. ഷിബു.** | **കെ. കെ. പോൾസൺ** |
| --- | --- | --- |
| സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സി.സി. സെക്രട്ടറി |

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രതിമാസ മീറ്റിംഗ് 10.12.2017 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് വടക്കാഞ്ചേരി A R C യിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. 2017 ൽ ചെയ്ത കാര്യങ്ങളിലെ കുറവുകളും പോരായ്മകളെ കുറിച്ചും അതുപോലെ 2018 ൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും യോഗം വിശദമായി ചർച്ച ചെയ്തു. യോഗത്തിൽ ഫാ. ഷാന്റോ ഞർളേലി, ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതകുളത്ത്, പി. ഐ. സൈമൺ, വി. എൽ. സൈമൺ, സെലീന ജോൺ, ജോസ് പീറ്റർ എന്നിവർ പങ്കെടുത്തു.

2018 ജനുവരിയിൽ നേതൃത്വ സംഗമവും പ്രവർത്തന കലണ്ടറിന്റെ പ്രകാശനവും കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തുവാൻ തീമാനിച്ചു. അന്നേ ദിവസം അതിരൂപതതലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഒന്നും രണ്ടും യൂണിറ്റിനേയും റീജിയൺ തലത്തിൽ നന്നായി പ്രവർത്തിച്ച ഒന്നും രണ്ടും യൂണിറ്റിനേയും മെമെന്റോ നല്കി ആദരിക്കുവാൻ തീരുമാനിച്ചു.

യൂണിറ്റ് തല ഇലക്ഷൻ 2018 മാർച്ച് 31 ന് മുമ്പു നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ യോഗം ബന്ധപ്പെട്ടവരോട് നിർദ്ദേശിച്ചു. എല്ലാവർക്കും ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും പ്രാർത്ഥന മംഗളങ്ങൾ നേരുന്നു.

ഡയറക്ടർ
**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap.**

പ്രസിഡന്റ്
**സണ്ണി വടക്കൻ**

സെക്രട്ടറി
**പി.ഐ. സൈമൺ**



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പരിശീലന പരിപാടികൾ**

സബ് സോൺ –മിനിസ്ട്രി സർവ്വീസ് ടീമുകൾക്കു വേണ്ടിയുള്ള പരിശീലന പരിപാടി നവംബർ 24,25 തീയതികളിലും ഡിസംബർ 8,9 തീയതികളിലുമായി ആബാ റിന്യൂവൽ സെന്ററിൽ നടത്തി. സബ്സോൺ– മിനിസ്ട്രി സർവ്വീസ് ടീം അംഗങ്ങളായ 150 ഓളം പേർ പരിശീലനത്തിൽ പങ്കെടുത്തു.

ആത്മീയ മാർഗ നിർദ്ദേശകർക്കുവേണ്ടിയുള്ള പരിശീലനം നവംബർ 12,13,14 തീയതികളിലും നവംബർ 24,25,26 തീയതികളിലും രണ്ടു ബാച്ചുകളിലായി നടന്നു. 120 ഓളം പേർ പങ്കെടുത്ത പരിശീലന പരിപാടിയിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ക്ലാസ്സെടുത്തു.

വചന പ്രഘോഷകർക്കുവേണ്ടിയുള്ള പരിശീലന പരിപാടി ഡിസംബർ 10 മുതൽ 12 വരെയും ഡിസംബർ 14 മുതൽ 16 വരെയും ആബാ റിന്യൂവൽ സെന്ററിൽ നടന്നു.

**സോണൽ ഉപദേശക സമിതി കൂട്ടായ്മ**

ഡിസംബർ 2 ന് രാവിലെ 9 മുതൽ വൈകീട്ട് 5 മണിവരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെ കേരള സർവീസ് ടീമിന്റെ അംഗങ്ങൾ നേതൃത്വം നൽകി. ഫാ. ജോസ് അഞ്ചാനിക്കൽ, സി.സി. ആലിസുകുട്ടി, എം.എ ജോപ്പൻ, ഡോ.തോമാസ് ആലപ്പുഴ തുടങ്ങിയവർ നേതൃത്വം നൽകി. 175 ഓളം പേർ പങ്കെടുത്ത പരിപാടിയിൽ ഫാ.സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിച്ചു. പുതിയ സോണൽ സർവീസ് ടീമിനെ കൂട്ടായ്മയിൽ നിന്നും തിരഞ്ഞെടുത്തു.

സാബു എം.വർഗീസ്, എം.എ ബാബു, റോയ് ടി.ഒ, ജോൺസൺ വെളപ്പായ, ബൈജു തിരൂർ, വിജു സി.ടി, ബേബി റോയ്, റീന റാഫേൽ, ജയ് ജോയ് എന്നിവരാണ് പുതിയ സർവീസ് ടീമംഗങ്ങൾ

**ഫാ. സജീവ് ഇമ്മട്ടി**

ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




**മദ്യപ്രളയത്തിനെതിരെ പ്രബോധന പ്രയാണങ്ങൾ :**
ഇടതുസർക്കാരിന്റെ മദ്യനയം ദൈവത്തിന്റെ സ്വന്തനാടിനെ മദ്യപ്രളയക്കെടുതിയിലാഴ്ത്തിയ സാഹചര്യത്തിൽ ജനങ്ങളിൽ മദ്യവിരുദ്ധ വികാരങ്ങൾ വളർത്തിയെടുക്കുന്നതിന് മദ്യവിരുദ്ധസമിതി രണ്ടുപ്രയാണങ്ങൾക്ക് തൃശ്ശൂരിൽ നേതൃത്വം നൽകി. സംസ്ഥാന മദ്യവിരുദ്ധസമിതിയുടെ വിമോചനയാത്ര നവംബർ 28ന് തൃശ്ശൂർ ജില്ലയിൽ വിവിധ സ്കൂളുകൾ സന്ദർശിച്ചു. മദ്യ–മയക്കുമരുന്ന് വിപത്തുകൾക്കെതിരെ വിദ്യാർത്ഥികളെ ജാഗരൂകരാക്കി. കോർപ്പറേഷന്റെ മുന്നിൽ അരങ്ങേറിയ സന്ധ്യാ സമാപനസമ്മേളനം മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസാദ് കുരുവിള, ജോസ് ചെമ്പിശ്ശേരി, ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, റപ്പായി മേച്ചേരി തുടങ്ങിയവർ പ്രസംഗിച്ചു.
ഡിസംബർ 2, 3 തീയതികളിൽ വി. ഫ്രാൻസിസ് സേവ്യറുടെ നാമധേയത്തിലുള്ള പള്ളികളിലേക്ക് അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ തിരുപ്രയാണം നടത്തി. ചേറൂർ, വടക്കാഞ്ചേരി, ആറ്റത്ര, വേലൂർ, തലക്കോട്ടുകര, ഇയ്യാൽ, തലക്കോട്ടുകര, വെള്ളറക്കാട്, കൂനംമൂച്ചി, അഞ്ഞൂർ, വാടാനപ്പിള്ളി, ചെവ്വൂർ, പട്ടിക്കാട് എന്നീ പള്ളികളാണ് സന്ദർശിച്ചത്. വി. ഫ്രാൻസിസ് സേവ്യറുടെ മദ്യവിരുദ്ധ നിലപാടുകളും പ്രവർത്തനങ്ങളും വ്യക്തമാക്കുകയായിരുന്നു പ്രഖ്യാപിതലക്ഷ്യം.

**2. യുവജനസമ്മേളനങ്ങൾ :**
അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ഇരവിമംഗലം, ചേറൂർ, വലപ്പാട്, കോടന്നൂർ എന്നീ ഇടവകകളിൽ മദ്യവിരുദ്ധ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയാണ്. ശ്രീ. സേവ്യർ പള്ളിപ്പാട്ടാണ് ക്ലാസ്സ് നയിക്കുക.

**3. സ്മരണികാ പ്രകാശനം :**
സമിതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇത് ഇരുപതാം വർഷമാണല്ലോ. വിംശതി വിശേഷങ്ങൾ അടയാളപ്പെടുത്തുന്നതിന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു. രചനകളും പരസ്യങ്ങളും നൽകികൊണ്ട് കൂടുതൽ പ്രോത്സാഹിപ്പിക്കണം. സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ. ഒ.




# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 678–ാം മതും, തൃശൂർ കൂരിയായുടെ 729–ാം മതും സമ്മേളനം 2017 ഡിസംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ.പി.ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ.ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽവെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടുംകൂടി ആരംഭിച്ചു. നിയമഗ്രന്ഥത്തിൽ നിന്ന് 308 മുതൽ 309 വരെ ഭാഗം ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തി.

ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചിലവ് കണക്ക് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. വൈ. പ്രസിഡണ്ട് സി. എൽസി ജോണി ഹാജർ വിളിച്ചതിന് ശേഷം ബ്ര. പ്രസിഡണ്ട് എല്ലാ സൈനികരേയും സ്വാഗതമാശംസിച്ചു.

സൈനീക ജപശൃംഗലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. മംഗള വാർത്ത കാലത്തിലേക്ക് സഭ നമ്മെ ഒരുക്കുക – സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സദ്വാർത്ത യേശുവിന്റെ ജനനത്തോടെ നമ്മെ ഓരോരുത്തരേയും അറിയിക്കുകയാണ്. യേശുവിന്റെ ജനനം നാം ഓരോരുത്തരുടേയും ജീവിതവിശുദ്ധിക്ക് കാരണമാകട്ടെ എന്ന് ആശംസിക്കുകയും, ക്രിസ്മസ് മംഗളം എല്ലാ മരിയ സൈനികർക്കും നേരുകയും ചെയ്തുകൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

ഡിസംബർ 10ന് കമ്മീസിയത്തിന്റെ 57–ാമത് വാർഷിക റീ യൂണിയൻ ആഘോഷിക്കുകയാണ്. അന്നേ ദിവസം കലാമത്സരങ്ങളിൽ പങ്കെടുത്ത വിജയികൾക്ക് സമ്മാന വിതരണം ചെയ്യുന്നതാണ്.

ഓരോ കൂരിയായിലേയും ഏറ്റവും നല്ല പ്രസീദിയമായി തെരഞ്ഞെടുക്കപ്പെട്ടത്– ഒല്ലൂർ കൂരിയായിൽ–പടവരാട്, പുതുക്കാട്–തൊറവ്, പറവട്ടാനി–നടത്തറ, പാവറട്ടി–പാവറട്ടി, കുരിയച്ചിറ–കുരിയച്ചിറ, മരത്താക്കര–നെല്ലിച്ചോട്, ഏനാമാവ്–മുല്ലശ്ശേരി,

പള്ളിക്കുന്ന് – പള്ളിക്കുന്ന്, കണ്ടശ്ശാംകടവ്–എറവ്, പടിഞ്ഞാറെകോട്ട – ഒളരിക്കര, ലൂർദ്–വിജയപുരം എന്നീ ഇടവകകളിലെ പ്രസീദിയങ്ങളായ ഈ ഇടവകയ്ക്കുള്ള ട്രോഫികൾ അന്നേ ദിവസം വിതരണം ചെയ്യുന്നതാണ്.

ക്രിസ്മസ് കേക്ക് മുറിക്കൽ, 2018 ലെ ഷീറ്റ് കലണ്ടർ പ്രകാശനം എന്നിവയും നടത്തപ്പെടും. കമ്മീസിയം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന വാർഷിക റീ യൂണിയൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നതും, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.സി.മാഗി ജോസ് ക്രിസ്മസ് സന്ദേശവും, അതിരൂപത ക്തസംഘടന ഏകോപനസമിതി സെക്രട്ടറി ശ്രീ. എ.എ.ആന്റണി ആശംസകൾ നേരുന്നതുമാണെന്ന് അറിയിച്ചു.

പുത്തൂർ ഇടവകയിൽ പുതിയ പ്രസീദിയം ആരംഭിച്ചതായി ബ്ര. പ്രസിഡണ്ട് അറിയിച്ചു. അവസാന പ്രാർത്ഥനയ്ക്കും, ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

**57–ാം വാർഷിക റീ യൂണിയൻ**

തൃശൂർ കമ്മീസിയത്തിന്റെ 57–ാം വാർഷിക റീ യൂണിയൻ 2017 ഡിസംബർ 10ന് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. കമ്മീസിയം പ്രസിഡണ്ട് ബ്ര.കെ.പി.ജോയ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം മാർ ടോണി നീലങ്കാവിൽ പിതാവ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ക്രിസ്മസ് കേക്ക് മുറിച്ച് മധുരം ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലനച്ചന് നൽകി വിതരണം ചെയ്തു. ലീജിയൻ പ്രചരണമെന്നോണം 2018 ലെ ഷീറ്റ് കലണ്ടറിന്റെ ഒരു കോപ്പി പ്രസിഡണ്ടിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.

കലാമത്സര വിജയികൾക്കും, ഓരോ കൂരിയായിലെ ഏറ്റവും നല്ല പ്രസീദിയങ്ങൾക്കും അഭിവന്ദ്യപിതാവ് ട്രോഫികൾ വിതരണം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവുമായ റവ.ഡോ. സി. മാഗി ജോസ് ക്രിസ്മസ് സന്ദേശം നൽകി. മരിയ സൈനീകരുടെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കമ്മീസിയം സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ആദ്ധ്യാത്മിക നിയന്താവ് സ്വാഗതവും, ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദിയും പറഞ്ഞു. ചായ സത്ക്കാരത്തിനുശേഷം സമാപന ആശിർവാദത്തോടെ സമ്മേളനം 5 മണിക്ക് സമാപിച്ചു.

**ഏവർക്കും പുതുവത്സരാശംസകൾ....**

ദിവ്യനാഥയുടെ സേവനത്തിൽ,



# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

**വെളിച്ചമാകാൻ, വെളിച്ചമേകാൻ ഇതാ ഒരു പുതുവർഷം. ഏവർക്കും സി.എൻ.ജി.യുടെ പുതുവത്സരാശംസകൾ**

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ജനറൽബോഡി മീറ്റിംഗ് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിൽ വച്ച് സെപ്റ്റംബർ 28ന് വൈകിട്ട് നടന്നു. സി. എൻ.ജി.ഐ പ്രസിഡന്റ് റവ. സി. ദെപ്പാസി സി.എസ്.സി. സ്വാഗതം ആശംസിച്ച മീറ്റിംഗിൽ റവ.ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷപ്രസംഗം നടത്തി.സി.എൻ.ജി.ഐയുടെ പ്രവർത്തനങ്ങളെ കൂടുതൽ ഉണർവ്വുള്ളതാക്കണമെന്ന് ഫാ.സിജോ ഓർമ്മിപ്പിച്ചു. സെക്രട്ടറി സി. റൊസീന എഫ്.സി.സി. റിപ്പോർട്ട് അവതരിപ്പിച്ചു.2017 നവംബർ 26ാം തിയ്യതി ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽവച്ച് ഏകദിന സെമിനാറായ നൈറ്റിംഗേൽ മീറ്റ് നടത്താൻ തീരുമാനം എടുത്തു. തുടർന്ന് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ സ്ഥാപനാധികാരികളുടെ ഒരു മീറ്റിംഗ് സംഘടിപ്പിക്കാൻ തീരുമാനം ഉണ്ടായി. വൈകിട്ട് 4 മണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

ഒക്ടോബർ 4ന് തൃശ്ശൂർ ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ ഹോസ്പിറ്റൽ ഡയറക്ടേഴ്സ്, അഡ്മിനിസ്ട്രേറ്റർ, മേട്രൻ, പ്രിൻസിപ്പൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സി.എൻ.ജി.ഐ. പ്രസിഡന്റ് റവ.സി.ദെപ്പാസി സി.എസ്.സി. എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ഡയറക്ടർ റവ.ഫാ. സിജോ അരിക്കാട്ട് മീറ്റിംഗിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് നടന്ന അദ്ധ്യക്ഷപ്രസംഗത്തിൽ യേശുവിന്റെ സുഖപ്പെടുത്തുന്ന ശുശ്രൂഷയാണ് ആതുരശുശ്രൂഷയെന്നും അതിനാൽ നമ്മുടെ പ്രവർത്തന ശൈലിയെ കൂടുതൽ ആത്മീയപ്രചോദനങ്ങളാൽ

ഉണർവ്വുള്ളതാക്കുകയും സി.എൻ.ജി.ഐ.യിൽ പ്രവർത്തിക്കുന്നതിൽ അഭിമാനിക്കണമെന്ന് പറയുകയും പുതിയ നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും പിതാവ് നൽകുകയും ചെയ്തു.
പിന്നീട് നടന്ന തുറന്ന ചർച്ചയിലും ഈ വിഷയങ്ങൾ ചർച്ചാവിഷയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ചായ സൽക്കാരത്തോടെ വൈകിട്ട് 4 മണിക്ക് യോഗം പ്രാർത്ഥനയോടെ സമാപിച്ചു.

## ഏകദിന സെമിനാർ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ചൂണ്ടൽ സെന്റ് ജോസഫ് ആശുപത്രിയിൽ ആതുര ശുശ്രൂഷാരംഗത്ത് ജോലി ചെയ്യുന്ന നേഴ്സസിനു വേണ്ടി ഏകദിനസെമിനാറും, പൊതുയോഗവും 2017 നവംബർ 26 ന് തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കർത്താവിന്റെ കരുണയുടെ കരമാകാൻ ഇന്നത്തെ കാലഘട്ടത്തിൽ നേഴ്സുമാർക്ക് കഴിയണം. ദൈവത്തിന്റെ സൗഖ്യസ്പർശനവും, ആശ്വാസവും സാന്ത്വനവും നൽകുന്നവരാകാൻ വിളിക്കപ്പെട്ടവരാണ് ആതുര ശുശ്രൂഷകരായ നേഴ്സുമാർ. രോഗിയുടെ വേദനയിലും പ്രത്യാശ പകരുന്ന സേവനം നേഴ്സുമാരിൽ നിന്ന് ഉണ്ടാകണം എന്ന് പിതാവ് ഓർമ്മപ്പെടുത്തി. 300 ഓളം നേഴ്സുമാർ സെമിനാറിൽ പങ്കെടുത്തു. രാവിലെ അമല മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കുരിശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലിയും തുടർന്ന് മരണസംസ്ക്കാരത്തിനെതിരെ ജീവന്റെ കാവൽക്കാരാവുക എന്ന വിഷയത്തെ കുറിച്ചുള്ള സെമിനാർ ഡോ. ടോണി ജോസഫ് നയിച്ചു. വിവിധ ആശുപത്രികളിൽ നിന്നുള്ള കലാപരിപാടികളും സ്നേഹ വിരുന്നും നടന്നു. ആതുരശുശ്രൂഷാരംഗത്ത് 50 വർഷം പിന്നിട്ട റവ. മദർ റൊസീല CMC, മദർ.റോജലസ് CMC, മദർ ജോസ് മേരി CMC എന്നിവരെ പൊന്നാട അണിയിച്ച് പിതാവ് ആദരിച്ചു. ഈ വർഷത്തെ പഠന സഹായ സ്കോളർഷിപ്പ് ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ ഷാനി. പി.വി.യ്ക്ക് പിതാവ് നൽകി. സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട്, പ്രസിഡന്റ് സി. ദെപ്പാസി CMC, സി.ലിസറ്റ് CMC, സി. റൊസീന F.C.C, സി.മെറിൻ C.H.F ശ്രീമതി. ലിജി ഡേവിസ് എന്നിവർ നേതൃത്വം വഹിച്ചു.

| | |
|---|---|
| ഡയറക്ടർ | സെക്രട്ടറി |
| **ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന F.C.C** |





2017 നവംബർ 5 ന് കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട
പറപ്പൂർ വി.ജോൺ നെപുംസ്യാൻ ഫൊറോന ഇടവക ദൈവാലയവും അൾത്താരയും

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 25.12.2017
**January- 2018**



2018 ജനുവരി 7നു ഷംഷാബാദ് രൂപതയുടെ
മെത്രാനായി ഉയർത്തപ്പെടുന്ന മാർ റാഫേൽ തട്ടിൽ പിതാവിനു
2017 ഡിസംബർ 13നു
തൃശ്ശൂർ അതിരൂപത കുടുംബം നല്കിയ യാത്രയയ്പ്പ്

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005 (*Cover* : smritidesign.com)